"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - ചലച്ചിത്ര മേഖലയിലെ എല്ലാ വിഭാഗങ്ങളിലേയും വ്യക്തികളുമായി ചർച്ച ചെയ്തതിന്റെയും സിനിമാ കോൺക്ലേവിൽ പങ്കുവെച്ച ആശയങ്ങളും പൊതുജനങ്ങളിൽ നിന്നും സ്വരൂപിച്ച അഭിപ്രായങ്ങളും കണക്കിലെടുത്ത് തയ്യാറാക്കിയ കേരള സംസ്ഥാന ചലച്ചിത്ര നയം അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**സാംസ്കാരികകാര്യ(ബി) വകുപ്പ്**

സ.ഉ.(കൈ) നം.5/2026/CLAD തീയതി,തിരുവനന്തപുരം, 14-03-2026

---

പരാമർശം:-
1. സ.ഉ.(സാധാ.)നം.357/2023/സാം.കാ.വ തീയതി: 15.07.2023
2. സ.ഉ.(സാധാ) നം. 567/2024/സാം.കാ.വ തീയതി: 30.09.2024
3. സ.ഉ.(സാധാ) നം. 41/2025/സാം.കാ.വ തീയതി: 24.01.2025.
4. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സെക്രട്ടറിയുടെ 31.01.2026 ലെ കെ.എസ്.സി.എ.ജി/1402/2023 നം. കത്ത്.

**ഉത്തരവ്**

സംസ്ഥാന സർക്കാരിന്റെ സിനിമാ നയം രൂപീകരിക്കുന്നതിനുള്ള കരട് തയ്യാറാക്കുന്നതിനായി പരാമർശം (1) പ്രകാരം ഒരു സമിതി രൂപീകരിക്കുകയും പരാമർശം (2), (3) പ്രകാരം ആയത് പുന:സംഘടിപ്പിക്കുകയും ചെയ്തിരുന്നു.

2. പ്രസ്തുത സമിതി സിനിമാ മേഖലയിലെ 75 ഓളം സംഘടനകളുമായി നിരവധി ഘട്ടങ്ങളിലായി ചർച്ചകൾ നടത്തുകയും സിനിമാ മേഖലയുമായി ബന്ധപ്പെട്ട എല്ലാ വിഭാഗങ്ങളിലും ഉൾപ്പെട്ട 500-ഓളം വ്യക്തികളുമായി മുഖാമുഖം നടത്തുകയും ചെയ്തിരുന്നു. ഈ ആശയവിനിമയങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞ അഭിപ്രായങ്ങൾ ചർച്ചാ കുറിപ്പുകളായി 2025 ആഗസ്റ്റ് 2, 3 തീയതികളിൽ തിരുവനന്തപുരത്ത് വച്ച് നടത്തിയ കേരള ഫിലിം പോളിസി കോൺക്ലേവിൽ അവതരിപ്പിക്കുകയുണ്ടായി.

3. 600-ഓളം ചലച്ചിത്ര പ്രവർത്തകർ പങ്കെടുത്ത ഫിലിം പോളിസി കോൺക്ലേവിൽ പങ്കുവെച്ച അഭിപ്രായങ്ങളും തുടർന്ന് ഇതു സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും സ്വരൂപിച്ച അഭിപ്രായങ്ങളും ക്രോഡീകരിച്ച് ലഭ്യമാക്കിയ സമീപന രേഖയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ചലച്ചിത്ര നയത്തിന്റെ കരട് നയരൂപീകരണ സമിതി പരാമർശം 4 പ്രകാരം സർക്കാരിൽ സമർപ്പിച്ചിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . ചലച്ചിത്ര മേഖലയിലെ എല്ലാ വിഭാഗങ്ങളിലേയും വ്യക്തികളുമായി ചർച്ച ചെയ്തതിന്റെയും , സിനിമാ കോൺക്ലേവിൽ പങ്കുവെച്ച ആശയങ്ങളും , പൊതുജനങ്ങളിൽ നിന്നും സ്വരൂപിച്ച അഭിപ്രായങ്ങളും കണക്കിലെടുത്ത് തയ്യാറാക്കിയ കേരള സംസ്ഥാന ചലച്ചിത്ര നയം (അനുബന്ധമായി ചേർത്തിരിക്കുന്നു)

അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, തിരുവനന്തപുരം
സെക്രട്ടറി, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, തിരുവനന്തപുരം
സെക്രട്ടറി, കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്,തിരുവനന്തപുരം
പൊതുഭരണ(എസ്.സി)വകുപ്പ് (13.03.2026 ലെ ഇനം നം.3925 പ്രകാരം)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
(പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :
ബഹു മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു മത്സ്യബന്ധന സാംസ്കാരിക യുവജനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
സാംസ്കാരികകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ്സ്

**കേരള സർക്കാർ**

സാംസ്കാരിക കാര്യ വകുപ്പ്

# കേരള സംസ്ഥാന ചലച്ചിത്ര നയം

# കേരള സംസ്ഥാന ചലച്ചിത്ര നയം

## 1.0 ആമുഖം

### കലകളുടെ കലയായ സിനിമയുടെ സാധ്യതകൾ

കലകളുടെ കലയാണ് സിനിമ. ഗുഹാചിത്രങ്ങൾ മുതൽ ഏറ്റവും നൂതനമായ സാങ്കേതിക വിദ്യകളായ എഐ വീഡിയോകൾ വരെ നീളുന്നതാണ് അതിന്റെ വിശാലചരിത്രം. മറ്റ് കലാരൂപങ്ങളെല്ലാം ഉൾക്കൊള്ളുന്നതും അവയെല്ലാം സമ്മേളിക്കുന്ന ഒരു പുതിയ അനുഭവം നൽകുന്നതുമാണ് സിനിമ. ദൃശ്യകല, സാഹിത്യം, സംഗീതം, വാസ്തുവിദ്യ, ശിൽപകല, നൃത്തം, നാടകം എന്നിങ്ങനെ വിവിധ കലാരൂപങ്ങളുടെ സമന്വയമാണ് ഓരോ ചലച്ചിത്രവും. അതിനാൽ തന്നെ സിനിമ, കലയുടെ ഒരു മികവിന്റെ കേന്ദ്രവും (a centre of excellence) മനുഷ്യന്റെ ഭാവനയുടെയും സർഗ്ഗാത്മകതയുടെയും മൂർത്തീഭാവവുമാണ്.

### വ്യവസായങ്ങളുടെ സങ്കലനവും തൊഴിലിടവും

സിനിമ വെറുമൊരു വിനോദോപാധി മാത്രമല്ല, സമസ്ത മേഖലകളെയും കോർത്തിണക്കുന്ന ഒരു വലിയ മേഖലയാണ്. ഇത് ഒരുപാട് പേരുടെ തൊഴിലിടം കൂടിയാണ്. ഈ മേഖലയിൽ സാങ്കേതിക വിദഗ്ധർ, കലാകാരർ, എഴുത്തുകാർ, സംഗീതജ്ഞർ, സാമ്പത്തിക വിദഗ്ധർ, വിപണന വിദഗ്ധർ, തുടങ്ങി അസംഖ്യം ആളുകൾ പ്രവർത്തിക്കുന്നു. നേരിട്ടുള്ളതും അല്ലാതെയുമുള്ള നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ഈ മേഖല, സാമ്പത്തിക രംഗത്തിന് വലിയ സംഭാവന നൽകുന്നു. ഒരു സിനിമ നിർമ്മിക്കുമ്പോൾ, അത് സിനിമാ സ്റ്റുഡിയോകൾ, ഉപകരണ വാടക സ്ഥാപനങ്ങൾ, വിതരണ ശൃംഖലകൾ, തിയേറ്ററുകൾ, പരസ്യം, ഹോസ്പിറ്റാലിറ്റി, ടൂറിസം തുടങ്ങിയ വിവിധ അനുബന്ധ തൊഴിൽ മേഖലകളെയും ഉത്തേജിപ്പിക്കുന്നു.

### വിജ്ഞാനസമ്പദ്‌വ്യവസ്ഥയുടെയും സംസ്കാരത്തിന്റെയും ഭാഗം

വിജ്ഞാനസമ്പദ്‌വ്യവസ്ഥയുടെ (knowledge economy) ഒരു പ്രധാന ഭാഗമാണ് ചലച്ചിത്ര മേഖല. സാങ്കേതിക വിദ്യയുടെ അതിവേഗത്തിലുള്ള വളർച്ച ഈ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുന്നു. ഡിജിറ്റൽ സാങ്കേതികവിദ്യ, ആനിമേഷൻ, വിഷ്വൽ എഫക്ട്സ് (VFX), വെർച്വൽ റിയാലിറ്റി (VR), ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) തുടങ്ങിയ പുതിയ മേഖലകളിലെ കണ്ടുപിടിത്തങ്ങൾ ഈ മേഖലയെ മുന്നോട്ട് നയിക്കുന്നു. ഒരു സിനിമക്ക് സമൂഹത്തിന്റെ ചിന്തകളെയും സംസ്കാരത്തെയും സ്വാധീനിക്കാനും പുതിയ കാഴ്ചപ്പാടുകൾ സൃഷ്ടിക്കാനും കഴിയും. ഓരോ ഫ്രെയിമും ദൃശ്യവിസ്മയങ്ങളായി രൂപാന്തരപ്പെടുമ്പോൾ, അതൊരു പുതിയ ലോകം തന്നെ തുറന്നു തരുന്നു.

### നയത്തിന്റെ ലക്ഷ്യം

കേരളത്തിന്റെ സാംസ്കാരികവും സാമൂഹികവുമായ മൂല്യങ്ങളെ ഉയർത്തിപ്പിടിച്ചുകൊണ്ട്, സിനിമാ മേഖലയെ പുതിയ കേരളത്തിന് അനുയോജ്യമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ വിജ്ഞാന സമ്പദ്ഘടനയിൽ അധിഷ്ഠിതവും, പുരോഗമനപരവും, മതനിരപേക്ഷവും, വികസനോന്മുഖവും പരിസ്ഥിതി സൗഹൃദവും, ലിംഗ നീതിസമത്വവും, ജനാധിപത്യപരവുമായ ഒരു നയമാണ് ഇവിടെ ലക്ഷ്യമിടുന്നത്. ഈ നയം, കേരളത്തിന്റെ ചലച്ചിത്ര മേഖലയെ കൂടുതൽ കരുത്തുറ്റതാക്കാനും, ഈ കലാരൂപത്തെ ഒരു സാംസ്കാരിക, സാമ്പത്തിക ശക്തികേന്ദ്രമായി വളർത്താനും സഹായിക്കും. മലയാള സിനിമയെ സർഗ്ഗാത്മകമായും സാംസ്കാരികവുമായ വ്യവസായമായി (Cultural Creactive Industry) മാറ്റുകയും കലാപരവും സാങ്കേതികപരവുമായി ലോക നിലവാരത്തിലേക്ക് ഉയർത്തുകയുമാണ് ഈ നയത്തിന്റെ ലക്ഷ്യം.

## 1.1 ചലച്ചിത്ര വ്യവസായം - ആഗോള കാഴ്ചപ്പാടുകൾ

ലോകമെമ്പാടുമുള്ള വിനോദം, സംസ്കാരം, സമ്പദ്‌വ്യവസ്ഥ എന്നിവയിൽ കാര്യമായ സ്വാധീനം ചെലുത്തുന്ന ഒരു ആഗോള വ്യവസായമാണ് ചലച്ചിത്ര മേഖല. വിവിധ ചലച്ചിത്ര വിഭാഗങ്ങളിലെ വിവിധ ഫോർമാറ്റുകളിലൂടെയുള്ള

വിതരണവും, സാങ്കേതികവിദ്യയിലെ പ്രദർശനപുരോഗതിയും ഒപ്പം ഡിജിറ്റൽ പ്ലാറ്റ്ഫോമുകളുടെ ഉയർച്ചയും കൊണ്ടുതന്നെ ചലച്ചിത്ര മേഖല അടുത്തകാലത്തായി വലിയ രീതിയിലുള്ള വളർച്ചയും മാറ്റങ്ങളും കാഴ്ചവയ്ക്കുന്നുണ്ട്.

2022-ൽ ആഗോള സിനിമാ വിപണി 94.95 ബില്യൺ യു എസ് ഡോളറായിരുന്നു. ഇത് 2030 ഓടെ 7.21% വാർഷിക വളർച്ചയിൽ 169.62 ബില്യൺ യു. എസ് ഡോളറിലെത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഹോളിവുഡ് ബ്ലോക്ക്ബസ്റ്ററുകൾ മുതൽ വിവിധ രാജ്യങ്ങളിൽ നിന്നുള്ള സ്വതന്ത്ര സിനിമകൾ വരെയായി ആഗോള ചലച്ചിത്ര മേഖലയുടെ പരസ്പര ബന്ധം വർദ്ധിച്ചുവരികയാണ്. ഒരു രാജ്യത്ത് നിന്നുള്ള സിനിമകൾക്ക് ലോകത്തിന്റെ മറുവശത്തുള്ള പ്രേക്ഷകരിലേയ്ക്ക് അന്താരാഷ്ട്ര വിതരണ ശൃംഖലകളിലൂടെയും ഓൺലൈൻ സ്ട്രീമിംഗ് പ്ലാറ്റ്ഫോമുകളിലൂടെയും ഇപ്പോൾ എത്തിച്ചേരാനാകും. സിനിമാ മേഖലയുടെ ഈ മാറ്റം ആശയങ്ങളുടെയും സംസ്കാരത്തിന്റെയും കഥപറച്ചിലിന്റെ സാങ്കേതികതകളുടെയും കൈമാറ്റത്തിലൂടെ സിനിമയെന്ന മണ്ഡലത്തെ തന്നെ കൂടുതൽ പരിപോഷിപ്പിക്കുന്നതിലേയ്ക്ക് നയിച്ചു എന്നത് വസ്തുതയാണ്. സിനിമാ മേഖലയുടെ ആഗോള സ്വാധീനം, കേവലം വിനോദമെന്നതിനപ്പുറത്തേക്ക് വ്യാപിക്കുന്നു. പരസ്പര ധാരണകൾ രൂപപ്പെടുത്തുന്നതിലും വിനോദസഞ്ചാരത്തെ പ്രോത്സാഹിപ്പിക്കുന്നതിലും പ്രാദേശിക സമ്പദ് വ്യവസ്ഥയ്ക്ക് സംഭാവന നൽകുന്നതിലും ഇത് നിർണ്ണായകമായ പങ്ക് വഹിക്കുന്നുണ്ട്.

എന്നിരുന്നാലും, സിനിമാ മേഖല നിരവധി വെല്ലുവിളികൾ നേരിടുന്നു എന്നതിൽ തർക്കമില്ല. പൈറസിയും പകർപ്പവകാശ ലംഘനവും ഈ മേഖലയുടെ വരുമാനത്തിനും സുസ്ഥിരതയ്ക്കും കാര്യമായ ഭീഷണികൾ ഉയർത്തുന്നു. അതോടൊപ്പം സാംസ്കാരികമായ വ്യത്യസ്തതകളും സെൻസർഷിപ്പ് നിയന്ത്രണങ്ങളും വിവിധ രാജ്യങ്ങളിലെ സിനിമകളുടെ വിതരണത്തെയും സ്വീകാര്യതയെയും കാര്യമായി തന്നെ ബാധിക്കുന്നുണ്ട്.

ഈ വെല്ലുവിളികൾക്കിടയിലും, ആഗോള ചലച്ചിത്ര മേഖല അഭിവൃദ്ധി പ്രാപിക്കുകയും വികസിക്കുകയും ചെയ്യുന്നു എന്നത് പ്രതീക്ഷയ്ക്ക് വക നൽകുന്നു. സാമൂഹിക പ്രശ്നങ്ങൾ അഭിസംബോധന ചെയ്യാനും വൈവിധ്യത്തെ പ്രോത്സാഹിപ്പിക്കാനും ഒപ്പം ലോകമെമ്പാടുമുള്ള പ്രേക്ഷകരെ പ്രചോദിപ്പിക്കാനും ഉതകുന്ന തരത്തിൽ ചലച്ചിത്ര സംവിധായകരെ അനുവദിക്കുന്ന കഥപറച്ചിലിന്റെ ശക്തമായ ഒരു മാധ്യമമായി ഇത് പ്രവർത്തിക്കുന്നു. സാങ്കേതിക പുരോഗതിയും പുതിയ ചലച്ചിത്ര വിപണിയും ഉയർന്ന് വരുമ്പോൾ സിനിമ മേഖല ആഗോള സാംസ്കാരിക ഭൂപ്രകൃതിയെ രൂപപ്പെടുത്തുകയും പ്രതിഫലിപ്പിക്കുകയും ചെയ്യും. ആഗോള വീക്ഷണകോണിൽ നിന്ന് നോക്കുമ്പോൾ ചലച്ചിത്ര മേഖല അതിരുകൾക്കതീതമായ ചലനാത്മകതയും സ്വാധീനമുള്ളതുമായ ഒരു ശക്തിയാണ്. ഇത് സമൂഹത്തെയും സംസ്കാരത്തെയും സമ്പദ്വ്യവസ്ഥയെയും പരസ്പരം ബന്ധിപ്പിച്ചുകൊണ്ട്, വിനോദം പ്രദാനം ചെയ്യുകയും സാംസ്കാരിക വിനിമയം പ്രോത്സാഹിപ്പിക്കുകയും, അങ്ങനെ ഒരു പരസ്പര ബന്ധിത ലോകത്തിന്റെ ആവിർഭാവത്തിന് കാരണമാകുകയും ചെയ്യുന്നു.

## 1.2 സിനിമ സാങ്കേതികവിദ്യയുടെ പരിണാമം

19-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ മോഷൻ പിക്ചർ ഉപകരണങ്ങളുടെ കണ്ടുപിടിത്തത്തിലൂടെയാണ് സിനിമയുടെ ഉത്ഭവം. ‘Zoetrope’, ‘Praxinoscope’ തുടങ്ങിയ ഈ ആദ്യകാല കണ്ടുപിടുത്തങ്ങൾ തുടർച്ചയായ ചിത്രങ്ങളുടെ ഒരു പരമ്പര ഉപയോഗിച്ച് ചലനത്തിന്റേതായ ഒരു മിഥ്യ സൃഷ്ടിച്ചു എങ്കിലും ഈ ഉപകരണങ്ങൾ ലളിതമായ ആനിമേഷനുകളോ ഹ്രസ്വചിത്രങ്ങളോ പ്രദർശിപ്പിക്കുന്നതിന് മാത്രമായി പരിമിതപ്പെട്ടിരുന്നു, കൂടാതെ അവയ്ക്ക് ശബ്ദവുമുണ്ടായിരുന്നില്ല.

സിനിമ സാങ്കേതിക വിദ്യയുടെ അടുത്ത സുപ്രധാന വികസനം നിശബ്ദ ചിത്രങ്ങളുടെ വരവായിരുന്നു. 20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ തത്സമയ ആക്ഷൻ രംഗങ്ങൾ പകർത്താൻ ചലച്ചിത്ര സംവിധായകർ ഫിലിം ക്യാമറകൾ ഉപയോഗിക്കാൻ തുടങ്ങുകയും, അത് പ്രേക്ഷകർക്ക് കാണാനായി

സ്ക്രീനുകളിൽ പ്രൊജക്റ്റ് ചെയ്യുകയും ചെയ്തുതുടങ്ങി. ഈ കാലഘട്ടത്തിൽ ക്യാമറകൾ ഫിലിം റീലുകൾ, ക്രമീകരിക്കാവുന്ന ഫ്രെയിം റേറ്റുകൾ, ചിത്രങ്ങളുടെ നിലവാരം വർദ്ധിപ്പിക്കുന്നതിന് വിവിധ തരം ലെൻസുകൾ തുടങ്ങിയ സവിശേഷതകൾ ഉൾപ്പെടുത്തി വികസിപ്പിച്ചു. എന്നിരുന്നാലും, നിശ്ശബ്ദ സിനിമകൾ ആയതുകൊണ്ട് തന്നെ സംഭാഷണമോ വിവരണമോ അറിയിക്കുന്നതിന് തത്സമയ സംഗീതോപകരണങ്ങളെയോ ടൈറ്റിൽ കാർഡുകളെയോ ആശ്രയിക്കണമായിരുന്നു.

1920-കളുടെ അവസാനത്തിൽ സമന്വയിപ്പിച്ച ശബ്ദത്തിന്റെ വരവ് (ടാക്കീസ് – talkies) സിനിമയിൽ വിപ്ലവം സൃഷ്ടിച്ചു. ഇത് സമന്വയിപ്പിച്ച സംഭാഷണങ്ങളും ശബ്ദ ഇഫക്റ്റുകളും ഉള്ള സിനിമകളുടെ വികാസത്തിലേക്ക് നയിച്ചു. പ്രദർശിപ്പിക്കുന്ന ചലച്ചിത്രങ്ങൾക്കൊപ്പം തന്നെ ശബ്ദം കൂടി കേൾക്കാൻ പറ്റുന്ന രീതിയിൽ ഫോണോഗ്രാഫ് റെക്കോർഡുപോലെ ഒരു പ്രത്യേക മാധ്യമത്തിൽ ശബ്ദം റെക്കോർഡുചെയ്യുന്നത് വന്നതോടുകൂടി സാങ്കേതികവിദ്യ കൂടുതൽ വികാസം പ്രാപിച്ചു. ഈ മുന്നേറ്റം കൂടുതൽ ആഴത്തിലുള്ളതും യാഥാർഥ്യബോധമുള്ളതുമായ ചലച്ചിത്ര അനുഭവം കാണികൾക്ക് പ്രദാനം ചെയ്യുകയും ചെയ്തു.

1930-കളിൽ ടെക്നികളർ വന്നതോടെ സിനിമകളുടെ വർണ ഉപയോഗത്തിന്റെ കാര്യത്തിൽ പുതിയ തലത്തിലുള്ള മുന്നേറ്റം സാധ്യമായി. വ്യത്യസ്ത കളർ ഫിൽട്ടറുകളിലൂടെ ഒന്നിലധികം ഫിലിമുകൾ ഉപയോഗിച്ച് രംഗങ്ങൾ ഷൂട്ട് ചെയ്യുന്ന സങ്കീർണ്ണമായ ഒരു പ്രക്രിയയിലൂടെയാണ് കളർ ചിത്രങ്ങൾ സാധ്യമായത്. ഈ നവീകരണം കഥപറച്ചിലിന് ഒരു പുതിയ മാനം കൊണ്ടുവരികയും, ചടുലവും ദൃശ്യപരമായി ആകർഷകവുമായ സിനിമകൾ സൃഷ്ടിക്കാൻ ചലച്ചിത്ര പ്രവർത്തകരെ പ്രാപ്തരാക്കുകയും ചെയ്തു.

ഇരുപതാം നൂറ്റാണ്ടിലുടനീളം, ക്യാമറകളും ഫിലിംസ്റ്റോക്കും മെച്ചപ്പെട്ടുകൊണ്ടിരുന്നു. 35 എംഎം ക്യാമറകൾ പോലെയുള്ള പുതിയ ക്യാമറ സാങ്കേതികവിദ്യകൾ, ഉയർന്ന റെസല്യൂഷൻ ഇമേജ് ക്യാപ്ചർ അനുവദിക്കുന്നതിനാൽ സിനിമകൾ കൂടുതൽ വിശദവും യഥാർത്ഥ ജീവിതം

പോലെ ദൃശ്യമാകുന്നതുമായി. സെല്ലുലോയിഡ് പോലെയുള്ള ഫിലിം സ്റ്റോക്കിലെ മുന്നേറ്റങ്ങൾ ഫിലിം പ്രിന്റുകളുടെ ഈടും ഗുണനിലവാരവും മെച്ചപ്പെടുത്തി.

സമീപ ദശകങ്ങളിൽ, ഡിജിറ്റൽ സിനിമാട്ടോഗ്രാഫിയുടെ വികാസം ചലച്ചിത്ര മേഖലയിൽ വിപ്ലവം തന്നെ സൃഷ്ടിച്ചു. ഫിസിക്കൽ ഫിലിമിന്റെ ആവശ്യമില്ലാതെ തന്നെ ഹൈ ഡെഫനിഷൻ ഫൂട്ടേജ് പകർത്താൻ സംവിധായകരെ അനുവദിക്കുന്ന ഡിജിറ്റൽ ക്യാമറകൾ വ്യാപകമായി സ്വീകരിക്കപ്പെട്ടു. ഡിജിറ്റൽ സാങ്കേതിക വിദ്യ പോസ്റ്റ് പ്രൊഡക്ഷൻ എഡിറ്റിംഗും വിഷ്വൽ ഇഫക്റ്റുകളും കൂടുതൽ പ്രാപ്യവും വികസിതവുമാക്കി.

3D സാങ്കേതികവിദ്യയുടെ വരവ് സിനിമാ അനുഭവത്തിന് പുതിയ മാനം നൽകി. തനതായ സിനിമാറ്റിക് അനുഭവത്തിനായി വലിയ സ്ക്രീനുകളും മെച്ചപ്പെടുത്തിയ ശബ്ദ സംവിധാനങ്ങളും നൽകുന്ന ജനപ്രിയ ഫോർമാറ്റായി ഐമാക്സ് (IMAX) തീയേറ്ററുകൾ ഉയർന്നുവന്നു കൊണ്ടിരിക്കുന്നു.

കമ്പ്യൂട്ടർ ജനറേറ്റഡ് ഇമേജറിയും (CGI) വിപുലമായ വിഷ്വൽ ഇഫക്ടുകളും ആധുനിക സിനിമയിൽ അവിഭാജ്യമായി മാറിയിരിക്കുന്നു. ശക്തമായ കമ്പ്യൂട്ടറുകളുടെയും സോഫ്റ്റ്‌വെയറുകളുടെയും സഹായത്തോടെ, ചലച്ചിത്രപ്രവർത്തകർക്ക് ഒരു കാലത്തും സങ്കല്പിക്കാൻപോലും കഴിയാത്തത്രയും അവിശ്വസനീയമായ ദൃശ്യങ്ങൾ സൃഷ്ടിക്കാൻ കഴിയും. അത്ഭുതജീവികൾ മുതൽ വിപുലമായ സംഘട്ടനരംഗങ്ങൾ വരെയായി സിജിഐ സാധ്യമാക്കിയതുകൊണ്ട് കഥപറച്ചിലിന്റെ സാധ്യതകൾ വിപുലമായി.

## 1.3 ഒരു ബിസിനസ് എന്ന നിലയിൽ സിനിമ

ലോകമെമ്പാടുമുള്ള സാധാരണക്കാരന്റെ പ്രധാന വിനോദമാർഗമായി സിനിമ തുടരുകയാണ്. പ്രേക്ഷകർക്ക് ചലച്ചിത്രങ്ങളുടെ പ്രദർശനം, നിർമ്മാണം, വിതരണം എന്നിവ ഉൾക്കൊള്ളുന്ന ഒരു സുപ്രധാന ആഗോള സംരംഭമാണ് സിനിമ. വർഷങ്ങളായി വളരെ സ്വാധീനമുള്ള ഒരു ബിസിനസ്സ് മേഖലയായി ഇത് പരിണമിച്ചുകൊണ്ടിരിക്കുന്നു.

ഒരു സിനിമ സൃഷ്ടിക്കുന്ന പ്രക്രിയയിൽ തിരക്കഥ തയ്യാറാക്കൽ, അഭിനേതാക്കളെ തെരഞ്ഞെടുക്കൽ, പ്രൊഡക്ഷൻ, ഡിസൈൻ, ഷൂട്ടിംഗ്, എഡിറ്റിംഗ് തുടങ്ങി വിവിധ ഘട്ടങ്ങൾ ഉൾപ്പെടുന്നു. അതോടൊപ്പം ചെറിയ സ്വതന്ത്ര സിനിമകൾ മുതൽ ബിഗ് ബജറ്റ് ബ്ലോക്ക് ബസ്റ്ററുകൾ വരെയുള്ള സിനിമാ പ്രോജക്ടുകളിൽ നിർമ്മാണ കമ്പനികൾ ഗണ്യമായ തുക നിക്ഷേപിക്കുകയും ചെയ്യുന്നു.

ചലച്ചിത്ര നിർമ്മാണത്തിന് കാര്യമായ സാമ്പത്തിക നിക്ഷേപം ആവശ്യമാണ്. പ്രധാന വരുമാന സ്രോതസ്സ് എന്നത് തിയേറ്റർ പ്രദർശനമാണ്. ഇതുകൂടാതെ ഹോം വീഡിയോ, സ്ട്രീമിംഗ് സേവനങ്ങൾ, പേ ടിവി (Pay TV). എയർലൈൻ സ്ക്രീനിങ് തുടങ്ങി, മറ്റ് വിതരണ മാർഗങ്ങളിലൂടെയും സിനിമകൾ റിലീസ് ചെയ്യുന്നു. ഈ അനുബന്ധ വിപണികൾ ഒരു സിനിമയുടെ മൊത്തത്തിലുള്ള വരുമാനത്തിന് സംഭാവന നൽകുകയും തിയേറ്റർ റിലീസിനപ്പുറം സിനിമകളുടെ ആയുസ്സ് വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

## 1.4 ഇന്ത്യൻ സിനിമ

ചലനാത്മകവും സാംസ്കാരിക സമ്പന്നവുമായ സിനിമാമേഖല എന്ന നിലയിൽ ആഗോളതലത്തിൽ അറിയപ്പെടുന്ന ഇന്ത്യൻ ചലച്ചിത്ര മേഖല, കഥപറച്ചിലിന്റെ സർഗ്ഗാത്മകതയേയും പ്രാദേശിക വൈവിധ്യങ്ങളെയും പ്രതിനിധീകരിക്കുന്നു.

മുംബൈ കേന്ദ്രമായി പ്രവർത്തിക്കുന്ന ബോളിവുഡ് അഥവാ ഹിന്ദി ഭാഷാ ചലച്ചിത്ര വ്യവസായം രാജ്യത്തിന്റെ ചലച്ചിത്ര നിർമ്മാണത്തിന്റെ ഊർജ്ജസ്വലമായ കേന്ദ്രമായി വർത്തിക്കുന്നു.

പ്രതിവർഷം 2000-ത്തിലധികം റിലീസുകളുള്ള ലോകത്തിലെ ഏറ്റവും വലിയ ചലച്ചിത്ര നിർമ്മാണ രാജ്യമാണ് ഇന്ത്യ. പ്രതിവർഷം 400 ഓളം ടൈറ്റിലുകളുള്ള ഹിന്ദി സിനിമകളാണ് പട്ടികയിൽ മുന്നിൽ. തമിഴ്, തെലുങ്ക്, മലയാളം എന്നീ ഭാഷകളിലെ സിനിമകൾ പ്രതിവർഷം ഏകദേശം 300-ഓളം ചിത്രങ്ങളുടെ റിലീസിങ്ങുമായി തൊട്ടുപിറകിൽ നിൽക്കുന്നു. 2015-ൽ, 21 മില്യൺ യുഎസ് ഡോളർ തിയേറ്റർ വരുമാനവുമായി ലോകത്തിലെ തന്നെ നാലാമത്തെ

വലിയ ചലച്ചിത്ര വിപണിയാണ് ഇന്ത്യയുടേത്. 2016-2021 കാലയളവിൽ ഇന്ത്യൻ ചലച്ചിത്രമേഖല 7.7% വാർഷിക വളർച്ചയ്ക്ക് സാക്ഷ്യം വഹിച്ചു.

ബോളിവുഡിന്റെ അതിരുകൾക്കപ്പുറത്ത് ഇന്ത്യയ്ക്ക് നിരവധി പ്രാദേശിക ചലച്ചിത്ര വ്യവസായങ്ങൾ ഉണ്ട്. ഓരോന്നും അതിന്റെ മാതൃഭാഷയിൽ അഭിവൃദ്ധി പ്രാപിക്കുകയും അതുല്യമായ ആഖ്യാനവീക്ഷണങ്ങൾ സംഭാവന ചെയ്യുകയും ചെയ്യുന്നു. തമിഴും തെലുങ്കും തുടങ്ങി ബംഗാളി, മറാത്തി, മലയാളം എന്നീ ഭാഷകളിലൂടെ ഈ സിനിമാമേഖലകൾ പ്രാദേശിക സംസ്കാരങ്ങളെയും സാമൂഹികഘടകങ്ങളെയും വരച്ചുകാട്ടുന്നു.

ഇന്ത്യൻ സിനിമയുടെ സഞ്ചാരപഥം പതിറ്റാണ്ടുകൾ നീണ്ടുനിൽക്കുന്നതാണ്. മോണോക്രോം യുഗത്തിൽ നിന്ന് സമകാലിക ഡിജിറ്റൽ മേഖലകളിലേക്ക് അത് പരിണമിച്ചു. പ്രതിഭാധനരായ നിരവധി ചലച്ചിത്ര പ്രവർത്തകർ അതിന്റെ ചരിത്രം രൂപപ്പെടുത്തി. അതേസമയം പുതിയ കാലഘട്ടത്തിലെ ചലച്ചിത്രകാരർ ഇന്ത്യൻ സിനിമയുടെ സൃഷ്ടിപരമായ അതിരുകൾ വ്യാപിപ്പിക്കുന്നു. ഇന്ത്യൻ ചലച്ചിത്ര മേഖലയുടെ ആഖ്യാന മണ്ഡലം എന്നത് സ്വതന്ത്ര സിനിമ മുതൽ ചരിത്രപരമായ ഇതിഹാസ സിനിമകൾ വരെ ഉൾക്കൊള്ളുന്നതാണ്. സംഗീതവും ദൃശ്യവും ഇഴചേർന്നുള്ള സമന്വയമാണ് ഇന്ത്യൻ സിനിമയുടെ മുഖമുദ്ര.

സിനിമാറ്റിക് ആഖ്യാനങ്ങൾ, ആത്മാവിനെ ഉത്തേജിപ്പിക്കുന്ന സംഗീതത്താലും ഗഹനമായ നൃത്തപരമ്പരകളാലും കഥപറച്ചിലിനെ കലാപരമായ ഉന്നതിയിലേക്ക് ഉയർത്തുന്നു. ശബ്ദത്തിന്റെയും കാഴ്ചയുടെയും ഈ മിശ്രണം സിനിമാ അനുഭവത്തെ നിർവചിക്കുക മാത്രമല്ല, ശാശ്വതവും സാംസ്കാരിക തനിമയുള്ളതുമായ ഗാനങ്ങളുടെ സൃഷ്ടിക്ക് സംഭാവന നൽകുകയും ചെയ്യുന്നു. ഇന്ന് ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെ ഇന്ത്യൻ സിനിമ, ഭൂമിശാസ്ത്രപരമായ അതിന്റെ അതിരുകൾ മറികടന്നിരിക്കുന്നു. നെറ്റ്ഫ്ളിക്സ്, ആമസോൺ പ്രൈം, ഡിസ്നി പ്ലസ് ഹോട്ട്സ്റ്റാർ, ജിയോ സിനിമ, സോണി ലീവ് തുടങ്ങിയ സ്ട്രീമിംഗ് സേവനങ്ങൾ ഈ മേഖലയുടെ ആഗോള ചാലകങ്ങളായി വർത്തിക്കുന്നു. ഇത് ഇന്ത്യൻ കഥപറച്ചിലിന്റെ സമ്പന്നതയിലേക്ക് അന്താരാഷ്ട്ര പ്രേക്ഷകരെ അടുപ്പിക്കുകയും ചെയ്യുന്നു.

ഈ ആഗോള സാന്നിധ്യത്തിനിടയിലും ഇന്ത്യൻ ചലച്ചിത്ര മേഖല വിവിധ വെല്ലുവിളികൾ നേരിടുന്നുണ്ട്. സാംസ്കാരിക പ്രാതിനിധ്യത്തെ ചുറ്റിപ്പറ്റിയുള്ള സംവാദങ്ങൾ, സാമൂഹിക മാനദണ്ഡങ്ങളെക്കുറിച്ചുള്ള ചർച്ചകൾ, ഇടയ്ക്കിടെയുള്ള വിവാദങ്ങൾ എന്നിവ ഈ മേഖലയിൽ നടന്നുകൊണ്ടിരിക്കുന്ന പരിണാമത്തിനും സാംസ്കാരിക സ്വാധീനമെന്ന നിലയിൽ അതിന്റെ പങ്കിനും അടിവരയിടുന്നു. സാംസ്കാരിക സ്വാധീനത്തിനുമപ്പുറം ഇന്ത്യൻ ചലച്ചിത്ര മേഖല വലിയ രീതിയിലുള്ള സാമ്പത്തിക സ്വാധീനം ചെലുത്തുകയും തൊഴിൽ സൃഷ്ടിക്കുകയും, കഴിവുകളെ പരിപോഷിപ്പിക്കുകയും ചെയ്യുന്നതിലൂടെ രാജ്യത്തിന്റെ സാംസ്കാരിക സ്വത്വത്തിന് ഗണ്യമായ സംഭാവന നൽകുകയും ചെയ്യുന്നു. ചരിത്രാതീതമായ ഭൂതകാലവും, അതിരുകളില്ലാത്ത സർഗ്ഗാത്മകതയും, പ്രത്യാശാപരമായ ഭാവിയുമുള്ള ഇന്ത്യൻ സിനിമ, വളർന്നുവരുന്ന പ്രതിഭകളാൽ സമ്പന്നമാകും.

## 1.5 മലയാള സിനിമ

മലയാള സിനിമയുടെ ചരിത്രം 1920-കളുടെ അവസാനങ്ങളിൽ ആരംഭിച്ച്, ഇന്ന് നാം കാണുന്ന രൂപത്തിലേക്ക് എത്തുന്നതുവരെ ഒരു നീണ്ട പരിണാമ പ്രക്രിയയിലൂടെയാണ് കടന്നുപോയത്. 1928-ലെ "വിഗതകുമാരൻ" എന്ന നിശ്ശബ്ദ ചലച്ചിത്രവും 1933-ലെ “മാർത്താണ്ഡവർമ്മയും” 1938-ലെ “ബാലൻ" എന്ന ആദ്യത്തെ സംഭാഷണ ചിത്രവും ഈ മേഖലയിലെ ആദ്യകാല ശ്രമങ്ങളായി കണക്കാക്കപ്പെടുന്ന ചിത്രങ്ങളാണ്.

ഈ പ്രാരംഭ കാലഘട്ടത്തിൽ, സിനിമാ നിർമ്മാണം ഒരു കലാരൂപമായും വിനോദ മാധ്യമമായും മാത്രമേ കണക്കാക്കപ്പെട്ടിരുന്നുള്ളൂ. “സിനിമാ തൊഴിലാളി' എന്ന ആശയം തന്നെ അപ്പോൾ രൂപപ്പെട്ടിരുന്നില്ല. സിനിമയിൽ പ്രവർത്തിക്കുന്നവരെ കലാകാരർ, സാങ്കേതിക വിദഗ്ധർ, അല്ലെങ്കിൽ സഹായികൾ എന്നീ നിലകളിൽ മാത്രമേ കണ്ടിരുന്നുള്ളൂ.

1960 കളിൽ മലയാള സിനിമ അസംഘടിതമായിരുന്നു, ഈ കാലഘട്ടത്തിൽ പൊതുവെ സിനിമാ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ അവസ്ഥ പരിതാപകരമായിരുന്നു. സിനിമയിൽ ജോലി ചെയ്യുന്നവർ, അവരുടെ

തൊഴിൽ സാഹചര്യങ്ങളെക്കുക്കുറിച്ചും അവകാശങ്ങളെക്കുറിച്ചും ഏറെക്കുറേ അജ്ഞരായിരുന്നു.

**തൊഴിൽ സാഹചര്യങ്ങളുടെ യാഥാർത്ഥ്യം**

A. **അപകട സാധ്യതകൾ:** നിരവധി അപകട സാധ്യതകൾ നിലനിൽക്കുന്ന മേഖലയാണ് സിനിമ. വലിയ ലൈറ്റുകൾ, ഇലക്ട്രിക് ഉപകരണങ്ങൾ, ഉയർന്ന സ്ഥലങ്ങളിൽ നിന്നുള്ള ഷൂട്ടിംഗ്, അപകടകരമായ സ്റ്റണ്ട് ചിത്രീകരണങ്ങൾ എന്നിവയെല്ലാം അപകടങ്ങൾക്ക് കാരണമാകുന്നുണ്ട്. എന്നാൽ മതിയായ യാതൊരു സുരക്ഷാ സംവിധാനങ്ങളും നിലവിലില്ലായിരുന്നു.

B. **അനിശ്ചിതത്വം:** സിനിമാ മേഖലയിലെ ജോലി അനിശ്ചിതത്വത്തിന്റെ പര്യായമായിരുന്നു. ഒരു സിനിമ പൂർത്തിയാക്കിയാൽ അടുത്ത ജോലി കിട്ടുമെന്ന് ഉറപ്പില്ലായിരുന്നു. ഈ അനിശ്ചിതത്വം സിനിമാമേഖലയിൽ പ്രവർത്തിക്കുന്നവരുടെ സാമ്പത്തിക സുരക്ഷയെ ബാധിക്കുമായിരുന്നു..

C. **താഴ്ന്ന വേതനം:** സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന മിക്കവരും ദിവസവേതനക്കാരായിരുന്നു. വളരെ തുച്ഛമായ വേതനമാണ് ഇത്തരക്കാർക്ക് ലഭ്യമായിരുന്നത്. അതുതന്നെ യഥാസമയം ലഭിക്കുമായിരുന്നില്ല എന്ന് മാത്രമല്ല, പലപ്പോഴും അത് കിട്ടാറുമില്ലായിരുന്നു. കൂടാതെ ഇവർക്ക് അധിക ജോലിസമയവേതനമോ, ബോണസോ, മെഡിക്കൽ സൗകര്യങ്ങളോ ലഭ്യമായിരുന്നില്ല.

D. **സാമൂഹിക സുരക്ഷയുടെ അഭാവം:** സിനിമാ മേഖലയിലെ തൊഴിലാളികൾക്ക് ഇൻഷ്വറൻസ്, പെൻഷൻ തുടങ്ങിയ സാമൂഹിക സുരക്ഷാപദ്ധതികൾ ലഭ്യമല്ലായിരുന്നു. അസുഖം വന്നാലോ അപകടമുണ്ടായാലോ അവർ പൂർണ്ണമായും നിസ്സഹായരായിരുന്നു.

E. **തൊഴിൽ ബോധത്തിന്റെ ഉദയം:** 1990-കൾ മുതലാണ് മലയാള സിനിമയിൽ പ്രവർത്തിക്കുന്നവർക്കിടയിൽ തൊഴിലാളി ബോധം ക്രമേണ

ഉടലെടുത്തു തുടങ്ങിയത്. സിനിമാ സാങ്കേതിക വിദ്യയുടെ പുരോഗതിയും മേഖലയുടെ വളർച്ചയും മറ്റ് വ്യവസായ മേഖലകളിലെ തൊഴിലാളി സംഘടനകളുടെ സ്വാധീനവും ഈ മാറ്റത്തിന് കാരണമായി.

F. **സംഘടനകളുടെ രൂപീകരണം:** സിനിമയുടെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവർ ക്രമേണ സംഘടിതരാകാൻ തുടങ്ങി. സിനിമാ തൊഴിലാളിസംഘങ്ങൾ, ടെക്നിഷ്യൻസ് യൂണിയനുകൾ, ആർട്ടിസ്റ്റുകളുടെ സമിതികൾ എന്നിവ രൂപീകരിക്കപ്പെട്ടു.

G. **അവകാശങ്ങൾക്കായുള്ള സമരം:** ഈ സംഘടനകൾ മുഖേന അവർ മെച്ചപ്പെട്ട വേതനം, തൊഴിൽ സുരക്ഷ, മെഡിക്കൽ സൗകര്യങ്ങൾ, ഇൻഷ്വറൻസ് എന്നിവയ്ക്കായി വിവിധ രീതിയിലുള്ള ഇടപെടലുകൾ നടത്തി. ഇത് സിനിമാ മേഖലയിലെ തൊഴിൽ സംസ്കാരത്തിൽ കാര്യമായ മാറ്റങ്ങൾ വരുത്തി.

**ആധുനിക കാലഘട്ടത്തിലെ സ്ഥിതി**

ഇന്ന് മലയാള സിനിമയിൽ "സിനിമാ തൊഴിലാളി" എന്ന ആശയം പൂർണ്ണമായും സ്വീകരിക്കപ്പെട്ടിരിക്കുന്നു. സിനിമയിൽ വിവിധ വകുപ്പുകളിൽ പ്രവർത്തിക്കുന്നവരുടെ അവകാശങ്ങൾ, തൊഴിൽ സുരക്ഷ, സാമൂഹിക സുരക്ഷ എന്നിവയെക്കുറിച്ച് കൂടുതൽ ബോധവൽകരണം ഉണ്ടായിട്ടുണ്ട്. എന്നിരുന്നാലും ഇപ്പോഴും പല മേഖലകളിലും മെച്ചപ്പെടുത്തലുകൾ ആവശ്യമാണ്. ചുരുക്കത്തിൽ മലയാള സിനിമയുടെ ചരിത്രം ആ കലാരൂപത്തിന്റെ മാത്രമല്ല, സിനിമാ തൊഴിലാളികളുടെ അവകാശബോധത്തിന്റെ പരിണാമത്തിന്റെകൂടി ചരിത്രമാണ്.

പ്രാദേശിക സമ്പദ് വ്യവസ്ഥയിൽ കാര്യമായ സ്വാധീനം ചെലുത്തുന്ന ഒരു അഭിവൃദ്ധിയുള്ള ബിസിനസ്സായി മലയാള സിനിമ പരിണമിച്ചിട്ടുണ്ട്. മലയാള സിനിമയുടെ വിജയത്തിന് സംഭാവന നൽകുന്ന പ്രധാന ഘടകങ്ങളിലൊന്ന് കഥപറച്ചിലിലും അർത്ഥവത്തായ ആഖ്യാനങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു എന്നതാണ്. മറ്റ് പല ഭാഷാ സിനിമകളിൽ നിന്നും വ്യത്യസ്തമായി, മലയാള സിനിമ പലപ്പോഴും ആഡംബര ബജറ്റുകളേക്കാൾ ഉയർന്ന നിലവാരമുള്ള

ഉള്ളടക്കത്തിന് മുൻഗണന നൽകുന്നു. കലാപരവും ചിന്തോദ്ദീപകവുമായ സിനിമകളെ വിലമതിക്കുന്ന വിവേചനാധികാരമുള്ള പ്രേക്ഷകരെ ഇത് ആകർഷിച്ചു. തൽഫലമായി, കേരളത്തിൽ നിന്നുള്ള സിനിമകൾ നിരൂപക പ്രശംസ നേടുകയും നിരവധി ദേശീയ അന്തർദേശീയ അവാർഡുകൾ നേടുകയും ചെയ്തു.

2016 വർഷം മലയാള സിനിമയെ സംബന്ധിച്ചിടത്തോളം ഒരു നാഴികക്കല്ലായിരുന്നു എന്നുതന്നെ പറയാം. എന്തെന്നാൽ, 2016-ൽ മികച്ച 10 ബോക്സ് ഓഫീസ് സിനിമകളിൽ നിന്നുള്ള മൊത്തം ആഭ്യന്തര വരുമാനം 2015 നെ അപേക്ഷിച്ച് 25% വർദ്ധിച്ചതായാണ് രേഖപ്പെടുത്തിക്കാണുന്നത്. എന്നാൽ 2023- ൽ കേരളത്തിലെ ബോക്സ് ഓഫീസ് കളക്ഷൻ ആകട്ടെ 2000 കോടി കവിഞ്ഞതായും രേഖപ്പെടുത്തികാണുന്നു.

## 1.6 സംസ്കാരം ആഘോഷിക്കുന്നു

വേദികളിൽ അവതരിപ്പിക്കുന്നതോ അല്ലാത്തതോ ആയ എല്ലാ കലാരൂപങ്ങൾക്കും ഒരു സിനിമയുടെ നിർമ്മാണത്തിൽ പങ്കുണ്ട്. ഈ പ്രദേശത്ത് നിലനിൽക്കുന്നതോ നിലവിലിരുന്നതോ ആയ എല്ലാ കലാരൂപങ്ങളുടെയും സംഗമമായി സിനിമയെ വിഭാവനം ചെയ്യാം. ഇത് പ്രാദേശിക സംസ്കാരത്തിന്റെ എല്ലാ ഘടകങ്ങളും ഉൾക്കൊള്ളുന്ന ഒരു വിശാലമായ ക്യാൻവാസായി സിനിമയെ മാറ്റുന്നു. അതിനാൽ, ഒരു പ്രദേശത്തിന്റെ, സംസ്കാരത്തിന്റെ ആഘോഷം എന്ന് പറയാവുന്ന ആത്യന്തിക കലാരൂപമാണ് സിനിമ. അതിനാൽ ആ പ്രദേശത്തിന്റെ സാംസ്കാരികഭാവി രൂപപ്പെടുത്തുന്നതിൽ അതിന് വളരെയധികം പ്രാധാന്യമുണ്ട്.

# 2.0 ദർശനം

ഈ നയം താഴെ പറയുന്ന ദർശന പ്രസ്താവനയെ അടിസ്ഥാനമാക്കിയുള്ളതാണ്:-

"സംസ്ഥാനത്തിന്റെ സാംസ്കാരിക മൂല്യങ്ങളുടെയും സൗന്ദര്യാത്മക സംവേദനക്ഷമതയുടെയും സമ്പന്നമായ പാരമ്പര്യങ്ങൾ ഉയർത്തിപ്പിടിച്ചു കൊണ്ട് കേരളത്തിൽ ശക്തമായ ഒരു ദൃശ്യ ആശയവിനിമയ ആവാസവ്യവസ്ഥ സൃഷ്ടിക്കുകയും

അതുവഴി ബന്ധപ്പെട്ട എല്ലാ വിഭാഗങ്ങൾക്കും തുല്യത ഉറപ്പുവരുത്തി സർഗ്ഗാത്മക പ്രതിഭകളെ പരിപോഷിപ്പിക്കുകയും ആധുനിക അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നതിന് ഈ നയം ലക്ഷ്യമിടുന്നു. അതോടൊപ്പം അത്യാധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി കേരളത്തെ ഒരു പ്രാദേശിക വിനോദ വ്യവസായ ഉൽപ്പാദനകേന്ദ്രമാക്കി മാറ്റുക എന്നതും ലക്ഷ്യമിടുന്നു."

# 3.0 ലക്ഷ്യങ്ങൾ

**ഈ നയത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ ഇവയാണ്:-**

## സിനിമാ മേഖലയിൽ

- ഉത്പാദനക്ഷമതയിൽ സുസ്ഥിരമായ വളർച്ച നിലനിർത്തുക
- മേഖലയിൽ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിച്ച് ലാഭകരമാക്കുക.
- മാനവവിഭവശേഷിയുടെ ഉത്തമമായ ഉപയോഗം സാധ്യമാക്കുക
- അത്യാധുനിക സാങ്കേതികവിദ്യ വിന്യസിച്ചുകൊണ്ട് അന്താരാഷ്ട്ര മത്സരക്ഷമത കൈവരിക്കുക
- തുല്യമായ അവസരങ്ങൾക്കുള്ള സാധ്യത ഉറപ്പാക്കിക്കൊണ്ട് തൊഴിലാളികൾക്കിടയിൽ ലിംഗപദവിനീതിയുടെ ഭാഗമായി തുല്യത ഉറപ്പാക്കുക
- ആഗോള വിനോദ വ്യവസായത്തിലെ പ്രധാന പങ്കാളിയായി മലയാള സിനിമയെ മാറ്റുക
- സമ്പന്നമായ ഒരു സാംസ്കാരിക പൈതൃകം വരുംതലമുറകൾക്ക് കൈമാറുക

# 4.0 തന്ത്രം (Strategy)

ഈ നയം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള തന്ത്രത്തിൽ ഇവ ഉൾപ്പെടുന്നു:-

- മേഖലയുടെ സുസ്ഥിരവളർച്ച ഉറപ്പാക്കുന്നതിനുള്ള ശരിയായ പ്രോത്സാഹന സംവിധാനം കണ്ടെത്തുക

- സിനിമാ നിർമ്മാണം, വിപണനം, പ്രദർശനം എന്നിവയ്ക്കായി സർക്കാരിന് അതിനെ ഒരു വ്യവസായമായി തിരിച്ചറിയാൻ കഴിയും വിധം സുതാര്യവും സുശക്തവും കാര്യക്ഷമവുമായ ഒരു ആവാസവ്യവസ്ഥ സൃഷ്ടിക്കുക
- പ്രതിഭകളെ ആകർഷിക്കുന്നതിനും നിലനിർത്തുന്നതിനും മതിയായ നടപടികൾ ഉറപ്പാക്കുക
- മേഖലയുടെ സുഗമമായ പ്രവർത്തനത്തിനുവേണ്ടി തർക്കപരിഹാരത്തിന് ഉചിതമായ സംവിധാനങ്ങൾ ഒരുക്കുക
- മേഖലയിൽ ലിംഗസമത്വം ഉറപ്പാക്കുക
- ഈ മേഖലയുടെ പ്രവർത്തനം സുഗമമാക്കാൻ സർക്കാരിന്റെതായ പദ്ധതികൾ രൂപീകരിക്കുക
- തൊഴിലാളികൾക്കിടയിലെ തർക്കങ്ങൾ ഒഴിവാക്കുന്നതിന് വ്യത്യസ്ത സിനിമാ വിതരണ പ്ലാറ്റ്ഫോമുകൾ സൃഷ്ടിക്കുകയും അവയ്ക്കുള്ള അടിസ്ഥാന നിയമങ്ങൾ സജ്ജമാക്കുകയും ചെയ്യുക.
- ടൂറിസം പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സഹകരണം തിരിച്ചറിയുകയും ആയത് കെട്ടിപ്പടുക്കുകയും ചെയ്യുക. അങ്ങനെ പരസ്പര പൂരകത്വം വഴി രണ്ട് മേഖലകളെയും വളരാൻ സഹായിക്കുക.
- സിനിമാ വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുക.
- നിക്ഷേപകരുടെ നിലനിൽപ്പിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം
- പ്രാദേശിക ഉള്ളടക്കത്തിന് വിവിധ വിപണികൾ കണ്ടെത്തുന്നതോടൊപ്പം പ്രാദേശിക വിപണിയിൽ വിദേശ ഉള്ളടക്കം പ്രോത്സാഹിപ്പിക്കുന്നതിനുള്ള സാധ്യതകളും കണ്ടെത്തുക
- സംസ്ഥാനത്ത് പ്രൊഡക്ഷൻ, സ്ക്രീനിംഗ് തുടങ്ങിയ സൗകര്യങ്ങളുടെ വികസനം പ്രോത്സാഹിപ്പിക്കുക.
- NFAI-യുമായി ചേർന്ന് കലാസൃഷ്ടികളുടെ ശരിയായ ആർക്കൈവിംഗിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുക.
- സിനിമാ നിർമ്മാണത്തിൽ സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുക.
- വ്യവസായത്തിലെ ബൗദ്ധിക സ്വത്തിന്റെ സംരക്ഷണം ഉറപ്പാക്കുക

- ❖ സിനിമയുടെ നിർമ്മാണത്തിലും പ്രദർശനത്തിലും ദേശീയ ഏജൻസികളുമായി ചേർന്ന് അത്യാധുനിക സാങ്കേതിക വിദ്യയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക.
- ❖ കാര്യക്ഷമമായ ഇടപാടുകൾ ഉറപ്പാക്കുന്നതിന് മേഖലയുടെ പ്രവർത്തനങ്ങളിൽ ഐടി അനുബന്ധ സേവനങ്ങൾ കൊണ്ടുവരിക.
- ❖ സർക്കാർ ഏജൻസികളിൽ നിന്നുള്ള അനുമതികൾക്കായി ഏകജാലക സംവിധാനം സ്ഥാപിക്കുക
- ❖ ഷൂട്ടിംഗ് സ്ഥലങ്ങളുടെ വികസനത്തിനുള്ള സുസ്ഥിരമായ നടപടികൾ ഉറപ്പുവരുത്തുക

## 5.0 **കേരള സംസ്ഥാന ചലച്ചിത്ര നയം: നാൾവഴികൾ**

കേരളത്തിന്റെ സാംസ്കാരിക, സാമ്പത്തിക മേഖലകളിൽ സിനിമയ്ക്കുള്ള പ്രാധാന്യത്തിന്റെ അടിസ്ഥാനത്തിലാണ് ഒരു സമഗ്രമായ ചലച്ചിത്ര നയം രൂപീകരിക്കുക എന്ന ആശയം ഉടലെടുത്തത്. വിവിധ ഘട്ടങ്ങളിലായി നടന്ന ചർച്ചകളും കമ്മിറ്റി റിപ്പോർട്ടുകളും ഈ നയരൂപീകരണത്തിന് അടിത്തറ പാകി.

### ചരിത്രപരമായ പശ്ചാത്തലം

കേരളത്തിലെ ചലച്ചിത്ര മേഖലയുടെ പുരോഗതിക്കായി വിവിധ കാലഘട്ടങ്ങളിൽ കമ്മിറ്റികൾ രൂപീകരിക്കുകയും അവ റിപ്പോർട്ടുകൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് അടൂർ ഗോപാലകൃഷ്ണൻ അദ്ധ്യക്ഷനായ കമ്മിറ്റിയുടെ റിപ്പോർട്ടാണ്. ഈ റിപ്പോർട്ടിൽ ചലച്ചിത്ര മേഖലയുടെ സമഗ്ര വികസനത്തിന് ഒരു നയം അനിവാര്യമാണെന്ന് ശുപാർശ ചെയ്തിരുന്നു. പിന്നീട്, സിനിമയിലെ സ്ത്രീകളുടെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച ഹേമ കമ്മിറ്റിയും സിനിമയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ശ്രദ്ധേയമായ നിർദ്ദേശങ്ങൾ മുന്നോട്ട് വെച്ചിട്ടുണ്ട്.

**നയരൂപീകരണത്തിനായുള്ള സമീപകാല പ്രവർത്തനങ്ങൾ**

സിനിമയെ സംബന്ധിച്ച് കേരള സർക്കാരിന്റെ സമഗ്രവും വികസനോന്മുഖവുമായ കാഴ്ച്ചപ്പാടിനെ പിൻപറ്റിയാണ് സിനിമാ നയ രൂപീകരണം എന്ന ആശയം ഉടലെടുത്തത്. അടൂർ കമ്മിറ്റിയുടേത് അടക്കമുള്ള റിപ്പോർട്ടുകൾ, ഒരു സിനിമാ നയം രൂപീകരിക്കണമെന്ന് ശുപാർശ ചെയ്തിരുന്നു. 2023 ജൂണിൽ സിനിമാ നയത്തിനുള്ള സമീപനരേഖ തയ്യാറാക്കുന്നതിനായി ഒരു പാനൽ രൂപീകരിച്ചിരുന്നു. ആയതിനെ തുടർന്ന് രണ്ട് ദിവസത്തെ സിനിമാ കോൺക്ലേവ് അടക്കം, സിനിമയിലെ സമഗ്ര മേഖലകളിലെയും സംഘടനകളും വ്യക്തികളുമായി കേരളത്തിലുടനീളം വിപുലമായ ചർച്ചകൾ സംഘടിപ്പിച്ചിരുന്നു. പാനൽ സംസ്ഥാനത്തുടനീളം 20 യോഗങ്ങളിലായി 400-ൽ അധികം വ്യക്തികളുമായി കൂടിക്കാഴ്ച നടത്തി.

**ഭാവി നടപടികൾ**

ഈ വിപുലമായ ചർച്ചകളിൽ നിന്ന് ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങളും വിവരങ്ങളും ക്രോഡീകരിച്ച് രൂപീകരിക്കുന്ന നയം മലയാള സിനിമയുടെ കലാപരവും സാമ്പത്തികവുമായ വളർച്ചയ്ക്ക് ഒരു പുതിയ ദിശാബോധം നൽകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

# 6.0 ധനകാര്യം

ഒരു കലാരൂപമെന്നതിലുപരി, സിനിമ ശക്തമായ ഒരു തൊഴിൽ മേഖല കൂടിയാണ്. ഈ മേഖലയുടെ വളർച്ചയ്ക്ക് സാമ്പത്തിക പിന്തുണയും സുതാര്യമായ സാമ്പത്തിക നയങ്ങളും അനിവാര്യമാണ്. നിലവിൽ സംസ്ഥാന സർക്കാർ നൽകുന്ന സാമ്പത്തിക പ്രോത്സാഹനങ്ങൾ മെച്ചപ്പെടുത്തുന്നതിനും മലയാള സിനിമയ്ക്ക് മാത്രമല്ല, കേരളത്തിൽ ചിത്രീകരിക്കുന്ന മറ്റ് ഇന്ത്യൻ, വിദേശ സിനിമകൾക്കും സാമ്പത്തിക ആനുകൂല്യങ്ങൾ നൽകി ഈ മേഖലയെ, ഒരു പ്രധാന സാമ്പത്തിക സ്രോതസ്സാക്കി മാറ്റാനുമാണ് ഈ ഉദ്യമം ലക്ഷ്യമിടുന്നത്.

സിനിമയെ ഒരു വ്യവസായമായി പ്രഖ്യാപിക്കുന്നത് ധനസഹായം എളുപ്പത്തിൽ ലഭ്യമാക്കാനും പ്രവർത്തനങ്ങളിൽ സുതാര്യത കൊണ്ടുവരാനും സഹായിക്കും. ഇതിന്റെ ഭാഗമായി, "ഫിലിം ഡെവലപ്മെന്റ് ഫണ്ട്" സ്ഥാപിക്കുന്നതിനും, വെർച്വൽ ക്യാപിറ്റൽ ഫണ്ടിംഗ് പോലെയുള്ള പുതിയ ധനസ്രോതസ്സുകൾ കൊണ്ടുവരുന്നതിനും ഈ നയം നിർദ്ദേശിക്കുന്നു. കൂടാതെ, ചലച്ചിത്ര നിർമ്മാണച്ചെലവുകൾക്ക് ഒരു ഏകീകൃത മാനദണ്ഡം രൂപീകരിക്കുകയും, നികുതി പരിഷ്കാരങ്ങൾക്കായി പഠനം നടത്തുകയും ചെയ്യേണ്ടതുണ്ട്. ആയതും ഈ നയത്തിന്റെ ഭാഗമാണ്.

ഈ നയം സിനിമയുടെ സാമ്പത്തിക അടിത്തറ ശക്തിപ്പെടുത്തുന്നതിനും, സാമ്പത്തിക ഇടപാടുകളിൽ കൂടുതൽ സുതാര്യത ഉറപ്പുവരുത്തുന്നതിനും, അതുവഴി കേരളത്തിന്റെ ചലച്ചിത്ര മേഖലയെ കൂടുതൽ ആകർഷകവും സുസ്ഥിരവുമാക്കുന്നതിനും ലക്ഷ്യമിടുന്നു.

## 6.1 മലയാള സിനിമയ്ക്കുള്ള സാമ്പത്തിക പ്രോത്സാഹനങ്ങൾ

സംസ്ഥാന സർക്കാർ മലയാള സിനിമയെ പ്രോത്സാഹിപ്പിക്കുന്നതിനായി 2025-26 വർഷത്തിൽ 37 കോടി രൂപ കെഎസ്എഫ്ഡിസി, ചലച്ചിത്ര അക്കാദമി എന്നീ സ്ഥാപനങ്ങൾ വഴി നൽകിയിട്ടുണ്ട്. 2021 മുതൽ 2026 വരെ 100 കോടിയിലേറെ രൂപ പെൻഷനും മറ്റ് ആനുകൂല്യങ്ങൾക്കും വേണ്ടി സാംസ്കാരിക ക്ഷേമനിധി ബോർഡ് മുഖേന നൽകിയിട്ടുണ്ട്. അതോടൊപ്പം ചിത്രാഞ്ജലി സ്റ്റുഡിയോ നവീകരണം, പുതിയ തീയേറ്ററുകളുടെ നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് കിഫ്ബി വഴിയും ധനസഹായം നൽകി വരുന്നുണ്ട്. സിനിമയിലെ സ്ത്രീകളെയും പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിനും പാക്കേജ് സിനിമകൾക്ക് സബ് സിഡി അടക്കമുള്ള കാര്യങ്ങൾ നൽകിക്കൊണ്ട് തന്നെ മലയാള സിനിമയെ നവീകരിക്കുന്നതിന് ഉതകുന്ന തരത്തിൽ, പൊതുവായ ഒരു സാമ്പത്തിക പ്രോത്സാഹന പദ്ധതി സർക്കാരിന് നടപ്പാക്കാവുന്നതാണ്. ചലച്ചിത്ര പ്രവർത്തകരായ സ്ത്രീകൾക്കും പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്കും ഇടയിലുള്ള ഈ പൊതു പ്രോത്സാഹന പദ്ധതി വിപുലീകരിക്കേണ്ടതും കൂടുതൽ മെച്ചപ്പെടുത്തേണ്ടതുമാണ്.

## 6.2 കേരളത്തിൽ നിർമ്മിക്കുന്ന മറ്റ് ഇന്ത്യൻഭാഷകളിലെ സിനിമയ്ക്കുള്ള സാമ്പത്തിക പ്രോത്സാഹനങ്ങൾ.

സംസ്ഥാനത്തെ ഒരു പ്രധാന സാമ്പത്തിക പ്രവർത്തനമായി സിനിമാ ഷൂട്ടിംഗ് വികസിപ്പിക്കുന്നതിന് മറ്റ് ഇന്ത്യൻഭാഷാ സിനിമകളുടെ നിർമ്മാണം കേരളത്തിൽ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. ഫിലിം ഫെസിലിറ്റേഷൻ ഓഫീസിന്റെ വെബ്സൈറ്റ് വഴി സംസ്ഥാനത്തെ ഷൂട്ടിംഗ് ലൊക്കേഷനുകളുടെ വിപണനം സംസ്ഥാനത്തിന് ഏറ്റെടുക്കാവുന്നതാണ്. അതിനാൽ, മലയാളം ഒഴികെയുള്ള ഇന്ത്യൻ ഭാഷകളിലെ സിനിമകൾക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി സാമ്പത്തിക ആനുകൂല്യങ്ങൾക്കുള്ള അർഹത പരിശോധിക്കേണ്ടതാണ്.

## 6.3 വിദേശ നിർമ്മാതാക്കൾ കേരളത്തിൽ നിർമ്മിക്കുന്ന സിനിമയ്ക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ

വിദേശ നിർമ്മാതാക്കൾ സംസ്ഥാനത്ത് സിനിമ നിർമ്മിക്കുന്നതിനെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. സംസ്ഥാനത്തെ ഷൂട്ടിംഗ് ലൊക്കേഷനുകളും, ഷൂട്ടിംഗിന്റെ മറ്റ് നേട്ടങ്ങളും, കുറഞ്ഞ ചിലവ്, പരിശീലനം ലഭിച്ച ക്രൂ തുടങ്ങിയവയും മറ്റ് രാജ്യങ്ങളിലെ ഇന്ത്യൻ എംബസികളും കോൺസുലേറ്റുകളും വഴി പ്രചരിപ്പിക്കണം. സംസ്ഥാനത്ത് ഷൂട്ട് ചെയ്യുന്ന വിദേശ നിർമ്മാതാക്കൾക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ നൽകാവുന്നതാണ്.

## 6.4 ചലച്ചിത്ര വികസന ഫണ്ട്

"ഫിലിം ഡെവലപ്മെന്റ് ഫണ്ട്" എന്ന പേരിൽ സർക്കാരിന് ഒരു ഫണ്ട് സൃഷ്ടിക്കാവുന്നതാണ്. പ്രസ്തുത ഫണ്ട് നയത്തിൽ സൂചിപ്പിച്ചിട്ടുള്ള വിവിധ പ്രൊമോഷണൽ, ക്ഷേമ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാം. സംസ് ഥാനത്തിന്റെ OTT പ്ലാറ്റ്ഫോമിൽ നിന്നുള്ള വരുമാനത്തിന്റെ ഒരു ഭാഗം, വൻകിട പ്രൊഡക്ഷൻ ഹൗസുകളിൽ നിന്നുള്ള സംഭാവനകൾ, വ്യവസായത്തിലെ ഉയർന്ന ആസ്തിയുള്ള വ്യക്തികളിൽ നിന്നുള്ള സംഭാവനകൾ, സ്റ്റേജ് ഷോകൾ, എക് സിബിഷനുകൾ, പ്രീമിയം സ്ക്രീനിങ്ങുകൾ തുടങ്ങിയവയിലൂടെ സർക്കാരിന് ഈ ഫണ്ടിന്റെ സാമ്പത്തിക സ്രോതസ്സ് കണ്ടെത്താം. ഫണ്ടിന് പ്രാഥമിക മൂലധനമായി

സംസ്ഥാന സർക്കാർ 10 കോടി രൂപ നൽകും. ആവർത്തന വരുമാനം ഉറപ്പാക്കുന്നതിനുള്ള സാധ്യതകൾ കണ്ടെത്തേണ്ടതാണ്.

ചലച്ചിത്ര വികസന ഫണ്ടിൽ നിന്നുള്ള ചെലവുകൾ ഇനി പറയുന്നവരടങ്ങുന്ന ഒരു കമ്മിറ്റി അംഗീകരിക്കും:

| | |
|---|---|
| സാംസ്കാരിക വകുപ്പ് മന്ത്രി | ചെയർമാൻ |
| സാംസ്കാരിക കാര്യ വകുപ്പ് സെക്രട്ടറി | വൈസ് ചെയർമാൻ |
| സാംസ്കാരിക വകുപ്പ് ഡയറക്ടർ | അംഗം |
| ചെയർമാൻ, കെ.എസ്.എഫ്.ഡി.സി | അംഗം |
| ചെയർമാൻ, ചലച്ചിത്ര അക്കാദമി | അംഗം |
| ചെയർമാൻ<br>സാംസ്കാരിക ക്ഷേമനിധി ബോർഡ് | അംഗം |
| ധനകാര്യ സെക്രട്ടേറിയറ്റിൽ നിന്നുള്ള പ്രതിനിധി | അംഗം |
| സെക്രട്ടറി, ചലച്ചിത്ര അക്കാദമി | അംഗം |
| മാനേജിങ് ഡയറക്ടർ, കെ.എസ്.എഫ്.ഡി.സി | കൺവീനർ |

## 6.5 വ്യവസായമെന്ന നിലയിൽ സിനിമ

ഒരു വ്യവസായം എന്ന നിലയിൽ ലഭ്യമായേക്കാവുന്ന വിവിധ പ്രോത്സാഹനങ്ങൾ പ്രയോജനപ്പെടുത്തുന്നതിനും വേഗത്തിൽ ധനസഹായം ലഭ്യമാക്കുന്നതിനുമായി സർക്കാർ ചലച്ചിത്ര നിർമ്മാണവും പ്രദർശനവും ഒരു വ്യവസായമായി പ്രഖ്യാപിക്കേണ്ടതാണ്. ഒരു വ്യവസായമായി കണക്കാക്കുന്നത് വ്യാവസായിക ആവാസവ്യവസ്ഥയ്ക്കുള്ളിൽ സിനിമാ നിർമ്മാണത്തിന് വിവിധ നേട്ടങ്ങൾക്ക് അർഹത നേടുകയും അതുവഴി പ്രക്രിയയെ കൂടുതൽ സുതാര്യവും സാമൂഹിക ഉത്തരവാദിത്വമുള്ളതാക്കുകയും ചെയ്യും.

സർക്കാർ, ഒരു വ്യവസായം എന്ന നിലയിൽ ഇതിനെ അംഗീകരിക്കുകയും വിവിധ വ്യവസായ അസോസിയേഷനുകളായി ഇതിന്റെ കൂട്ടായ വളർച്ചയ്ക്കും സുഗമമായ പ്രവർത്തനത്തിനും വേണ്ടി നിരന്തരമായ സംവാദത്തിൽ ഏർപ്പെടുകയും ചെയ്യും.

## 6.6 പവർ താരിഫ്

സിനിമാ പ്രദർശകർ ഉയർത്തുന്ന ഒരു പ്രധാന പ്രശ്നം വൈദ്യുതി നിരക്കാണ്. ഇപ്പോൾ സിനിമാ പ്രദർശകർക്ക് വാണിജ്യ ആവശ്യങ്ങൾക്കായി നിശ്ചയിച്ചിട്ടുള്ള വൈദ്യുതി നിരക്കാണ് ഈടാക്കുന്നത്. വ്യാവസായിക, വിനോദസഞ്ചാര മേഖലകൾക്ക് ഇക്കാര്യത്തിൽ മുൻഗണന ലഭിക്കുകയും അവർക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്നു. വ്യവസായിക നിരക്ക് സിനിമയ്ക്ക് ബാധകമാക്കുന്നതിനോ അല്ലെങ്കിൽ സിനിമാ പ്രദർശനത്തിനായി വാണിജ്യ നിരക്കിനേക്കാൾ കുറഞ്ഞ മറ്റൊരു നിരക്ക് നിശ്ചയിക്കുന്നതിനോ സർക്കാർ കേരള ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനുമായി കൂടിയാലോചിക്കേണ്ടതാണ്. പാരമ്പര്യേതര ഊർജസ്രോതസ്സുകൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നിലവിലെ പദ്ധതികൾക്കനുസൃതമായി സിനിമാ തിയേറ്ററുകളിലെ സൗരോർജ്ജ പ്ലാന്റ് പദ്ധതികൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിൽ പ്രത്യേക പരിഗണന നൽകേണ്ടതാണ്.

## 6.7 സിനിമയിലെ വെർച്വൽ ക്യാപിറ്റൽ

ഈ നയത്തിൽ വിശദമാക്കിയിട്ടുള്ള വിവിധ ഇടപെടലുകളിലൂടെ സിനിമയുടെ സാമ്പത്തികവശങ്ങളായ നിർമ്മാണം, വിതരണം, പ്രദർശനം എന്നിവയിൽ സുതാര്യത കൈവരിച്ചശേഷം സ്വകാര്യ പങ്കാളിത്തത്തോടെ ചലച്ചിത്ര നിർമ്മാണത്തിനായി ഒരു വെർച്വൽ ക്യാപിറ്റൽ പ്ലാറ്റ്ഫോം സ്ഥാപിക്കാൻ സർക്കാർ ശ്രമിക്കേണ്ടതാണ്. ഈ വെർച്വൽ ക്യാപിറ്റൽ പ്ലാറ്റ്ഫോമിന് സാമൂഹിക പ്രസക്തിയുള്ള സിനിമയ്ക്ക് ധനസഹായം നൽകുന്നതിന് ക്രൗഡ് സോഴ്സിങ് ഉപയോഗിക്കാം. ഇതിന്റെ നടത്തിപ്പ് ചുമതല കെ.എസ്.എഫ്.ഡി.സിക്ക് നൽകാം.

## 6.8 ഫിലിം ഇൻഫ്രാസ്ട്രക്ചറിനുള്ള വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ്

പ്രൊഡക്ഷൻ സൗകര്യങ്ങൾ, ഉപകരണങ്ങൾ, പോസ്റ്റ് പ്രൊഡക്ഷൻ സ്റ്റുഡിയോകൾ, പ്രദർശന സൗകര്യങ്ങൾ മുതലായ സിനിമാ വ്യവസായ അടിസ്ഥാന സൗകര്യങ്ങൾ സർക്കാർ കാലാകാലങ്ങളിൽ അവലോകനം ചെയ്യുകയും കുറവുകൾ പരിഹരിക്കുന്നതിനായി വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ് സ്കീമുകൾ രൂപീകരിക്കുകയും ചെയ്യേണ്ടതാണ്. ഈ വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ് ഈ നയത്തിന് കീഴിൽ സൃഷ്ടിക്കാവുന്ന ഫിലിം ഡെവലപ്മെന്റ് ഫണ്ടിൽ നിന്നും ആകാം. PPP മാതൃകയും പരിശോധിക്കാവുന്നതാണ്.

## 6.9 ഉൽപാദനച്ചെലവ്

സിനിമയ്ക്കായുള്ള സാമ്പത്തിക പ്രോത്സാഹനവും മറ്റ് സർക്കാർ പ്രോത്സാഹനങ്ങളും നിർമ്മാണച്ചെലവിനെ അടിസ്ഥാനമാക്കിയുള്ള തായതിനാൽ സിനിമയുടെ നിർമ്മാണച്ചെലവ് കണക്കാക്കുന്നതിന് ഏകീകൃത മാനദണ്ഡം വേണം. ഈ മാനദണ്ഡത്തെ മാത്രം അടിസ്ഥാനമാക്കിയുള്ള ഉൽപ്പാദനച്ചെലവാണ് പരിഗണിക്കേണ്ടത്.

## 6.10 തടസ്സമില്ലാത്ത ഫിലിം കാർഡ്

നിർദ്ദിഷ്ട ആവശ്യങ്ങൾക്കായി ഡിജിറ്റൽ വാലറ്റുകൾ സൃഷ്ടിക്കുന്നത് ഉപഭോക്തൃ സ്വഭാവത്തെ നല്ല രീതിയിൽ സ്വാധീനിക്കുന്നുണ്ട്. സ്മാർട്ട് കാർഡുകൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഒരു ഡിജിറ്റൽ വാലറ്റ് തീയേറ്ററുകളിൽ പ്രവേശിക്കുന്നതിന് വേണ്ടി സൃഷ്ടിക്കും. ഈ പണമടയ്ക്കൽ രീതി സ്വീകരിക്കാൻ ഓരോ തിയേറ്ററുകൾക്കും സ്വാതന്ത്ര്യമുണ്ടായിരിക്കും. ഈ സ്മാർട്ട് കാർഡുകളിലൂടെ തീയേറ്ററുകൾക്ക് ഓഫറുകളും സ്പെഷ്യൽ ഷോകളും നൽകി അവരുടെ ബിസിനസ്സ് പ്രോത്സാഹിപ്പിക്കാനാകും. ഇത് ഡിജിറ്റൽ ഇടപാടുകളെ പ്രോത്സാഹിപ്പിക്കും.

## 6.11 നികുതി ആനുകൂല്യങ്ങൾ

സിനിമാ വ്യവസായത്തെ ബാധിക്കുന്ന പ്രത്യക്ഷമായും പരോക്ഷമായും ഉള്ള വിവിധ നികുതികളെക്കുറിച്ച് സർക്കാർ പഠനം നടത്തേണ്ടതാണ്. സിനിമ സംഘടനകൾ ആശങ്കപ്പെടുന്ന ഇരട്ട നികുതി ഉൾപ്പെടെ ഈ പഠനത്തിൽ പരിഗണിക്കാം. സംസ്ഥാനത്ത് വ്യവസായത്തിന്റെ സുസ്ഥിരമായ വളർച്ച ഉറപ്പാക്കുന്നതിന് ആവശ്യമായ നികുതി പരിഷ്കാരങ്ങൾ ഈ പഠനത്തിന് നിർദ്ദേശിക്കാം. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനെ സർക്കാരിന് ഈ പഠനത്തിനും ശുപാർശകൾ നൽകാനും ചുമതലപ്പെടുത്താം.

**നിർദ്ദേശങ്ങളും ശുപാർശകളും**

- **ശുപാർശ 6.1:** വിനോദ നികുതി ഘടനാ പരിഷ്കാരം വരുത്തുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പുമായി കൂടിയാലോചിക്കുക. ഇരട്ട നികുതി സംബന്ധിച്ച സിനിമാ സംഘടനകളുടെ അഭിപ്രായം പരിശോധിക്കേണ്ടതാണ്

  GST കൗൺസിലുമായും തദ്ദേശ സ്വയംഭരണ വകുപ്പുമായും ചർച്ച നടത്തി, സിനിമാ ടിക്കറ്റുകളിൻമേലുള്ള വിനോദ നികുതി പൂർണ്ണമായും നിർത്തലാക്കുന്നത് പരിശോധിക്കണം. അല്ലെങ്കിൽ GST-യിൽ നിന്ന് സംസ്ഥാനത്തിന് ലഭിക്കുന്ന വിഹിതം തദ്ദേശ സ്ഥാപനങ്ങൾക്ക് നേരിട്ട് നൽകി ഇരട്ട നികുതി ഒഴിവാക്കണമെന്ന നിർദ്ദേശം പരിശോധിക്കേണ്ടതാണ്.

- **ശുപാർശ 6.2:** സിനിമയെ ഔദ്യോഗികമായി ഒരു വ്യവസായമായി അംഗീകരിച്ച്, ബാങ്കുകളിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കുറഞ്ഞ പലിശയ്ക്ക് നിർമ്മാതാക്കൾക്കും തിയേറ്റർ നവീകരണത്തിനും വായ്പ ലഭ്യമാക്കാൻ ഒരു പദ്ധതി ആവിഷ്കരിക്കുക. ഇതിനായി KSFDC-യെ ഒരു നോഡൽ ഫിനാൻസിംഗ് ഏജൻസിയായി ശാക്തീകരിക്കുക.

- **ശുപാർശ 6.3:** കേരളത്തിലെ സിനിമാ സബ്സിഡി ഘടന പൂർണ്ണമായും പരിഷ്കരിക്കുക. സിനിമയുടെ ബഡ്ജറ്റ്, കേരളത്തിലെ ചിത്രീകരണ

ദിവസങ്ങൾ, പ്രാദേശിക തൊഴിലാളികളുടെ പങ്കാളിത്തം, സാമൂഹിക-സാംസ്കാരിക പ്രസക്തി എന്നിവ അടിസ്ഥാനമാക്കി, മറ്റ് സംസ്ഥാനങ്ങളുമായി മത്സരക്ഷമമായ രീതിയിൽ സബ്സിഡി തുക വർദ്ധിപ്പിക്കുക.

- **ശുപാർശ 6.4:** ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സഹായത്തോടെ, എല്ലാ തിയേറ്ററുകളെയും ബന്ധിപ്പിച്ച്, സുതാര്യവും തത്സമയ ഡാറ്റ ലഭ്യമാക്കുന്നതുമായ ഒരു കേന്ദ്രീകൃത ഇ-ടിക്കറ്റിംഗ് പ്ലാറ്റ്ഫോം അടിയന്തരമായി സ്ഥാപിക്കുക. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി KSFDC-യെ ചുമതലപ്പെടുത്തുകയും KSFDC-യെ നോഡൽ ഏജൻസിയായി സർക്കാർ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

- **ശുപാർശ 6.5:** വ്യാജ ഓൺലൈൻ റിവ്യൂകൾ, പെയ്ഡ് ഡീഗ്രേഡിംഗ്, റേറ്റിംഗ് മാനിപ്പുലേഷൻ എന്നിവയ്ക്കെതിരെ, കേന്ദ്ര സർക്കാരിന്റെ ഉപഭോക്തൃ സംരക്ഷണ നിയമപ്രകാരവും ഐ.ടി നിയമപ്രകാരവും നടപടിയെടുക്കാൻ ഒരു നിരീക്ഷണ സംവിധാനം സംസ്ഥാന തലത്തിൽ രൂപീകരിക്കുക.

## 7.0 സിനിമ എന്ന പണിയിടം: ലിംഗനീതി, തൊഴിൽ അവകാശങ്ങൾ, കരാറുകൾ

മലയാള സിനിമയുടെ കലാപരമായ ഔന്നത്യം ലോകമെങ്ങും പ്രശംസിക്കപ്പെടുമ്പോൾ, അതിന്റെ തൊഴിൽ സംസ്കാരം പലപ്പോഴും വേണ്ടത്ര പരിഗണിക്കപ്പെടുന്നില്ല. ഒരു സിനിമയുടെ വിജയത്തിനു പിന്നിൽ പ്രവർത്തിക്കുന്ന നൂറുകണക്കിന് തൊഴിലാളികളുടെ അവകാശങ്ങളും സുരക്ഷയും ഉറപ്പാക്കേണ്ടത് ഈ വ്യവസായത്തിന്റെ സുസ്ഥിരമായ വളർച്ചയ്ക്ക് അനിവാര്യമാണ്. സിനിമാ മേഖലയെ ഒരു സാധാരണ തൊഴിലിടമായി (workplace) കണക്കാക്കുകയും, അത് ക്രമീകരിക്കപ്പെട്ടതും (regularized) ലിംഗസമത്വം (gender-inclusive) ഉറപ്പാക്കുന്നതുമാകണം. തൊഴിൽ നിയമങ്ങൾക്കനുസരിച്ച് തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുകയും, സുതാര്യമായ കരാർ വ്യവസ്ഥകൾ നിലവിൽ വരികയും ചെയ്യേണ്ടതുണ്ട്. തൊഴിൽപരമായ പ്രശ്നങ്ങളും, പ്രത്യേകിച്ച് ലിംഗപരമായ

അതിക്രമങ്ങൾ (Sexual Harassment at Workplace - POSH) ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിഹരിക്കുന്നതിനായി കൃത്യമായ പരാതി പരിഹാര സംവിധാനങ്ങൾ (grievance redressal mechanisms) സ്ഥാപിക്കേണ്ടത് അനിവാര്യമാണ്.

## 7.1 ഇൻഷുറൻസ്

നിലവിൽ സിനിമയിൽ പ്രവർത്തിക്കുന്ന വ്യക്തികൾക്ക് അവർ അഭിമുഖീകരിക്കുന്ന വിവിധ അപകടസാധ്യതകൾ ഉൾക്കൊള്ളുന്ന തരത്തിലുള്ള ഇൻഷുറൻസ് പരിരക്ഷ ലഭ്യമാകുന്നില്ല. എല്ലാ തലത്തിലും സിനിമാപ്രവർത്തകർക്കായി ഒരു സമഗ്ര ഇൻഷുറൻസ് പദ്ധതി സ്ഥാപിക്കേണ്ടതാണ്. ഈ നിർദ്ദിഷ്ട ഇൻഷുറൻസ് പദ്ധതിയിൽ ആരോഗ്യ പരിരക്ഷാ ചെലവുകൾ ഉൾക്കൊള്ളുന്ന ആരോഗ്യ ഇൻഷുറൻസ്, ഒരു അംഗത്തിന്റെ മരണത്തെ തുടർന്ന് ആശ്രിതരെ പരിരക്ഷിക്കുന്ന ലൈഫ് ഇൻഷുറൻസ്, അംഗത്തിന്റെയും കുടുംബത്തിന്റെയും പരിരക്ഷയ്ക്കായി അപകട ഇൻഷുറൻസ് എന്നിവ നൽകേണ്ടതാണ്. ഇൻഷുറൻസ് സ്കീം നൽകുന്നതിന് സർക്കാർ ഒരു ഇൻഷുറൻസ് കമ്പനിയുമായി (യുക്തമായ ടെൻഡർ പ്രക്രിയയെ അടിസ്ഥാനമാക്കി തിരഞ്ഞെടുത്തത്) കരാറുണ്ടാക്കേണ്ടതാണ്. പദ്ധതിയിൽ ഓരോ വ്യക്തിക്കും അവരുടെ പ്രത്യേക ആവശ്യങ്ങൾക്ക് അനുയോജ്യമായ രീതിയിൽ ഇൻഷുറൻസ് സ്കീം ക്രമീകരിക്കാൻ കഴിയും.

## 7.2 ക്ഷേമം

സിനിമ ഉൾപ്പെടെ ഏതൊരു തൊഴിൽ പ്രാധാന്യമുള്ള വ്യവസായത്തിന്റെയും സുസ്ഥിരതയ്ക്ക് അതിലെ തൊഴിലാളികൾക്കും പ്രവർത്തകർക്കും മതിയായ ക്ഷേമപ്രവർത്തനങ്ങൾ ആവശ്യമാണ്. 2010-ലെ കേരള കൾച്ചറൽ ആക്ടിവിസ്റ്റ് വെൽഫെയർ ഫണ്ട് ആക്ട് പ്രകാരം സർക്കാർ ഇതിനകം തന്നെ കേരള സാംസ്കാരിക പ്രവർത്തകരുടെ ക്ഷേമനിധി രൂപീകരിച്ചിട്ടുണ്ട്. സാംസ്കാരിക പ്രവർത്തകരുടെ വൈവിധ്യമാർന്ന ധാരകളെ ഉൾക്കൊള്ളുന്ന ഈ ക്ഷേമനിധിയിൽ സിനിമ പ്രവർത്തകർക്ക് പങ്കാളിത്തമുണ്ട്.

സിനിമ പ്രവർത്തകരുടെ ക്ഷേമത്തിൽ കൂടുതൽ ശ്രദ്ധ ക്ഷേമനിധി ബോർഡ് പതിപ്പിക്കേണ്ടതാണ്.

വിവിധ ജില്ലകളിലെ സിനിമാകലാകാരർക്കും സാങ്കേതിക വിദഗ്ധർക്കുമായി സർക്കാരിന് ഭവനപദ്ധതികൾ ലാഭനഷ്ടരഹിതമായി നടപ്പാക്കാം. വൃദ്ധസദനം ആവശ്യമായി വരുന്ന കലാകാരർക്കും സാങ്കേതിക വിദഗ്ധർക്കും ഈ സൗകര്യം സർക്കാർ വിഭാവനം ചെയ്യേണ്ടതാണ്. സിനിമാ പ്രവർത്തകർക്ക് മാന്യമായ ഒരു വിരമിക്കൽ ജീവിതം ഉറപ്പാക്കാൻ ക്ഷേമനിധി പെൻഷൻ വർദ്ധിപ്പിക്കേണ്ടതുണ്ട്.

സിനിമാ പ്രവർത്തകരുടെ മക്കളുടെ വിദ്യാഭ്യാസത്തിനായി സർക്കാർ സ്കോളർഷിപ്പ് രൂപീകരിക്കേണ്ടതാണ്. ധനകാര്യ സ്ഥാപനങ്ങളുമായി ചേർന്ന് സിനിമാ പ്രവർത്തകർക്ക് ഭവനവായ്പ ലഭ്യമാക്കുന്ന സംവിധാനവും പരിഗണിക്കേണ്ടതാണ്.

സിനിമാ തൊഴിലാളികൾക്കിടയിലെ അവശത അനുഭവിക്കുന്നവരെ സഹായിക്കുന്നതിനായി മേഖലയ്ക്കുള്ളിലെ ലഭ്യമായ കലാപരമായ കഴിവുകൾ പ്രയോജനപ്പെടുത്തി ഫണ്ട് സ്വരൂപിക്കുവാൻ കഴിയുന്ന ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സംഘടനകളെ സർക്കാർ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

കലാകാരർക്കും സാങ്കേതിക വിദഗ്ധർക്കും സ്ഥിരമായ വരുമാനം ലഭിക്കുന്നതിനും സാമ്പത്തിക ചൂഷണത്തിൽ നിന്ന് സംരക്ഷിക്കപ്പെടുന്നതിനുമായി ന്യായമായ വേതനം സർക്കാർ ഉറപ്പു വരുത്തേണ്ടതാണ്.

സിനിമാ മേഖലയിലെ കലാകാരരുടെയും സാങ്കേതിക വിദഗ്ധരുടെയും ക്ഷേമത്തിനായി മീഡിയ & എന്റർടെയിന്മെന്റ് വ്യവസായത്തിലെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ടുകൾ വിനിയോഗിക്കുന്നതിനുള്ള സാദ്ധ്യതകൾ സർക്കാർ പരിശോധിക്കേണ്ടതാണ്.

ക്ഷേമ നടപടികളുമായി ബന്ധപ്പെട്ട വിവിധ പരാതികൾ പരിഹരിക്കുന്നതിന് കേരള സാംസ്കാരിക പ്രവർത്തകരുടെ ക്ഷേമനിധി ബോർഡിൽ ഒരു പരാതി പരിഹാര സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

സിനിമ പ്രവർത്തകർക്കായി മെച്ചപ്പെട്ട പെൻഷൻ സ്കീം വിഭാവനം ചെയ്യേണ്ടതാണ്.

## 7.3 തർക്ക പരിഹാരസംവിധാനം

തർക്കപരിഹാരവും ദൈർഘ്യമേറിയ നിയമനടപടികൾ ഒഴിവാക്കലും ഏതൊരു വ്യവസായത്തിന്റെയും സുഗമമായ പ്രവർത്തനത്തിനു അനിവാര്യമാണ്. മധ്യസ്ഥ സംവിധാനത്തിലൂടെ സിനിമാ വ്യവസായത്തിന് ബദൽ തർക്കപരിഹാര സംവിധാനം സർക്കാർ രൂപീകരിക്കേണ്ടതാണ്. വിവിധ അംഗീകൃത ട്രേഡ് യൂണിയനുകളും ഈ ബദൽ തർക്കപരിഹാര സംവിധാനത്തിന്റെ ഭാഗമായിരിക്കും.

### 7.3.1 ബൗദ്ധിക സ്വത്തവകാശ തർക്കങ്ങൾ

ബൗദ്ധിക സ്വത്തവകാശ നിയമങ്ങളിൽ പ്രത്യേക വൈദഗ്ദ്യമുള്ളവരെ ബൗദ്ധിക സ്വത്തവകാശ തർക്കങ്ങളുടെ മധ്യസ്ഥതയ്ക്കും ബദൽ പരിഹാര സംവിധാനത്തിനുമായി ചുമതലപ്പെടുത്തേണ്ടതാണ്.

### 7.3.2 വ്യാപാര തർക്കങ്ങൾ

ബിസിനസ് നിയമത്തിൽ  പരിജ്ഞാനമുള്ള വ്യവസായ രംഗത്തെ പ്രമുഖ വ്യക്തികളെ ബദൽ തർക്കപരിഹാര സംവിധാനത്തിന് കീഴിൽ വ്യാപാര തർക്കങ്ങളുടെ മധ്യസ്ഥരായി സർക്കാർ നിയമിക്കേണ്ടതാണ്.

### 7.3.3 തൊഴിൽ/എച്ച് ആർ തർക്കങ്ങൾ

തൊഴിൽ നിയമങ്ങളിൽ പരിജ്ഞാനമുള്ള വ്യക്തികൾ, ട്രേഡ് യൂണിയൻ നേതാക്കൾ, ലേബർ ഓഫീസർമാർ തുടങ്ങിയവരെ തൊഴിൽ/എച്ച് ആർ തർക്കങ്ങളിൽ മധ്യസ്ഥത വഹിക്കുന്നതിനായി നിയമിക്കും. വിവിധ സേവന

ദാതാക്കൾ, സാങ്കേതിക വിദഗ്ധർ, കലാകാരർ തുടങ്ങിയവർക്കായുള്ള കരാറിനായി സർക്കാർ സ്റ്റാൻഡേർഡ് ടെംപ്ലേറ്റുകൾ പ്രസിദ്ധീകരിക്കേണ്ടതാണ്.

## 7.4 ലിംഗസമത്വം

ചലച്ചിത്രമേഖലപോലുള്ള വലിയൊരു മേഖലയിൽ ലിംഗസമത്വം ഉറപ്പാക്കേണ്ടത് അനിവാര്യമാണ്. വ്യവസ്ഥാപിതമായ അസമത്വങ്ങൾ ഇല്ലാതാക്കാനും എല്ലാ ലിംഗപദവികളിലുമുള്ള വ്യക്തികൾക്കും തുല്യ അവസരങ്ങൾ ഉറപ്പാക്കാനും ശ്രമിക്കേണ്ടതാണ്.

1. ചലച്ചിത്ര നയത്തിലും തുടർന്നുള്ള നിയമനിർമാണങ്ങളിലും ലിംഗസമത്വം ഉറപ്പ് വരുത്തുന്നതിലൂടെ സിനിമാ മേഖലയിലെ എല്ലാ വ്യക്തികൾക്കും ലിംഗഭേദമെന്യേ തുല്യ പ്രാതിനിധ്യവും അവസരങ്ങളും ഉറപ്പാക്കാൻ വലിയൊരളവുവരെ സാധ്യമാകും. ഇതിനായി സംരംഭങ്ങളും നടപടികളും പ്രത്യേകം രൂപകൽപന ചെയ്തു നടപ്പിലാക്കാവുന്നതാണ്. വേതനം, അവസരങ്ങൾ, വിസിബിലിറ്റി എന്നിവയിലെ ലിംഗപരമായ അസമത്വങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സജീവമായ നടപടികൾ സ്വീകരിക്കുവാൻ സർക്കാരുകളും സംഘടനകളും നയനിർമ്മാണത്തിനായി പ്രവർത്തിക്കുന്ന കൂട്ടായ്മകളും ഉൾപ്പെടെയുള്ള എല്ലാ വിഭാഗങ്ങളും മുന്നോട്ട് വന്നിട്ടുണ്ട്. അതോടൊപ്പം വിവിധ കമ്മിറ്റികളിൽ കുറഞ്ഞത് 30% സ്ത്രീ പ്രാതിനിധ്യം ഉറപ്പാക്കണം.
2. നയരേഖയിൽ, പ്രത്യേക സ്ഥാനത്തിന് ലിംഗഭേദമില്ലാത്ത പദങ്ങൾ ഉപയോഗിക്കണം. (ഉദാ: ചെയർമാന് പകരം ചെയർപേഴ്സൺ എന്ന രീതിയിൽ)
3. ചലച്ചിത്ര അവാർഡുവിതരണചടങ്ങുകൾ, സിനിമാതാര പ്രോഗ്രാമുകൾ, സ്റ്റേജ് ഷോകൾ, ഫിലിം പ്രൊമോഷൻ സ്ഥലങ്ങൾ എന്നിവ ഔദ്യോഗികമായി ചലച്ചിത്ര വ്യവസായ ജോലിസ്ഥലത്തിന് കീഴിലാണെന്ന് വ്യക്തമാക്കണം.

വിവാദങ്ങൾക്കപ്പുറം ചലച്ചിത്ര മേഖലയിലെ ലിംഗപദവിസമത്വവും വൈവിധ്യവൽക്കരണവും ഉൾക്കൊള്ളലുകളും പ്രോത്സാഹിപ്പിക്കുന്നതിന്

നയങ്ങളും നടപടികളും നടപ്പിലാക്കാൻ പ്രേരിപ്പിക്കുക എന്നത് അനിവാര്യമാണ്.

**ഈ നടപടികൾ ഇപ്രകാരമാണ്:**

ചലച്ചിത്ര മേഖലയിൽ സമഗ്രവും തുല്യവുമായ തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങളും മികച്ച സമ്പ്രദായങ്ങളും സർക്കാർ ആവിഷ്ക്കരിക്കണം. ലിംഗപദവി പ്രാതിനിധ്യവ്യവസ്ഥകൾ സിനിമയുടെ മാർഗനിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

സിനിമാ മേഖലയ്ക്കായി പ്രഖ്യാപിച്ച സാമ്പത്തിക ആനുകൂല്യങ്ങളുടെ നിശ്ചിത ശതമാനം വനിതാ സംരംഭകർക്കായി സർക്കാർ സംവരണം ചെയ്യേണ്ടതും സിനിമാമേഖലയുടെ ഡാറ്റാബേസിൽ സ്ത്രീകളുടെ പങ്കാളിത്തത്തെക്കുറിച്ചുള്ള പ്രത്യേക ഡാറ്റ ഉൾപ്പെടുത്തേണ്ടതുമാണ്. ഇതിലൂടെ ഈ രംഗത്ത് നിലനിൽക്കുന്ന ലിംഗപദവി അസമത്വത്തിന്റെ സ്ഥിതിവിവരം സർക്കാരിനും മറ്റ് അധികാരകേന്ദ്രങ്ങൾക്കും മനസിലാക്കുവാൻ കഴിയുന്നതുമാണ്.

**നിർദ്ദേശങ്ങളും ശുപാർശകളും**

- **ശുപാർശ 7.1:** സിനിമ സംബന്ധിച്ച വിവിധ കമ്മിറ്റി റിപ്പോർട്ടുകളുടെയും നയരൂപീകരണത്തിൽ ഉടനീളം നടന്ന ചർച്ചകളുടെയും അടിസ്ഥാനത്തിൽ സിനിമയെ ഒരു വ്യവസായമായി അംഗീകരിച്ച്, തൊഴിൽ സാഹചര്യങ്ങൾ, സുരക്ഷ, വേതനം എന്നിവ നിയന്ത്രിക്കുന്ന ഒരു സമഗ്ര-ലിംഗപദവി-നിഷ്പക്ഷനിയമം അടിയന്തരമായി പാസ്സാക്കുക.

- **ശുപാർശ 7.2:** എല്ലാ സിനിമ പ്രൊഡക്ഷൻ യൂണിറ്റുകളിലും POSH നിയമപ്രകാരമുള്ളതും, കാര്യക്ഷമമായി പ്രവർത്തിക്കുന്നതുമായ IC നിർബന്ധമാക്കുക. Internal Committee-കളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും, അവയുടെ തീരുമാനങ്ങൾക്കെതിരായ അപ്പീലുകൾ പരിഗണിക്കുന്നതിനും സംസ്ഥാന തലത്തിൽ ഒരു സ്വതന്ത്ര ട്രിബ്യൂണൽ സ്ഥാപിക്കുകയും ചെയ്യുക.

- **ശുപാർശ 7.3:** സിനിമാ മേഖലയിലെ എല്ലാ തൊഴിലാളികളും (സാങ്കേതിക പ്രവർത്തകർ, ജൂനിയർ ആർട്ടിസ്റ്റുകൾ, ഡ്രൈവർമാർ ഉൾപ്പെടെ) ഒരു കേന്ദ്രീകൃത ഓൺലൈൻ സംവിധാനം മുഖേന രജിസ്റ്റർ ചെയ്യുക. ഇതുവഴി ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ വിവരശേഖരണം നടത്തുന്നതിലൂടെ ഇവർക്ക് അർഹമായ രീതിയിൽ സാമൂഹ്യ സുരക്ഷാപദ്ധതികൾ ലഭ്യമാക്കുവാനും കഴിയും.

- **ശുപാർശ 7.4:** ജോലി സമയം (ഒരു ദിവസം), ഓവർടൈം വേതനം, മിനിമം വേതനം, പ്രസവാവധി, വിശ്രമ വേളകൾ, ലൊക്കേഷനുകളിലെ അടിസ്ഥാന സൗകര്യങ്ങൾ (ശുചിമുറികൾ, വസ്ത്രം മാറാനുള്ള സൗകര്യം) എന്നിവ വ്യക്തമാക്കുന്ന ഒരു മാതൃകാ തൊഴിൽ കരാർ (Model Employment Contract) സർക്കാർ തലത്തിൽ രൂപീകരിക്കുകയും, എല്ലാ നിർമ്മാതാക്കൾക്കും ഇത് നിർബന്ധമാക്കുകയും ചെയ്യേണ്ടതാണ്.

  - അതോടൊപ്പം വിവിധ കമ്മിറ്റികളിൽ കുറഞ്ഞത് 30% സ്ത്രീ പ്രാതിനിധ്യം ഉറപ്പാക്കണം.
  - നയരേഖയിൽ, പ്രത്യേക സ്ഥാനത്തിന് ലിംഗഭേദമില്ലാത്ത പദങ്ങൾ ഉപയോഗിക്കണം. (ഉദാ: ചെയർമാന് പകരം ചെയർപേഴ്സൺ എന്ന രീതിയിൽ)
  - ലഹരിവസ്തുക്കളുടെ ഉപയോഗം സിനിമാ / സീരിയൽ നിർമ്മാണ ഘട്ടങ്ങളിൽ കർശനമായി നിയന്ത്രിക്കണം.
  - പോളിസിയിൽ ചലച്ചിത്ര അവാർഡുവിതരണചടങ്ങുകൾ, സിനിമാ-താര, സ്റ്റേജ് ഷോകൾ, ഫിലിം പ്രൊമോഷൻ സ്ഥലങ്ങൾ എന്നിവ ഔദ്യോഗികമായി ചലച്ചിത്ര വ്യവസായ ജോലിസ്ഥലത്തിന് കീഴിലാണെന്ന് വ്യക്തമാക്കണം.
  - ഷൂട്ടിംഗ് ലോക്കഷനുകളിൽ ആവശ്യാനുസരണം ഒരോ വനിതാ-പുരുഷ സിവിൽ പോലീസ് ഓഫീസർമാരുടെ നിരീക്ഷണം ഉറപ്പുവരുത്തുകയും, ഇവരുടെ റിപ്പോർട്ടിനു നിയമസാധുത നൽകേണ്ടതുമാണ്. ആയത് ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകൾ മുഖാന്തരം നടപ്പിലാക്കേണ്ടതാണ്.

# 8.0 വിതരണവും പുതിയ സാങ്കേതികവിദ്യകളും

സിനിമാ വ്യവസായം ഒരു വലിയ പരിവർത്തനത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്. പരമ്പരാഗത തിയേറ്റർ വിതരണ രീതികൾ മുതൽ ആധുനിക ഒ.ടി.ടി. പ്ലാറ്റ്ഫോമുകൾ വരെയുള്ള മാറ്റങ്ങൾ ഈ മേഖലയുടെ സാമ്പത്തികവും സാങ്കേതികവുമായ ഘടനയെ സമൂലമായി മാറ്റിമറിച്ചു. ഈ നയരേഖ, മലയാള സിനിമയുടെ വിതരണ പ്രോട്ടോക്കോളുകളിൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്താൻ ലക്ഷ്യമിടുന്നു. കൂടാതെ, ഡിജിറ്റൽ യുഗത്തിലെ ഒരു പ്രധാന സ്വാധീനമായ ഒ.ടി.ടി. പ്ലാറ്റ്ഫോമുകളുടെ സാധ്യതകളെക്കുറിച്ചും ഈ നയം വിശദീകരിക്കുന്നു. കാഴ്ചക്കാരുടെ ഇഷ്ടത്തിനനുസരിച്ച് ഉള്ളടക്കം നൽകുന്ന ഈ പ്ലാറ്റ്ഫോമുകൾ, സിനിമാ കാഴ്ചയുടെ രീതിയെത്തന്നെ മാറ്റിമറിച്ചിരിക്കുന്നു. മലയാള സിനിമയുടെ ഉന്നമനത്തിനായി കേരള സർക്കാർ ആരംഭിച്ച സി-സ്പേസ് പോലുള്ള പ്ലാറ്റ് ഫോമുകളുടെ പ്രാധാന്യവും ഈ അധ്യായം എടുത്തുപറയുന്നു.

## 8.1 വിതരണ പ്രോട്ടോക്കോളുകൾ

സിനിമാ മേഖലയുടെ സുഗമമായ പ്രവർത്തനത്തിലും വളർച്ചയിലും കൃത്യമായ വിതരണ മാനദണ്ഡങ്ങൾ ഉണ്ടാവേണ്ടത് അനിവാര്യമാണ്. വിതരണ കരാറിലെ അവ്യക്തതയുമായി ബന്ധപ്പെട്ടാണ് ഈ മേഖലയിലെ മിക്ക പ്രശ്നങ്ങളും ഉദിക്കുന്നത്. സർക്കാർ ഒരു മാർഗ്ഗ നിർദ്ദേശമായി സ്റ്റാൻഡേർഡ് വിതരണകരാർ ടെംപ്ലേറ്റുകൾ പ്രസിദ്ധീകരിക്കേണ്ടതാണ്. ക്യൂബ്, യുഎഫ്ഒ തുടങ്ങിയ എക്സിബിഷൻ പ്ലാറ്റ് ഫോമുകൾക്ക് അംഗീകാരം ഏർപ്പെടുത്തുകയും അവയുടെ റീച്ച്, ഡാറ്റ സ്വകാര്യത, സുരക്ഷ തുടങ്ങിയവ പരിഗണിച്ച് അഗീകൃത പ്ലാറ്റ്ഫോമുകളിൽ ഏർപ്പെടാൻ വിതരണക്കാരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യാം. ഓരോ സിനിമയുടെയും വരുമാനം വർദ്ധിപ്പിക്കുന്നതിന് റിലീസ് വിൻഡോ സ്ട്രാറ്റജി അനിവാര്യമാണ്. ഏറ്റവും അനുയോജ്യമായ റിലീസ് വിൻഡോ രൂപീകരിക്കുവാൻ നിർമ്മാതാക്കൾ, വിതരണക്കാർ, പ്രദർശകർ എന്നിവർക്കിടയിൽ സർക്കാരിന് മധ്യസ്ഥത വഹിക്കാം. ഇ-ടിക്കറ്റിംഗ് നടപ്പിൽ വരുന്നതോടെ സുതാര്യമായ റിപ്പോർട്ടിംഗ് സംവിധാനം നിലവിൽവരും. മേഖലയ്ക്കുള്ളിൽ ആരോഗ്യകരമായ ബന്ധം നിലനിർത്തുന്നതിന്

വിതരണക്കാരുടെ സംഘടനകളെ സർക്കാർ അംഗീകരിക്കുന്നതോടൊപ്പം അവരുമായി നിരന്തര ബന്ധം പുലർത്തുകയും ചെയ്യണം. ഇതുമായി ബന്ധപ്പെട്ട് വിതരണക്കാരുടെ രജിസ്ട്രേഷൻ, KSFDC മുഖേന നടപ്പിലാക്കേണ്ടതാണ്.

## 8.2 OTT പ്ലാറ്റ് ഫോമുകൾ

പരമ്പരാഗത വിതരണ സംവിധാനത്തെ മാറ്റിമറിച്ചുകൊണ്ടാണ് OTT പ്ലാറ്റ്ഫോമുകളുടെയും അവയുടെ മുൻഗാമിയായ ഇന്റർനെറ്റ് ബേസ്ഡ് കണ്ടന്റ് ഡെലിവറിയുടെയും കടന്നുവരവ്. കഴിഞ്ഞ ദശകത്തിൽ പരമ്പരാഗത കേബിൾ, സാറ്റലൈറ്റ് ടിവി സേവനങ്ങളുടെ ആധിപത്യത്തെ വെല്ലുവിളിച്ച് നെറ്റ്ഫ്ളിക്സ്, ഹുലു, ആമസോൺ പ്രൈം വീഡിയോ, ഡിസ്നി പ്ലസ്, എച്ച്.ബി.ഒ മാക്സ് തുടങ്ങിയ പ്ലാറ്റ് ഫോമുകളിൽ അഭൂതപൂർവമായ കുതിപ്പ് നടത്തുന്നതിന് നാം സാക്ഷ്യം വഹിച്ചിരുന്നു.

OTT പ്ലാറ്റ്ഫോമുകളുടെ പ്രധാന സവിശേഷതകളിലൊന്ന് പ്രേക്ഷകന്റെ ആവശ്യാനുസരണം കണ്ടന്റ് ലഭ്യക്കുന്നു (on demand) എന്നതാണ്. പരമ്പരാഗത ടെലിവിഷന്റെ ഷെഡ്യൂളുകളിൽ നിന്ന് വ്യത്യസ്തമായി, OTT ഉപയോക്താക്കളെ അവരുടെ സൗകര്യത്തിനനുസരിച്ച് വൈവിധ്യമാർന്ന ഉള്ളടക്കം തെരഞ്ഞെടുക്കാൻ അനുവദിക്കുന്നു. ഷെഡ്യൂൾ ചെയ്ത പ്രോഗ്രാമിംഗിൽ നിന്ന് വ്യക്തിഗതമാക്കി ആവശ്യാനുസരണം കാണാനുള്ള ഈ മാറ്റം ആധുനിക ഉപഭോക്താക്കളുടെ വേഗതയേറിയതും വ്യക്തി കേന്ദ്രീകൃതമായതുമായ ജീവിതശൈലികൾക്ക് അനുയോജ്യമായ വിപ്ലവം തന്നെ ആയിരുന്നു.

OTT പ്ലാറ്റ്ഫോമുകളുടെ വിജയത്തിന്റെ പ്രധാന ഘടകം വിശാലവും വൈവിധ്യമാർന്നതുമായ ഉള്ളടക്കം നൽകുന്നതിൽ അവരുടെ നിഷ്കർഷയാണ്. സിനിമകൾ, ടിവി സീരീസ്, ഡോക്യുമെന്ററികൾ, എക്സ്ക്ലൂസിവ് ഒറിജിനൽ പ്രൊഡക്ഷനുകൾ എന്നിവ ഉൾപ്പെടുന്ന വിപുലമായ ലൈബ്രറി ആണ് അവർ ഉപയോക്താക്കൾക്കായി നൽകിയിരിക്കുന്നത്. ഒറിജിനൽ കണ്ടന്റുകളിൽ വലിയ നിക്ഷേപം നടത്തുക എന്ന തന്ത്രം OTT ഭീമൻമാരുടെ മുഖമുദ്രയായി മാറിയിരിക്കുന്നു. ഇത് അവരെ കേവലം വിതരണക്കാരിൽ നിന്ന് സൃഷ്ടാക്കളിലേക്ക് ഉയർത്തുന്നു.

OTT പ്ലാറ്റ്ഫോമുകളുടെ ആഗോളസ്വാധീനം സമാനതകളില്ലാത്തതാണ്. ലോകമെമ്പാടുമുള്ള ഇന്റർനെറ്റ് ഉപയോക്താക്കൾക്ക് അതിർത്തികൾ മറികടന്ന് ഈ പ്ലാറ്റ്ഫോമുകൾ ആക്സസ് ചെയ്യാൻ കഴിയും. ഈ ആഗോള ലഭ്യത കണ്ടന്റ് വിതരണത്തെ ജനാധിപത്യവൽക്കരിക്കുക മാത്രമല്ല, സാംസ്കാരിക വിനിമയം ആഗോളതലത്തിൽ സുഗമമാക്കുകയും ചെയ്തു. കൂടാതെ, OTT സേവനങ്ങളുടെ മൾട്ടി-ഡിവൈസ് കോംപാറ്റിബിലിറ്റി, സ്മാർട്ട്ഫോണുകൾ, ടാബ്ലെറ്റുകൾ എന്നിവയിൽ നിന്ന് സ്മാർട്ട് ടിവികളിലേക്കും കമ്പ്യൂട്ടറുകളിലേക്കും ഉപകരണങ്ങൾക്കിടയിൽ പരിധികളില്ലാതെ മാറുവാനും ഉപയോക്താക്കളെ അനുവദിക്കുന്നു. ഇത് ദൃശ്യാനുഭവത്തിനു കുടുതൽ സ്വാതന്ത്ര്യം നൽകുന്നു.

കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ സ്വന്തം ഒടിടി പ്ലാറ്റ്ഫോമായ സി-സ്പേസ് ആരംഭിച്ചിരിക്കുന്നു. ഇത് സർക്കാർ മേഖലയിൽ തന്നെ ആദ്യമായിട്ടാണ്. തനത് സംസ്കാരത്തിന്റെയും പൈതൃകത്തിന്റെയും സംരക്ഷണത്തിനും വികാസത്തിനും ശക്തമായ ഊന്നൽ നൽകികൊണ്ട് കലാമൂല്യമുള്ള കണ്ടന്റ് മാത്രം പ്രദർശിപ്പിക്കുന്ന OTT പ്ലാറ്റ്ഫോം നടപ്പിലാക്കുന്ന ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമായി ഇത് കേരളത്തെ മാറ്റി. ഈ പ്ലാറ്റ്ഫോം വിവിധ കലാരൂപങ്ങളെ പിന്തുണയ്ക്കുകയും കലാപരമായ പ്രോത്സാഹനത്തിന് ഉത്തേജകമായി പ്രവർത്തിക്കുകയും ചെയ്യും. സർക്കാർ പിന്തുണയുള്ള ഒരു സംവിധാനം എന്ന നിലയിൽ സുതാര്യത വളരെ പ്രധാനമായതിനാൽ എല്ലാ നിർമ്മാതാക്കൾക്കും അവരുടെ സിനിമകൾക്ക് ലഭിക്കുന്ന കാഴ്ചക്കാരുടെ എണ്ണം കാണാനുള്ള സംവിധാനം ഉണ്ടായിരിക്കും: അതിനാൽ, ഇതിന്റെ റവന്യൂ മോഡൽ പ്രേക്ഷകർ കാണുന്ന ഉള്ളടക്കത്തിന് മാത്രം പണം നൽകുന്ന രീതിയെ (Pay per view) അടിസ്ഥാനമാക്കിയുള്ളതാണ്, ഓരോ സിനിമയും ആ പ്രത്യേക ചിത്രത്തിന് ഒരു നിശ്ചിത തുക നൽകി പ്രേക്ഷകർക്ക് കാണാം. ഉയർന്ന നിലവാരമുള്ള കണ്ടന്റ് ആണ് ലഭ്യമാക്കുന്നതെന്നു ഉറപ്പാക്കിക്കൊണ്ട് പ്ലാറ്റ്ഫോമിലേക്കുള്ള സിനിമകളുടെ തിരഞ്ഞെടുപ്പ് ശ്രദ്ധാപൂർവ്വം ക്യൂറേറ്റ് ചെയ്യും. അവാർഡ് നേടിയ സിനിമകളും അംഗീകാരം ലഭിച്ച സിനിമകളും പ്ലാറ്റ്ഫോമിൽ പ്രദർശിപ്പിക്കും. കൂടാതെ, സാംസ്കാരിക പരിപാടികളുടെയും വിവിധ കലാരൂപങ്ങളുടെയും റെക്കോർഡ് ചെയ്തതും തത്സമയ സംപ്രേഷണം ചെയ്യുന്നതുമായ ഉള്ളടക്കങ്ങളുടെ സ്ട്രീമിംഗും പ്ലാറ്റ്ഫോം വാഗ്ദാനം ചെയ്യുന്നു.

അതോടൊപ്പം കലാകാരർക്ക് അവരുടെ കഴിവുകൾ പ്രകടിപ്പിക്കാനും വരുമാനം നേടാനുമുള്ള അവസരങ്ങളും ഈ സംവിധാനം വഴി ഒരുക്കും. മികച്ച കണ്ടന്റ് ലഭ്യത ഉറപ്പ് വരുത്തുന്നതിനായി ഫീച്ചർ ഫിലിം, ക്രിയേറ്റീവ് ഡോക്യുമെന്ററി എന്നിവ സി സ്പേസ് ഭാവിയിൽ കമ്മിഷൻ ചെയ്യുന്നതായിരിക്കും.

## നിർദേശങ്ങളും ശുപാർശകളും

- **ശുപാർശ 8.1:** വിതരണ കരാറുകളിലെ അവ്യക്തത പരിഹരിക്കാൻ ഒരു സ്റ്റാൻഡേർഡ് വിതരണ കരാർ ടെംപ്ലേറ്റ് സർക്കാർ പുറത്തിറക്കുക.
- **ശുപാർശ 8.2:** Qube, UFO പോലുള്ള എക്സിബിഷൻ പ്ലാറ്റ്ഫോമുകൾക്ക് അംഗീകാരം നൽകുകയും, അവയുടെ സുതാര്യത, ഡാറ്റാ സ്വകാര്യത, സുരക്ഷ എന്നിവ ഉറപ്പുവരുത്തുകയും ചെയ്യുക.
- **ശുപാർശ 8.3:** സിനിമകളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി നിർമ്മാതാക്കൾ, വിതരണക്കാർ, പ്രദർശകർ എന്നിവരുമായി ചേർന്ന് ഒപ്റ്റിമൽ റിലീസ് വിൻഡോ തന്ത്രങ്ങൾ രൂപീകരിക്കാൻ സർക്കാർ മധ്യസ്ഥത വഹിക്കുക.
- **ശുപാർശ 8.4:** റിപ്പോർട്ടിങ്ങിലെ സുതാര്യതയ്ക്കായി ഇ-ടിക്കറ്റിംഗ് സംവിധാനം നടപ്പിലാക്കുക.
- **ശുപാർശ 8.5:** വ്യവസായത്തിൽ ആരോഗ്യകരമായ ബന്ധം നിലനിർത്താൻ വിതരണക്കാരുടെ സംഘടനകളെ സർക്കാർ അംഗീകരിക്കുകയും അവരുമായി നിരന്തര ബന്ധം പുലർത്തുകയും ചെയ്യുക.
- **ശുപാർശ 8.6:** സർക്കാർ ഉടമസ്ഥതയിലുള്ള ഒ.ടി.ടി. പ്ലാറ്റ്ഫോമായ സി-സ്പേസ് വഴി കലാമൂല്യമുള്ളതും അവാർഡ് നേടിയതുമായ സിനിമകൾ പ്രദർശിപ്പിക്കുക. പേ-പെർ-വ്യൂ (Pay per view) അടിസ്ഥാനമാക്കിയുള്ള വരുമാന മാതൃകയും, നിർമ്മാതാക്കൾക്ക് അവരുടെ സിനിമകൾക്ക് ലഭിക്കുന്ന കാഴ്ചക്കാരുടെ എണ്ണം കാണാനുമുള്ള സംവിധാനവും ഒരുക്കുക.
- **ശുപാർശ 8.7:** സി-സ്പേസിലേക്ക് മികച്ച ഉള്ളടക്കം ലഭ്യമാക്കുന്നതിനായി ഫീച്ചർ ഫിലിമുകളും ക്രിയേറ്റീവ് ഡോക്യുമെന്ററികളും സർക്കാർ കമ്മീഷൻ ചെയ്യുക.

- **ശുപാർശ 8.8:** ഈ പ്ലാറ്റ്ഫോമുകളുടെ നികുതി ഘടനയും പരിശോധിക്കാവുന്നതാണ്

# 9.0 സർക്കാർ ഇടപെടലുകളും നവീകരണവും

സിനിമാ മേഖലയുടെ വളർച്ചയ്ക്ക് സർക്കാർ നൽകുന്ന പിന്തുണ നിർണായകമാണ്. ഈ നയം സിനിമാ നിർമ്മാണം, അനുമതികൾ, നിക്ഷേപം തുടങ്ങിയ കാര്യങ്ങൾ ലളിതവും സുതാര്യവുമാക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് വിശദീകരിക്കുന്നു. ഇതിനായി ഒരു ഏകജാലക ക്ലിയറൻസ് സംവിധാനം സ്ഥാപിക്കുന്നതിനും, വ്യവസായത്തിന്റെ സുഗമമായ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുന്ന ഒരു കൗൺസിൽ രൂപീകരിക്കുന്നതിനും ഈ നയം ലക്ഷ്യമിടുന്നു. ഈ നയപരമായ ഇടപെടലുകളിലൂടെ ചലച്ചിത്ര മേഖലയെ കൂടുതൽ ആകർഷകവും കാര്യക്ഷമവുമാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

## 9.1 ഫിലിം ഫെസിലിറ്റേഷൻ ഓഫീസ്

നിലവിൽ സംസ്ഥാനത്ത് സിനിമാഷൂട്ടിങ്ങുമായി ബന്ധപ്പെട്ട അനുമതികൾക്കായി ഒരു സിനിമാനിർമ്മാതാവ്/നിർമ്മാണ കമ്പനിക്ക് നിരവധി വകുപ്പുകളെ ആശ്രയിക്കേണ്ടിവരുന്നു. ഷൂട്ടിംഗിന് ഏതൊക്കെ സ്ഥലങ്ങൾ ലഭ്യമാണ്, എത്രയാണ് നിരക്കുകൾ എന്നിവയിൽ വ്യക്തതയില്ല. ദേശീയ ചലച്ചിത്ര വികസന കോർപ്പറേഷന്റെ കീഴിലുള്ള ഫിലിം ഫെസിലിറ്റേഷൻ ഓഫീസ് ഇന്ത്യയിൽ ചിത്രീകരണം സുഗമമാക്കുന്നതിന് ഏകജാലക ക്ലിയറൻസ് സംവിധാനമായി പ്രവർത്തിക്കുന്നുണ്ട്. ഫിലിം ഫെസിലിറ്റേഷൻ ഓഫീസ് ഒരു ഫിലിം ഫ്രണ്ട്ലി ഇക്കോസിസ്റ്റം സൃഷ്ടിക്കുകയും രാജ്യത്തെ ഒരു ഫിലിം പ്രൊഡക്ഷൻ ഹബ്ബായി ഉയർത്തുകയും ചെയ്യുന്നു. ഈ ദൗത്യത്തിന്റെ ഭാഗമായി എല്ലാ സംസ്ഥാനങ്ങളിലും നോഡൽ ഓഫീസർമാരെയും നിയമിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറെ 30.09.2014 ലെ G.O.(F)No.441/2014/CLAD പ്രകാരം കേരള സംസ്ഥാനത്ത് നോഡൽ ഓഫീസറായി നിയമിച്ചു എങ്കിലും സംസ്ഥാനത്ത് ഈ സംവിധാനം സജീവമായിട്ടില്ല. ഈ സംവിധാനം കാര്യക്ഷമമാക്കാനുള്ള നടപടി കാലതാമസമില്ലാതെ സ്വീകരിക്കേണ്ടതാണ്.

ഫിലിം ഫെസിലിറ്റേഷൻ സെന്റർ സംസ്ഥാനത്ത് സജീവമാക്കേണ്ടതുണ്ട്. ഫിലിം ഫെസിലിറ്റേഷൻ സെന്റർ പ്രവർത്തനക്ഷമമായിക്കഴിഞ്ഞാൽ, സംസ്ഥാനത്തെ ഷൂട്ടിംഗ് ലൊക്കേഷനുകൾക്ക് സിനിമാ നിർമ്മാണവുമായി ബന്ധപ്പെട്ട എല്ലാ അനുമതികളും ഒരു കുടക്കീഴിൽ ലഭ്യമാകും. ഷൂട്ടിംഗ് ലൊക്കേഷനുകൾക്ക് അനുമതി നൽകുന്നതിനു പുറമേ സംസ്ഥാനത്ത് ലഭ്യമായ വിവിധ സൗകര്യങ്ങളെക്കുറിച്ചുള്ള ആധികാരിക വിവരങ്ങളും സിനിമാ വ്യവസായത്തെക്കുറിച്ചുള്ള ഡാറ്റയും ലഭ്യമാക്കൽ, സാധ്യതകളെയും സന്ദേഹങ്ങളെയും കുറിച്ച് നിർമ്മാതാക്കൾക്കും നിക്ഷേപകർക്കും ബോധവൽക്കരണവും മാർഗനിർദേശവും നൽകുക തുടങ്ങിയ സേവനങ്ങൾ കൂടി ഈ കേന്ദ്രം വഴി നൽകും. രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിൽ നിന്നും, വിദേശത്തു നിന്നും എത്തുന്ന സിനിമാ പ്രവർത്തകർക്ക് വേണ്ട ലൈൻ പ്രൊഡക്ഷൻ സേവനങ്ങളും ഈ കേന്ദ്രം നൽകും.

## 9.2 ഏകജാലക ക്ലിയറൻസ് സംവിധാനം (Single Window Clearance System)

പൂർണ്ണമായും ഡിജിറ്റൽ ഏകജാലക ക്ലിയറൻസ് സിസ്റ്റം ഫിലിം ഫെസിലിറ്റേഷൻ ഓഫീസ് മുഖേന സൃഷ്ടിക്കേണ്ടതാണ്. സിനിമയുമായി ബന്ധപ്പെട്ട സർക്കാരിന്റെ എല്ലാ സേവനങ്ങൾക്കും ഈ വെബ്സൈറ്റ് ഒരു സിംഗിൾ പോയിന്റ് സ്റ്റോപ്പ് ആയി സേവനം ലഭ്യമാക്കും. ചിത്രീകരണ അനുമതി മുതൽ സബ്സിഡി വരെയുള്ള നടപടികൾക്കായി പ്രസ്തുത സംവിധാനം പ്രയോജനപ്പെടുത്താവുന്നതാണ്.

ഇത് ചലച്ചിത മേഖലയുമായി ബന്ധപ്പെട്ടു സർക്കാരിന്റെ പക്കലുള്ള വിവരങ്ങളുടെ ഒരു കലവറയായും പ്രവർത്തിക്കും. ഇതിനായി KSFDC-യെ നോഡൽ ഏജൻസിയായി ചുമതലപ്പെടുത്താവുന്നതാണ്.

## 9.3 ഫിലിം ഡെവലപ്മെന്റ് കൗൺസിൽ

സംസ്ഥാനത്ത് ചലച്ചിത്ര വികസന കൗൺസിൽ രൂപീകരിക്കേണ്ടതാണ്. ചലച്ചിത്ര മേഖലയുടെ മൊത്തത്തിലുള്ള വികസനത്തിന് മേൽനോട്ടം വഹിക്കുന്ന സംസ്ഥാനത്തെ പരമോന്നത ബോഡിയായി ഈ കൗൺസിൽ പ്രവർത്തിക്കും. സിനിമാ വ്യവസായത്തിലെ പ്രവർത്തനങ്ങളും സംഭവവികാസങ്ങളും ഈ കൗൺസിൽ നിരീക്ഷിക്കുകയും ഉചിതവും നയപരവുമായ ഇടപെടലുകൾ ആവശ്യമായി വരുമ്പോൾ ആയത് സർക്കാരിലേക്ക് ശുപാർശ ചെയ്യുകയും ചെയ്യും.

ഫിലിം ഡെവലപ്പ്മെന്റ് കൗൺസിലിന്റെ ഭരണഘടന ചുവടെ പറയും വിധമായിരിക്കും:

| | |
|---|---|
| ചെയർമാൻ | മുഖ്യമന്ത്രി |
| കോ-ചെയർമാൻ | സാംസ്കാരിക വകുപ്പ് മന്ത്രി |
| വൈസ് ചെയർമാൻ | സിനിമ വ്യവസായ രംഗത്തെ പ്രമുഖൻ |
| അംഗങ്ങൾ (കൺവീനർ ) | സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ് |
| | സെക്രട്ടറി, ധനകാര്യം |
| | സെക്രട്ടറി, വ്യവസായം |
| | സെക്രട്ടറി, വിവര സാങ്കേതിക വിദ്യ |
| | ആസൂത്രണ ബോർഡ് അംഗം ചെയർമാൻ, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ |
| | ചെയർമാൻ, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി |

| | |
|---|---|
| | ചെയർമാൻ, കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തകക്ഷേമ നിധി ബോർഡ് |
| | ചെയർമാൻ, കെ.ആർ നാരായണൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് & ആർട്ട്സ് |
| | മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ |
| | സെക്രട്ടറി, ചലച്ചിത്ര അക്കാദമി |
| | വിവിധ സിനിമ ഇൻഡസ്ട്രികളിലെ യൂണിയനുകളിൽ നിന്നുള്ള 5 പ്രതിനിധികൾ |

## 9.4 ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ സർവ്വീസ്

മലയാള ചലച്ചിത്ര മേഖലയിൽ ഇന്ത്യക്കകത്തു നിന്നും വിദേശത്തു നിന്നും ധാരാളം വ്യക്തികളും സ്ഥാപനങ്ങളും നിക്ഷേപം നടത്തുന്നുണ്ട്. ചലച്ചിത്ര നിർമ്മാണ മേഖലയിലാണ് കൂടുതലായി ഈ രീതിയിൽ നിക്ഷേപം നടക്കുന്നത്. നിക്ഷേപകർക്ക് ചലച്ചിത്ര മേഖലയുമായി ബന്ധപ്പെട്ട് ആധികാരികമായ വിവരങ്ങൾ നൽകുവാനോ, പ്രോജക്ട് ഡിസൈൻ ചെയ്യുവാനോ, പ്രോജക്ട് ഇംപ്ലിമെന്റ് ചെയ്യുവാനോ, മാർക്കറ്റിംഗ്, വിതരണം എന്നിവയിൽ ഉചിതമായ നിർദ്ദേശങ്ങൾ നൽകുവാനോ തികച്ചും വിശ്വസനീയമായ ഒരു സംവിധാനം ഇന്ന് നിലവിലില്ല. ഈ ഒരു വിടവ് നികത്തുന്നതിനായി സർക്കാർ നിയന്ത്രണത്തിലുള്ള കെ.എസ്.എഫ്.ഡി.സി.ക്ക് നടത്തിപ്പ് ചുമതലയുള്ള ഒരു ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ സെൽ ആരംഭിക്കാവുന്നതാണ്.

# നിർദേശങ്ങളും ശുപാർശകളും

- **ശുപാർശ 9.1:** ഫിലിം ഫെസിലിറ്റേഷൻ ഓഫീസ് മുഖേന, ഷൂട്ടിംഗ് അനുമതികൾ ഉൾപ്പെടെയുള്ള എല്ലാ സർക്കാർ സേവനങ്ങൾക്കുമായി

പൂർണ്ണമായും ഡിജിറ്റൽ ആയ ഒരു ഏകജാലക സംവിധാനം സ്ഥാപിക്കുക.

- **ശുപാർശ 9.2:** സംസ്ഥാനത്തെ ഫിലിം ഫെസിലിറ്റേഷൻ സെന്റർ ഉടൻ സജീവമാക്കുക. ഇതിലൂടെ ഷൂട്ടിംഗ് ലൊക്കേഷൻ വിവരങ്ങൾ, നിരക്കുകൾ, അനുമതികൾ എന്നിവ ഒരൊറ്റ കേന്ദ്രത്തിൽ നിന്നും ലഭ്യമാക്കുക.

- **ശുപാർശ 9.3:** സിനിമാ വ്യവസായത്തിന്റെ മൊത്തത്തിലുള്ള വികസനത്തിന് മേൽനോട്ടം വഹിക്കുന്നതിനും നയപരമായ ഇടപെടലുകൾ ശുപാർശ ചെയ്യുന്നതിനും മുഖ്യമന്ത്രി ചെയർമാനായി ഒരു ഉന്നതതല കൗൺസിൽ സ്ഥാപിക്കുക.

- **ശുപാർശ 9.4:** മലയാള സിനിമയിൽ നിക്ഷേപം നടത്തുന്നവർക്ക് വിശ്വസനീയമായ വിവരങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതിനായി കെ.എസ്.എഫ്.ഡി.സി.യുടെ ചുമതലയിൽ ഒരു ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ സെൽ ആരംഭിക്കുക.

## 10.0 ടൂറിസവുമായുള്ള സഹകരണം

പ്രകൃതിരമണീയമായ പ്രദേശങ്ങളും വൈവിധ്യമാർന്ന സംസ്കാരങ്ങളും പ്രദർശിപ്പിക്കാൻ ചലച്ചിത്രപ്രവർത്തകരെ പ്രോത്സാഹിപ്പിക്കുന്നത് വിനോദസഞ്ചാര മേഖലക്ക് പ്രോത്സാഹനമാകും. സിനിമകൾ ആകർഷകമായ സ്ഥലങ്ങളിൽ ചിത്രീകരിക്കുമ്പോൾ, അവ ശക്തമായ പ്രചരണമാധ്യമമായി പ്രവർത്തിക്കുകയും ആ സ്ഥലങ്ങളിലേക്ക് യാത്രചെയ്യുന്നതിന് ജനങ്ങളെ പ്രചോദിപ്പിക്കുകയും ചെയ്യും. സിനിമാ പ്രൊമോഷനും ടൂറിസം പ്രൊമോഷനും സംയോജിപ്പിക്കുന്നതിലൂടെ ഇരു മേഖലകളിലും നേട്ടം സൃഷ്ടിക്കാൻ കഴിയും. ഈ സഹകരണം സാമ്പത്തിക വളർച്ചക്ക് കരുത്തേകുകയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ടൂറിസം കേന്ദ്രങ്ങളുടെ ആകർഷണീയത വർദ്ധിപ്പിക്കുകയും ചെയ്യും. ടൂറിസത്തിന്റെ ലക്ഷ്യങ്ങളുമായി ചലച്ചിത്രനിർമ്മാണത്തെ

സമന്വയിപ്പിക്കുന്നതിലൂടെ, പ്രാദേശിക സമ്പദ് വ്യവസ്ഥയെ ഉത്തേജിപ്പിക്കുന്നതിനും സന്ദർശകരെ ആകർഷിക്കുന്നതിനും കഴിയും.

## 10.1 ഡെസ്റ്റിനേഷൻ മാർക്കറ്റിംഗ്

ഡെസ്റ്റിനേഷൻ മാർക്കറ്റിംഗിന്റെ ഭാഗമായി ടൂറിസം കേന്ദ്രങ്ങളുടെ പ്രചരണത്തിനായി സിനിമയുടെ ശക്തി പ്രയോജനപ്പെടുത്താനും അതിനായി ലൊക്കേഷനുകൾ ചലച്ചിത്രപ്രവർത്തകർക്കും വിനോദസഞ്ചാരികൾക്കും ആകർഷമാകുന്ന നിലയിൽ വികസിപ്പിക്കാനും കഴിയും.

നമ്മുടെ നാട്ടിലെ സവിശേഷമാർന്ന പ്രദേശങ്ങളിൽ ആവശ്യമായ സംവിധാനങ്ങൾ ഒരുക്കി ചലച്ചിത്രപ്രവർത്തകരെ ആ പ്രദേശങ്ങൾ ഉപയോഗിക്കുവാൻ പ്രോത്സാഹിപ്പിക്കാൻ സർക്കാരിന് സാധിക്കും. പ്രസ്തുത സ് ഥലങ്ങളുടെ സൗന്ദര്യവും സാംസ്കാരിക സമൃദ്ധിയും പ്രദർശിപ്പിക്കുന്ന നിലയിൽ ഫിലിം പ്രൊമോഷനെ വിന്യസിക്കുന്നതിലൂടെ വിനോദസഞ്ചാര മേഖലയുടെ പ്രൊമോഷൻ കൂടി ലക്ഷ്യം കാണും. സിനിമകളിലൂടെ ലഭിക്കുന്ന ദൃശ്യതയിൽ നിന്നും വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാവുകയും ഈ സംയോജിത സമീപനം ലൊക്കേഷന്റെ മൊത്തത്തിലുള്ള ആകർഷണീയത വർദ്ധിപ്പിക്കുകയും ചെയ്യുന്നു. വൈവിധ്യമാർന്ന പശ്ചാത്തലങ്ങൾ തേടുന്ന ചലച്ചിത്രപ്രവർത്തകരെയും സിനിമാറ്റിക് ചിത്രീകരണത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട യാത്രക്കാരെയും ഇതിലൂടെ ആകർഷിക്കാൻ കഴിയും. ചുരുക്കത്തിൽ ഡെസ്റ്റിനേഷൻ മാർക്കറ്റിംഗ് ഒരു പരസ്പര ബന്ധം സിനിമക്കും ടൂറിസത്തിനും ഇടയിൽ സൃഷ്ടിക്കുന്നതോടൊപ്പം ഈ മേഖലകളുടെ സാമ്പത്തിക വളർച്ചയ്ക്കും സാംസ്കാരിക വിനിമയത്തിനും കാരണമാകുകയും ചെയ്യും.

വിനോദസഞ്ചാര സാധ്യതയുള്ളതും താരതമ്യേന അറിയപ്പെടാത്തതുമായ സ്ഥലങ്ങളിൽ സിനിമാ ഷൂട്ടിംഗ് പ്രോത്സാഹിപ്പിക്കുന്നതും ആ പ്രദേശങ്ങളിലെ ടൂറിസം വർദ്ധിപ്പിക്കും. ജനപ്രിയ സിനിമകളിലെ യഥാർത്ഥ ലൊക്കേഷനുകൾ അനുഭവിച്ചറിയാൻ ആളുകളെ പ്രചോദിപ്പിക്കുന്നതിലൂടെ സിനിമയുടെ സ്വാധീനത്തിലൂടെ ആളുകളെ യാത്രചെയ്യാൻ പ്രചോദിപ്പിക്കാൻ കഴിയും. ഗവി

('ഓർഡിനറി'), മീശപുലിമല (ചാർലി') തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളുടെ വിജയഗാഥകൾ ചലച്ചിത്രപ്രേരിത ടൂറിസത്തിന്റെ സാധ്യതകൾക്ക് അടിവരയിടുന്നു.

ഈ സമീപനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ചുവടെ പറയുന്ന നടപടികൾ സ്വീകരിക്കാം:

- **സാമ്പത്തിക പ്രോത്സാഹനങ്ങൾ:**

  അധികം അറിയപ്പെടാത്തതും എന്നാൽ മനോഹരവുമായ ലൊക്കേഷനുകളിൽ ഷൂട്ട് ചെയ്യാൻ തിരഞ്ഞെടുക്കുന്ന ചലച്ചിത്ര പ്രവർത്തകർക്ക് സബ്സിഡികൾ അല്ലെങ്കിൽ നികുതി ഇളവുകൾ പോലുള്ള സാമ്പത്തിക പ്രോത്സാഹനങ്ങൾ നൽകേണ്ടതാണ്. ഇതിലൂടെ ചലച്ചിത്ര പ്രവർത്തകരെ ആകർഷിക്കാനും ആ പ്രദേശത്തിന്റെ സാമ്പത്തിക വികസനത്തിന് സംഭാവന നൽകുവാനും കഴിയും.

- **അക്കോമഡേഷൻ സബ്സിഡി:**

  ഷൂട്ടിംഗ് ലൊക്കേഷനുകൾക്ക് സമീപമുള്ള ഹോട്ടലുകളിൽ താമസത്തിന് സബ്സിഡികൾ വാഗ്ദാനം ചെയ്യേണ്ടതാണ്. ഇത് സിനിമാ പ്രവർത്തകർക്ക് ഗുണം ചെയ്യുക മാത്രമല്ല പ്രാദേശിക ഹോസ്പിറ്റാലിറ്റി വ്യവസായത്തെ പിന്തുണയ്ക്കുകയും ചെയ്യുന്നു.

- **ന്യായമായ അനുമതികൾ:**

  പെർമിറ്റിംഗ് പ്രക്രിയ സുഗമമാക്കുകയും ന്യായമായ നിരക്കിൽ അനുമതികൾ നൽകുകയും ചെയ്യുന്നത് ഈ ലൊക്കേഷനുകൾ തിരഞ്ഞെടുക്കാൻ ചലച്ചിത്ര പ്രവർത്തകരെ പ്രോത്സാഹിപ്പിക്കും. വ്യക്തവും കാര്യക്ഷമവുമായ നടപടിക്രമങ്ങൾ ഈ പ്രദേശത്തെ ചലച്ചിത്ര നിർമ്മാണത്തെ കൂടുതൽ ആകർഷകമാക്കും.

- **ഡെസ്റ്റിനേഷൻ മാർക്കറ്റിംഗ്:**

ടൂറിസം കേന്ദ്രങ്ങൾ ചലച്ചിത്ര സൗഹൃദമെന്നനിലയിൽ സജീവമായി വിപണനം ചെയ്യുകയും അവയുടെ തനതായ സവിശേഷതകൾ ഉയർത്തിക്കാട്ടുകയും ചെയ്യുന്നത് ചലച്ചിത്ര പ്രവർത്തകരെയും വിനോദസഞ്ചാരികളെയും കൂടുതലായി ആകർഷിക്കും. സംയുക്ത പ്രോത്സാഹനത്തിനായി ടൂറിസം വ്യവസായവുമായി സഹകരിക്കുന്നത് ഏറെ ഫലപ്രദമായിരിക്കും.

- **കമ്മ്യൂണിറ്റി എൻഗേജ്മെന്റ്:**

ഈ പ്രക്രിയയിൽ പ്രാദേശിക സമൂഹങ്ങളെ ഉൾപ്പെടുത്തി സിനിമ വഴി സൃഷ്ടിക്കുന്ന ടൂറിസത്തിലെ സാമ്പത്തിക അവസരങ്ങളിൽ നിന്ന് അവർക്ക് പ്രയോജനം ലഭിക്കുന്നുവെന്ന് ഉറപ്പാക്കുക. സിനിമാ നിർമ്മാണത്തിൽ ഏർപ്പെടാൻ പ്രദേശവാസികൾക്ക് അവസരങ്ങൾ നൽകുക എന്നതും ഇതിൽ ഉൾപ്പെടുന്നു.

- **അടിസ്ഥാന സൗകര്യ വികസനം:**

ചലച്ചിത്ര പ്രവർത്തകർക്കും വിനോദസഞ്ചാരികൾക്കും ഒരുപോലെ ഈ ലൊക്കേഷനുകൾ കൂടുതൽ പ്രാപ്യമാക്കുന്നതിന് മെച്ചപ്പെട്ട ഗതാഗത, ആശയവിനിമയ ശൃംഖലകൾ ഉൾപ്പെടെയുള്ള ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്.

- **സംരക്ഷണവും സുസ്ഥിരതയും:**

പ്രദേശത്തിന് ദീർഘകാല നേട്ടങ്ങൾ ഉറപ്പാക്കുന്നതിന് പരിസ്ഥിതി സുസ് ഥിരതയും സാംസ്കാരിക സംരക്ഷണവും നൽകി ഈ കേന്ദ്രങ്ങളുടെ പ്രമോഷൻ സന്തുലിതാവസ്ഥ ഉറപ്പാക്കുന്നു. പ്രോത്സാഹനങ്ങൾ, വിപണന ശ്രമങ്ങൾ, കമ്മ്യൂണിറ്റി പങ്കാളിത്തം എന്നിവ സംയോജിപ്പിച്ച് സമഗ്രമായ ഒരു പദ്ധതി നടപ്പിലാക്കുന്നതിലൂടെ ഫിലിം ഇൻഡ്യൂസ്ഡ്

ടൂറിസം സാധ്യതകളുള്ള പ്രദേശങ്ങൾ വളർന്നുവരുന്ന വിനോദസഞ്ചാര കേന്ദ്രങ്ങളായി മാറും. ഈ സമീപനം പ്രാദേശിക സമ്പദ് വ്യവസ്ഥയെ ഉത്തേജിപ്പിക്കുക മാത്രമല്ല, പ്രദേശത്തിന്റെ സാംസ്ക്കാരിക ടൂറിസം ഭൂമികയെ സമ്പന്നമാക്കുകയും ചെയ്യുന്നു.

## 10.2 ഷൂട്ടിംഗ് സൈറ്റുകളുടെ വികസനം

വിനോദസഞ്ചാരികളെ ആകർഷിക്കുന്ന തിരഞ്ഞെടുത്ത സ്ഥലങ്ങളിൽ ചിത്രീകരണത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്. ആക്സസിബിലിറ്റി, കണക്റ്റിവിറ്റി, അടിസ്ഥാനസൗകര്യങ്ങൾ, താമസ സൗകര്യങ്ങളുടെ വികസനം എന്നിവ ഇതിൽ ഉൾപ്പെടും.

## 10.3 ഫിലിം ടൂറിസം

സിനിമാ ടൂറിസം അല്ലെങ്കിൽ സിനിമാറ്റിക് ടൂറിസം എന്നും അറിയപ്പെടുന്ന ഫിലിം ടൂറിസം, വിനോദസഞ്ചാരികൾ സിനിമകളിലോ ടെലിവിഷൻ ഷോകളിലോ കണ്ട സ്ഥലങ്ങൾ സന്ദർശിക്കുന്ന പ്രതിഭാസത്തെ സൂചിപ്പിക്കുന്നു. ജനപ്രിയ മാധ്യമങ്ങളിൽ ചിത്രീകരിച്ചിരിക്കുന്നവ നേരിട്ട് അനുഭവിച്ചാസ്വദിക്കുന്നതിനുള്ള ആഗ്രഹമാണ് ഇത്തരത്തിലുള്ള ടൂറിസത്തെ നയിക്കുന്നത്. ഫിലിം ടൂറിസത്തിന്റെ പ്രധാന സവിശേഷതകൾ ഇവയാണ്.

- **ജനപ്രിയ സിനിമകളിൽ നിന്നുള്ള ആകർഷണങ്ങൾ:**

  പ്രശസ്തമായ സിനിമകളിലോ ടിവി സീരിയലുകളിലോ പ്രധാനമായി ഫീച്ചർ ചെയ്തിട്ടുള്ള സ്ഥലങ്ങളിലേക്ക് വിനോദസഞ്ചാരികൾ ആകർഷിക്കപ്പെടുന്നു. പ്രശസ്തമായ ലാൻഡ്മാർക്കുകൾ, മനോഹരമായ പ്രകൃതിദൃശ്യങ്ങൾ എന്നിവ പ്രധാന ആകർഷണങ്ങളായി മാറുന്നു.

- **സാംസ്കാരികവും ചരിത്രപരവുമായ ബന്ധം:**

  ചലച്ചിത്ര വിനോദസഞ്ചാരത്തിൽ പലപ്പോഴും കഥാഗതിയുമായി സാംസ് കാരികമോ ചരിത്രപരമോ ആയ ബന്ധമുള്ള സ്ഥലങ്ങൾ ഉൾപ്പെടുന്നു. ഈ

വിവരണവുമായി ബന്ധപ്പെടാനും ചിത്രീകരിക്കപ്പെട്ട സംസ്കാരമോ ചരിത്രമോ അനുഭവിക്കാനും സന്ദർശകർ ശ്രമിക്കുന്നു.

**നിർദ്ദേശങ്ങളും ശുപാർശകളും**

- **ശുപാർശ 10.1 സംയോജിത പ്രോത്സാഹന തന്ത്രം:**

  സിനിമാ പ്രൊമോഷനും ടൂറിസം പ്രൊമോഷനും സംയോജിപ്പിക്കുന്നതിലൂടെ പരസ്പര സാമ്പത്തിക വളർച്ചയും തൊഴിലവസരങ്ങളും സൃഷ്ടിക്കുവാൻ കഴിയും.

- **ശുപാർശ 10.2 അധികം അറിയപ്പെടാത്ത ലൊക്കേഷനുകൾക്കുള്ള സാമ്പത്തിക പ്രോത്സാഹനം**

  - താരതമ്യേന അറിയപ്പെടാത്ത മനോഹരമായ സ്ഥലങ്ങളിൽ ഷൂട്ട് ചെയ്യുന്ന ചലച്ചിത്രപ്രവർത്തകർക്ക് **സബ്സിഡികളോ നികുതി ഇളവുകളോ** നൽകണം.

  - ഷൂട്ടിംഗ് ലൊക്കേഷനുകൾക്ക് സമീപമുള്ള ഹോട്ടലുകളിലെ താമസത്തിന് **സബ്സിഡി** വാഗ്ദാനം ചെയ്യണം.

- **ശുപാർശ 10.3 അനുമതികൾ ലളിതമാക്കൽ:**

  ലൊക്കേഷൻ പെർമിറ്റ് പ്രക്രിയ സുഗമമാക്കുകയും ന്യായമായ നിരക്കിൽ അനുമതികൾ നൽകുകയും ചെയ്യണം.

- **ശുപാർശ 10.4 ഡെസ്റ്റിനേഷൻ മാർക്കറ്റിംഗ്:**

  ടൂറിസം കേന്ദ്രങ്ങൾ ചലച്ചിത്ര സൗഹൃദമെന്ന നിലയിൽ സജീവമായി വിപണനം ചെയ്യണം. സംയുക്ത പ്രോത്സാഹനത്തിനായി ടൂറിസം വ്യവസായവുമായി സഹകരിക്കണം.

- **ശുപാർശ 10.5 അടിസ്ഥാന സൗകര്യ വികസനം:**

- ടൂറിസം സാധ്യതയുള്ള സ്ഥലങ്ങളിൽ ഷൂട്ടിംഗിന് ആവശ്യമായ **അടിസ്ഥാന സൗകര്യങ്ങൾ** (ഗതാഗതം, താമസസൗകര്യം) ഒരുക്കുന്നത് പ്രോത്സാഹിപ്പിക്കണം.

- ഈ കേന്ദ്രങ്ങളുടെ പ്രോത്സാഹനത്തിൽ **പരിസ്ഥിതി സുസ്ഥിരതയും സാംസ്കാരിക സംരക്ഷണവും** ഉറപ്പാക്കണം.

- **ശുപാർശ 10.6 കമ്മ്യൂണിറ്റി എൻഗേജ്മെന്റ്:**

സിനിമാ നിർമ്മാണത്തിൽ പ്രാദേശിക സമൂഹങ്ങളെ ഉൾപ്പെടുത്തുകയും, സിനിമയുമായി ബന്ധപ്പെട്ട ടൂറിസം സൃഷ്ടിക്കുന്ന സാമ്പത്തിക അവസരങ്ങളിൽ നിന്ന് അവർക്ക് പ്രയോജനം ലഭിക്കുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്യണം.

## 11.0 ചലച്ചിത്ര വിദ്യാഭ്യാസം

മലയാള സിനിമയുടെ കലാപരവും സാങ്കേതികവുമായ നിലവാരം ഉയർത്തുന്നതിൽ **വിദ്യാഭ്യാസത്തിനും പരിശീലനത്തിനും** നിർണായകമായ സ്ഥാനമുണ്ട്. ഈ മേഖലയ്ക്ക് ആവശ്യമായ **മാനവവിഭവശേഷി** വികസിപ്പിക്കുക, പുതിയ പ്രതിഭകളെ വളർത്തിയെടുക്കുക, നിലവിലുള്ള സംവിധാനങ്ങളെ ശക്തിപ്പെടുത്തുക എന്നിവ ഈ നയത്തിന്റെ പ്രധാന ലക്ഷ്യങ്ങളാണ്. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ സ്ഥാപക ലക്ഷ്യങ്ങളെ ഈ കാലഘട്ടത്തിനനുസരിച്ച് നവീകരിക്കുന്നതിനും, കെ.ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസസ് പോലുള്ള മികവിന്റെ കേന്ദ്രങ്ങളെ വികസിപ്പിക്കുന്നതിനും, യുവകലാകാർക്ക് സ്കോളർഷിപ്പുകളും മെന്റർഷിപ്പുകളും ലഭ്യമാക്കുന്നതിനും ഈ നയം ഊന്നൽ നൽകുന്നു.

## 11.1 കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി **1998-ലാണ്** സ്ഥാപിക്കപ്പെട്ടത്. സംസ്ഥാനത്തെ ചലച്ചിത്ര-ടെലിവിഷൻ മേഖലയുടെ ഉന്നമനത്തിനും വികസനത്തിനും വേണ്ടിയുള്ള സമഗ്രമായ ദൗത്യങ്ങൾ മുൻനിർത്തിയാണ് അക്കാദമി പ്രവർത്തിക്കുന്നത്. അക്കാദമിയുടെ പ്രധാന ലക്ഷ്യങ്ങളും ചുമതലകളും താഴെക്കൊടുക്കുന്നു:

**നയരൂപീകരണവും ഭരണപരവുമായ ചുമതലകൾ**

1. സിനിമ, ടെലിവിഷൻ സംബന്ധിയായ പ്രവർത്തനങ്ങൾക്കായി നയങ്ങൾ രൂപീകരിക്കുന്നതിൽ സർക്കാരിനെ സഹായിക്കുക.
2. ചലച്ചിത്രങ്ങൾക്കും വീഡിയോ പരിപാടികൾക്കുമുള്ള സംസ്ഥാന അവാർഡ് നിർണ്ണയിക്കുകയും വിതരണം ചെയ്യുകയും ചെയ്യുക.
3. മലയാള സിനിമകൾക്ക് സബ്സിഡി വിതരണം ചെയ്യുകയും സർക്കാർ നൽകുന്ന മറ്റ് നിർദ്ദേശങ്ങൾ നടപ്പിലാക്കുകയും ചെയ്യുക.
4. സർക്കാരും സിനിമാ മേഖലയും തമ്മിൽ ബന്ധിപ്പിക്കുക ഒരു കണ്ണിയായി പ്രവർത്തിക്കുക.
5. കേരള രാജ്യാന്തര ചലച്ചിത്ര മേളയുടെ സംഘാടനം അഭിവൃദ്ധിപ്പെടുത്തുക.
6. ഉന്നത നിലവാരത്തിലുള്ള ഗവേഷണ സ്ഥാപനവുമായി രൂപപ്പെടുത്തുക.

**സാംസ്കാരികവും വിദ്യാഭ്യാസപരവുമായ പ്രവർത്തനങ്ങൾ**

1. അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു ഫിലിം ഫെസ്റ്റിവൽ ഡയറക്ടറേറ്റ് സ്ഥാപിക്കുക.
2. ചലച്ചിത്രങ്ങൾ, ടെലിവിഷൻ പരിപാടികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് സാമ്പത്തിക സംവിധാനങ്ങൾ വികസിപ്പിക്കുക.
3. മികച്ച സിനിമകൾ, ടി.വി/വീഡിയോ പ്രോഗ്രാമുകൾ എന്നിവയുടെ നിർമ്മാതാക്കൾക്ക് **പിന്തുണ** നൽകുക.

4. കുട്ടികളുടെ സിനിമകളെ പ്രോത്സാഹിപ്പിക്കുന്നതിനും അവ സ്കൂളുകളിലും സാംസ്കാരിക കേന്ദ്രങ്ങളിലും പ്രദർശിപ്പിക്കുന്നതിനും ക്രമീകരണങ്ങൾ ഏർപ്പെടുത്തുക.
5. വിവിധ സ്ഥലങ്ങളിൽ ചലച്ചിത്ര ആസ്വാദന ക്യാമ്പുകളും പഠന ക്യാമ്പുകളും സംഘടിപ്പിക്കുക.
6. സിനിമ, ടെലിവിഷൻ, മറ്റ് കലകൾ എന്നിവയിൽ മീറ്റിംഗുകൾ, സെമിനാറുകൾ, കോൺഫറൻസുകൾ, പ്രഭാഷണങ്ങൾ, സിമ്പോസിയങ്ങൾ, ചർച്ചകൾ എന്നിവ സംഘടിപ്പിക്കുക.
7. സംസ്ഥാനത്തെയും രാജ്യത്തെയും സിനിമാ-ടെലിവിഷൻ രംഗത്തെ പ്രമുഖരെ **ആദരിക്കുക**.

**അടിസ്ഥാന സൗകര്യങ്ങളും ഗവേഷണവും**

1. സിനിമ, വീഡിയോ സംബന്ധിയായ വിവരങ്ങൾക്കായി ഒരു ഫിലിം-വീഡിയോ ആർക്കൈവ് സജ്ജീകരിക്കുക.
2. പൊതുജനങ്ങൾക്കായി ഒരു ഓഡിയോ വിഷ്വൽ ലൈബ്രറിയും അക്കാദമിക് ലൈബ്രറിയും സ്ഥാപിക്കുകയും ഗവേഷണ സൗകര്യങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.
3. മലയാള സിനിമയുടെ ചരിത്രവും സിനിമാ വ്യക്തിത്വങ്ങളുടെ പ്രൊഫൈലും രേഖപ്പെടുത്തുന്നതിനായി ഒരു ഡോക്യുമെന്റേഷൻ സെൽ രൂപീകരിക്കുക.
4. സിനിമയിലും ടെലിവിഷനിലും പുസ്തകങ്ങൾ, ജേണലുകൾ തുടങ്ങിയവ പ്രസിദ്ധീകരിക്കുക.
5. ഗ്രാന്റുകളും മറ്റ് സൗകര്യങ്ങളും നൽകി ഫിലിം സൊസൈറ്റികളെ പിന്തുണയ്ക്കുക.
6. സംസ്ഥാനത്ത് ഒരു ഫിലിം ആൻഡ് ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ച് ഒരു സംസ്ഥാന ടെലിവിഷൻ ചാനൽ ആരംഭിക്കുന്നതിന് സർക്കാരിന് ഉപദേശം നൽകുക.
7. കെ.എസ്.എഫ്.ഡി.സി, സി-ഡിറ്റ് എന്നിവയുടെ സഹകരണത്തോടെ നിർദ്ദിഷ്ട സിനിമകളും ടെലിവിഷൻ പ്രവർത്തനങ്ങളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.

**സംവിധാനം ശക്തിപ്പെടുത്തൽ**

അക്കാദമി അതിന്റെ പ്രവർത്തനമേഖലയിൽ പ്രശംസനീയമായ പ്രവർത്തനമാണ് കാഴ്ചവെക്കുന്നത്. അക്കാദമിയുടെ മുഴുവൻ പ്രവർത്തനങ്ങളുടെയും മികവ് ഉറപ്പാക്കുന്നതിനായി ഈ സ്ഥാപനത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

## 11.2 ഫിലിം ഇൻസ്റ്റിറ്റ്യൂട്ടുകൾ

കെ.ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസസ് ആൻഡ് ആർട്സ് 2016-ൽ സർക്കാർ സ്ഥാപിച്ചു. ഈ സ്ഥാപനം ചലച്ചിത്ര വിദ്യാഭ്യാസ രംഗത്തെ മികവിന്റെ കേന്ദ്രമാണ്. കെ.ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടിന് പുറമെ സ്വകാര്യമേഖലയിൽ നിരവധി ഫിലിം സ് കൂളുകൾ സംസ്ഥാനത്തുണ്ട്, അവയിൽ മിക്കതും കൊച്ചി കേന്ദ്രീകരിച്ചാണ് പ്രവർത്തിക്കുന്നത്. പ്രതിഭകളെ ആകർഷിക്കുന്നതിലും പ്ലേസ്മെന്റിന്റെ കാര്യത്തിലും കെ.ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് മികച്ച വിജയമാണ് കൈവരിച്ചിട്ടുള്ളത്. ടി ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് ഈ മാതൃക പ്രാദേശിക തലത്തിൽ സർക്കാർ നടപ്പിലാക്കേണ്ടതാണ്.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രീയേറ്റീവ് ടെക്നോളജി, മുംബൈ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രീയേറ്റീവ് സ്കിൽസ്, ന്യൂഡൽഹി തുടങ്ങിയ ഇൻസ്റ്റിറ്റ്യൂട്ടുകളുടെ മികവുകളും പരിഗണിക്കാവുന്നതാണ്.

## 11.3 സ്കോളർഷിപ്പുകൾ

ഫിലിം ഇൻസ്റ്റിറ്റൂട്ടുകളിൽ ഔപചാരിക കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ് ഏർപ്പെടുത്തേണ്ടതാണ്.

## 11.4 മാനവിക വിഭവശേഷി വികസനവും തുടർ വിദ്യാഭ്യാസവും

മാനവിക വിഭവശേഷി വികസനവും തുടർ വിദ്യാഭ്യാസവും ഏതൊരു സാമ്പത്തിക പ്രവർത്തനത്തിലും ഗുണനിലവാരം നിലനിർത്തുന്നതിൽ വളരെ പ്രധാനമാണ്. അതിനാൽ ട്രേഡ് അസോസിയേഷനുകളുമായി സഹകരിച്ച്

തുടർച്ചയായി തുടർ വിദ്യാഭ്യാസ പരിപാടികൾ സർക്കാർ നടത്തേണ്ടതാണ്. കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ സഹകരണത്തോടെ, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി ഈ പരിപാടികൾക്ക് അതത് മേഖലകളിൽ നേതൃത്വം നൽകേണ്ടതാണ്. സംസ്ഥാനത്ത് വളർന്നുവരുന്ന ചലച്ചിത്രപ്രവർത്തകർക്ക് മെന്റർഷിപ്പ് നൽകുന്നതിനും മുതിർന്നവരും പ്രശസ്തരായ ചലച്ചിത്ര നിർമ്മാതാക്കളെ പ്രോത്സാഹിപ്പിക്കുന്നതിന് ഒരു മെന്റർഷിപ്പ് പ്രോഗ്രാമും സർക്കാർ നടപ്പാക്കേണ്ടതാണ്.

### നിർദ്ദേശങ്ങളും ശുപാർശകളും

**ശുപാർശ 11.1 അക്കാദമി സംവിധാനം ശക്തിപ്പെടുത്തൽ**

- കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ മുഴുവൻ പ്രവർത്തനങ്ങളുടെയും **മികവ് ഉറപ്പാക്കാൻ** സ്ഥാപനത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

**ശുപാർശ 11.2 സ്ഥാപനപരമായ വികസനം**

- കെ.ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസസ് ആൻഡ് ആർട്സിന്റെ വിജയകരമായ മാതൃക പ്രാദേശിക തലത്തിൽ കൂടി സർക്കാർ നടപ്പിലാക്കണം.
- കെ.എസ്.എഫ്.ഡി.സി, സി-ഡിറ്റ് എന്നിവയുടെ സഹകരണത്തോടെ സിനിമകളും ടെലിവിഷൻ പ്രവർത്തനങ്ങളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.

**ശുപാർശ 11.3. സാമ്പത്തിക പിന്തുണയും പ്രോത്സാഹനവും**

- ഫിലിം ഇൻസ്റ്റിറ്റ്യൂട്ടുകളിൽ ഔപചാരിക കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ് ഏർപ്പെടുത്തണം.

**ശുപാർശ 11.4 മാനവ വിഭവശേഷി വികസനം**

- ട്രേഡ് അസോസിയേഷനുകളുമായി സഹകരിച്ച് തുടർച്ചയായി തുടർ വിദ്യാഭ്യാസ പരിപാടികൾ (Continuing Education) നടത്തണം. ഈ പരിപാടികൾക്ക് കെ.എസ്.എഫ്.ഡി.സിയുടെ സഹകരണത്തോടെ ചലച്ചിത്ര അക്കാദമി അതത് മേഖലകളിൽ നേതൃത്വം നൽകണം.

- വളർന്നുവരുന്ന ചലച്ചിത്രപ്രവർത്തകർക്ക് മെന്റർഷിപ്പ് നൽകുന്നതിനായി മുതിർന്ന/പ്രശസ്ത ചലച്ചിത്ര സംവിധായകരെ പ്രോത്സാഹിപ്പിക്കുന്ന ഒരു **മെന്റർഷിപ്പ് പ്രോഗ്രാം** നടപ്പാക്കണം.

## 12.0 പ്രേക്ഷക വർദ്ധന

ചലച്ചിത്ര മേളകൾ, ഫിലിം സൊസൈറ്റികൾ, ക്ലബുകൾ, സ്കൂൾ ഓഡിറ്റോറിയങ്ങൾ എന്നിവിടങ്ങളിൽ സിനിമകളുടെ പ്രദർശനത്തിന് വൈവിധ്യമാർന്ന കാഴ്ചക്കാരെ ആകർഷിക്കുന്നതിനും ചലച്ചിത്രാസ്വാദന നിലവാരം ഉയർത്തുന്നതിനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്. ചലച്ചിത്ര മേളകൾ (Film Festivals), സംവേദനാത്മക പരിപാടികൾ, സാമൂഹിക സഹകരണം എന്നിവയിലൂടെ സിനിമയുടെ സമ്പന്നമായ ലോകം സൃഷ്ടിച്ചെടുക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതാണ്. ഫിലിം സൊസൈറ്റികളും ക്ലബുകളും വഴി അംഗത്വം നൽകുകയും, പതിവ് പ്രദർശനങ്ങൾ, വിദ്യാഭ്യാസ സംരംഭങ്ങൾ എന്നിവയിലൂടെ സിനിമയെ സ്നേഹിക്കുന്നവർക്കിടയിൽ തങ്ങളുടേതായ ഇടം കണ്ടെത്താൻ സഹായിക്കുകയും ചെയ്യേണ്ടതാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഫിലിം ക്ലബുകൾ, സംവേദനാത്മക പ്രവർത്തനങ്ങൾ, സ്കൂളുകളുമായുള്ള സഹകരണം എന്നിവയിലൂടെ വിദ്യാർത്ഥികളുടെ പങ്കാളിത്തത്തിന് ഊന്നൽ നൽകേണ്ടതും, സ്കൂൾ ഓഡിറ്റോറിയങ്ങളിൽ പാഠ്യപദ്ധതി സംയോജനം, അതിഥി പ്രഭാഷണങ്ങൾ, വർക്ക്ഷോപ്പുകൾ, വെർച്വൽ ഇടപെടലുകൾ എന്നിവ വഴി ചലച്ചിത്രാസ്വാദനം വികസിപ്പിക്കുകയും ചെയ്യേണ്ടതാണ്. ഇത് വിദ്യാർത്ഥികൾക്കിടയിൽ സിനിമയോടുള്ള അഭിനിവേശം വളർത്തുന്നതിന് സഹായകരമാകും.

എല്ലാവരെയും ഉൾക്കൊള്ളുന്ന സമീപനം (Inclusivity), അവസരലഭ്യത (Accessibility), വൈവിധ്യമാർന്ന കഥപറച്ചിൽ രീതികളോടുള്ള അഭിനിവേശം എന്നിവ പ്രേക്ഷകരുടെ ആസ്വാദന വികാസത്തിന്റെ അടിത്തറയായി വർത്തിക്കുകയും ഇത് ഊർജ്ജസ്വലമായ ചലച്ചിത്ര സമൂഹങ്ങളെ വളർത്തിയെടുക്കുന്നതിന് കാരണമാകുകയും ചെയ്യും.

## 12.1 ഫിലിം ഫെസ്റ്റിവൽ

ഫീച്ചർ ഫിലിമുകൾ, ഡോക്യുമെന്ററികൾ, പരീക്ഷണാത്മക സിനിമകൾ തുടങ്ങിയ വൈവിധ്യമാർന്ന ചലച്ചിത്ര സൃഷ്ടികളുടെ പ്രദർശന വേദിയാണ് ചലച്ചിത്രോത്സവങ്ങൾ. സിനിമയെ ഗൗരവമായി കാണുന്ന പ്രേക്ഷകർ, ചലച്ചിത്ര നിർമ്മാതാക്കൾ, വ്യവസായ വിദഗ്ധർ എന്നിവരെ ഒരുമിപ്പിക്കാനുള്ള ആഘോഷമാണിത്. കേവലം പ്രദർശനങ്ങൾക്കപ്പുറം, മത്സരങ്ങൾ, റെഡ് കാർപ്പെറ്റ് പ്രീമിയറുകൾ, നെറ്റ്വർക്കിംഗ് അവസരങ്ങൾ എന്നിവയിലൂടെ ചലച്ചിത്രോത്സവങ്ങൾ സാംസ്കാരിക വിനിമയം പ്രോത്സാഹിപ്പിക്കുന്നു.

കഴിഞ്ഞ 30 വർഷമായി ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് കേരള (IFFK) സംസ്ഥാനം വിജയകരമായി നടത്തിവരുന്നു. പ്രതിവർഷം 13,000 മുതൽ 15,000 വരെ ആളുകൾ പങ്കെടുക്കുന്നത് ഈ ഉത്സവത്തിന്റെ വിജയത്തെ സൂചിപ്പിക്കുന്നു. ഈ വിജയം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ സ്വീകരിക്കാവുന്നതാണ്:

**വൈവിധ്യമാർന്ന പ്രോഗ്രാമിംഗ്:**

വിവിധ വിഭാഗങ്ങളെയും സംസ്കാരങ്ങളെയും കാഴ്ചപ്പാടുകളെയും പ്രതിനിധീകരിക്കുന്ന സിനിമകൾ ക്യൂറേറ്റ് ചെയ്യുക.

**സാമൂഹിക പങ്കാളിത്തം:**

പ്രാദേശിക സ്ഥാപനങ്ങൾ, ഫിലിം സ്കൂളുകൾ, സാംസ്കാരിക കേന്ദ്രങ്ങൾ എന്നിവയുമായി സഹകരിച്ച് സമൂഹബോധം വളർത്തുകയും വിവിധ സമൂഹങ്ങളിൽ നിന്നുള്ള പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്യുക.

**എല്ലാവരെയും ഉൾക്കൊള്ളുന്ന പരിപാടികൾ:**

പ്രേക്ഷക സൗഹൃദ പ്രദർശനങ്ങൾ, വർക്ക്ഷോപ്പുകൾ, ചർച്ചകൾ എന്നിവ സംഘടിപ്പിച്ച് പ്രായഭേദമന്യേ എല്ലാ പ്രായക്കാർക്കും എല്ലാ പശ്ചാത്തലത്തിലുള്ളവർക്കും പങ്കെടുക്കാൻ അവസരം നൽകുകയും ചെയ്യുക.

**പ്രവേശനക്ഷമതയുള്ള വേദികൾ:**

എളുപ്പത്തിൽ എത്തിച്ചേരാൻ കഴിയുന്ന സ്ഥലങ്ങൾ ഫെസ്റ്റിവലിനായി തിരഞ്ഞെടുക്കുക. ഇതിലേക്കായി പ്രത്യേക സിനിമാ കോംപ്ലക്സുകൾ സ്ഥിരമായി സജ്ജമാക്കുക.

**വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും പങ്കാളിത്തം:**

ഡിസ്കൗണ്ട് ടിക്കറ്റുകൾ, വിദ്യാർത്ഥി ചലച്ചിത്ര മത്സരങ്ങൾ, വിദ്യാഭ്യാസ പരിപാടികൾ എന്നിവയിലൂടെ യുവജന പങ്കാളിത്തം പ്രോത്സാഹിപ്പിക്കുക.

**പ്രേക്ഷകരിൽ നിന്നുള്ള പ്രതികരണം:**

ഭാവി പരിപാടികൾ മെച്ചപ്പെടുത്തുന്നതിനും പ്രേക്ഷക താൽപര്യങ്ങൾക്കനുസരിച്ച് പ്രോഗ്രാമിംഗ് ക്രമീകരിക്കുന്നതിനുമായി സർവേകളിലൂടെ ഫീഡ്ബാക്ക് ശേഖരിക്കുക.

**നെറ്റ്വർക്കിംഗ് അവസരങ്ങൾ:**

സിനിമാ പ്രവർത്തകർ, വ്യവസായ പ്രൊഫഷണലുകൾ, പ്രേക്ഷകർ എന്നിവർക്ക് സംവദിക്കാനായി ചോദ്യോത്തര സെഷനുകൾ, പാനൽ ചർച്ചകൾ, സാംസ്കാരിക പരിപാടികൾ എന്നിവ സംഘടിപ്പിക്കുക.

മേൽപരാമർശിച്ച ഇടപെടലുകളിലൂടെ, ചലച്ചിത്രോത്സവങ്ങൾക്ക് വിശാലവും വൈവിധ്യപൂർണ്ണവുമായ പ്രേക്ഷകരെ ആകർഷിക്കുവാനും ചലച്ചിത്ര കലയോടുള്ള ആവേശം വളർത്തുവാനും സാധിക്കും.

## 12.2 കേരള ഫിലിം മാർക്കറ്റ്

ലോകപ്രശസ്തമായ എല്ലാ ചലച്ചിത്ര മേളകളോടുമനുബന്ധിച്ചും ഫിലിം മാർക്കറ്റുകൾ പ്രവർത്തിക്കാറുണ്ട്. ചലച്ചിത്ര വ്യവസായത്തിന്റെ സാമ്പത്തികവും സർഗ്ഗാത്മകവുമായ വളർച്ചയ്ക്ക് ഇത് അത്യന്താപേക്ഷിതവുമാണ്.

പ്രധാനമായും താഴെപ്പറയുന്ന ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് ഫിലിം മാർക്കറ്റുകൾ സഹായിക്കുന്നു:

**സർഗ്ഗാത്മക കൂട്ടായ്മ:**

എഴുത്തുകാർക്ക് സംവിധായകരെയും, സംവിധായകർക്ക് നിർമ്മാതാക്കളെയും കണ്ടെത്താൻ അവസരമൊരുക്കുന്നു.

**ആഗോള നിക്ഷേപം:**

നിർമ്മാതാക്കൾക്ക് കോ-പ്രൊഡ്യൂസർമാർ, അന്താരാഷ്ട്ര വിതരണക്കാർ, പ്രമുഖ ഫെസ്റ്റിവൽ ക്യൂറേറ്റർമാർ എന്നിവരെ കണ്ടെത്താൻ സഹായിക്കുന്നു.

കൂടാതെ, പ്രാദേശിക ചലച്ചിത്ര വ്യവസായത്തിന് ആഗോള ശ്രദ്ധ നേടുന്നതിനും, ലോകമെമ്പാടുമുള്ള സഹനിർമ്മാണങ്ങളിലൂടെ നിക്ഷേപവും സാങ്കേതിക-സർഗ്ഗാത്മക സഹകരണവും ഉറപ്പാക്കുന്നതിനും ഫിലിം മാർക്കറ്റുകൾ നിർണായക പങ്ക് വഹിക്കുന്നു.

ഈ തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് കെ.എസ്.എഫ്.ഡി.സി. (കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ) ചലച്ചിത്ര അക്കാദമിയുമായി ചേർന്ന് ഐ.എഫ്.എഫ്.കെ.യുടെ ഭാഗമായി കേരള ഫിലിം മാർക്കറ്റ് ആരംഭിച്ചത്. വിജയകരമായി മൂന്ന് എഡിഷനുകൾ പൂർത്തിയാക്കിയ ഈ സംരംഭം, വരും കാലങ്ങളിൽ കൂടുതൽ ശക്തിയാർജ്ജിക്കുന്നതിനുള്ള വികസന നടപടികൾ വിഭാവനം ചെയ്യുന്നതാണ്. മലയാളസിനിമയെ ലോകോത്തര വേദികളിൽ എത്തിക്കുന്നതിന് ഈ ഇടപെടൽ നിശ്ചയമായും സഹായിക്കും. ഇതിലേക്കായി വിവിധ Streaming പ്ലാറ്റ്ഫോമുകളും Terrestrial പ്ലാറ്റ്ഫോമുകളും

വലിയതോതിൽ ഉപയോഗപ്പെടുത്തുക. KSFDC-ക്ക് കൂടുതൽ സർക്കാർ സഹായം ഇതിലേക്കായി ഉറപ്പുവരുത്തുന്നതാണ്.

## 12.3 ഫിലിം സൊസൈറ്റികൾ

സിനിമയെ ആഴത്തിൽ പഠിക്കാനും, ചർച്ച ചെയ്യാനും, ആസ്വദിക്കാനും വേണ്ടി രൂപീകരിക്കപ്പെട്ട സംഘടിത കൂട്ടായ്മകളാണ് ഫിലിം സൊസൈറ്റികൾ. സിനിമയോടുള്ള അഭിനിവേശം പങ്കുവെക്കുന്ന വ്യക്തികളെ ഒരുമിപ്പിച്ച് നിർത്തുകയും സജീവമായ ഒരു സിനിമാ സമൂഹം (Cinematic Community) സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ് ഈ സൊസൈറ്റികളുടെ പ്രധാന കർത്തവ്യങ്ങൾ. ആയതിലേക്കായി താഴെപ്പറയുന്ന കാര്യങ്ങൾ ക്രിയാത്മകമായി നടത്തേണ്ടതാണ്:

**പതിവ് പ്രദർശനങ്ങൾ:**

വിവിധ വിഭാഗങ്ങളിലും സംസ്കാരങ്ങളിലും ചരിത്ര കാലഘട്ടങ്ങളിലും ഉള്ള സിനിമകളുടെ വൈവിധ്യമാർന്ന പ്രദർശനങ്ങൾ പതിവായി നടത്തുക. ഇത് അംഗങ്ങളെ ചലച്ചിത്ര ലോകത്തിന്റെ വിശാലമായ കാഴ്ചയിലേക്ക് കൂട്ടിക്കൊണ്ടുപോകുന്നതിന് സഹായിക്കും.

**ചർച്ചാ വേദികൾ:**

സിനിമ കണ്ടശേഷം ചിന്തകളും വിമർശനങ്ങളും ഉൾക്കാഴ്ചകളും പങ്കുവെക്കുന്നതിനായി ചർച്ചാ ഫോറങ്ങൾ ഒരുക്കേണ്ടതാണ്. ഇത് സാമൂഹികമായ ഇടപെടലിനും ബുദ്ധിപരമായ സംവാദത്തിനും വേണ്ടി വളക്കൂറുള്ള മണ്ണൊരുക്കുന്നതിന് സഹായകരമാകും.

**വിദ്യാഭ്യാസ സംരംഭങ്ങൾ:**

വർക്ക്ഷോപ്പുകൾ, പ്രഭാഷണങ്ങൾ, സിനിമയുമായി ബന്ധപ്പെട്ട കോഴ്സുകൾ തുടങ്ങിയ വിദ്യാഭ്യാസ പരിപാടികൾ കാര്യക്ഷമമായി സംഘടിപ്പിക്കേണ്ടതുണ്ട്. ഇത് സിനിമയുടെ സാങ്കേതിക വിദ്യ, ചരിത്രം,

സാംസ്കാരിക പശ്ചാത്തലം എന്നിവയെക്കുറിച്ചുള്ള അറിവ് വർദ്ധിപ്പിക്കുന്നതിന് സഹായകരമാകും.

**സഹകരണവും പ്രസിദ്ധീകരണങ്ങളും:**

സംവിധായകരുമായി സഹകരിച്ച് ചോദ്യോത്തര സെഷനുകളും വർക്ക് ഷോപ്പുകളും നടത്തുക. കൂടാതെ, സിനിമയുമായി ബന്ധപ്പെട്ട പ്രസിദ്ധീകരണങ്ങൾ, അവലോകനങ്ങൾ, വാർത്താക്കുറിപ്പുകൾ എന്നിവ പുറത്തിറക്കുക.

**സാംസ്കാരിക ഇടപെടൽ:**

വിവിധ രാജ്യങ്ങളിൽ നിന്നും പാരമ്പര്യങ്ങളിൽ നിന്നുമുള്ള സിനിമകൾ പ്രദർശിപ്പിച്ചുകൊണ്ട് സാംസ്കാരിക വൈവിധ്യത്തിന് കൂടുതൽ പ്രാധാന്യം നൽകുക.

പ്രേക്ഷകർക്ക് സിനിമയോട് ആഴത്തിലുള്ള മതിപ്പ് വളർത്തുന്നതിൽ ഫിലിം സൊസൈറ്റികൾ നിർണായക പങ്ക് വഹിക്കുന്നുണ്ട്. എങ്കിലും അത് കൂടുതൽ ഫലപ്രാപ്തിയിൽ എത്താൻ കർമ്മ പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്.

സംസ്ഥാനത്തെ ഫിലിം സൊസൈറ്റികളുടെ പ്രവർത്തനം പ്രോത്സാഹിപ്പിക്കുന്നതിനും സുഗമമാക്കുന്നതിനും സർക്കാർ ശ്രമങ്ങൾ ആവശ്യമാണ്. നിലവിൽ സംസ്ഥാനത്ത് അഞ്ഞൂറിലധികം ഫിലിം സൊസൈറ്റികൾ നിലവിലുണ്ടെങ്കിലും നൂറോളം സൊസൈറ്റികൾ മാത്രമാണ് സജീവമായിട്ടുള്ളത്.

ഈ സൊസൈറ്റികളുടെ പുനരുജ്ജീവനത്തിനും പുതിയവ ആരംഭിക്കുന്നതിനും പ്രോത്സാഹനം നൽകാനായി ഒരു പ്രത്യേക പദ്ധതി ആവിഷ്കരിക്കേണ്ടതായുണ്ട്.

## 12.4 ഫിലിം ക്ലബുകൾ

സ്കൂളുകളിലും കോളേജുകളിലുമുള്ള വിദ്യാർത്ഥികൾക്കിടയിൽ സിനിമയോടുള്ള അഭിനിവേശം വളർത്തുന്നതിനും ചലച്ചിത്രാസ്വാദനം

വികസിപ്പിക്കുന്നതിനും ഫിലിം ക്ലബ്ബുകൾക്ക് സർക്കാർ പിന്തുണ നൽകേണ്ടതാണ്. വൈവിധ്യമാർന്ന വിദ്യാർത്ഥി സമൂഹങ്ങളെ ആകർഷിക്കുന്നതിനായി ക്ലബ്ബുകൾക്ക് താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ സഹായകരമാകും. ഫിലിം ക്ലബ്ബുകൾക്ക് രജിസ്ട്രേഷന് ചലച്ചിത്ര അക്കാദമി അവസരം ഒരുക്കണം.

**പ്രേക്ഷക വികസന തന്ത്രങ്ങൾ:**

**സിനിമ തിരഞ്ഞെടുപ്പ്:**

വിദ്യാർത്ഥികളുടെ പ്രായത്തിനും താൽപര്യങ്ങൾക്കും അനുയോജ്യമായ, വിവിധ വിഭാഗങ്ങൾ, വിവിധ സംസ്കാരങ്ങൾ, വിവിധ വിഷയങ്ങൾ എന്നിവ ഉൾപ്പെടുന്ന സിനിമകൾ പ്രദർശിപ്പിക്കണം.

**വിദ്യാഭ്യാസപരമായ സംയോജനം:**

ഉള്ളടക്കം പ്രസക്തമാണെന്ന് ഉറപ്പാക്കാൻ ഗ്രേഡ്/പ്രായത്തിന് നിർദ്ദിഷ്ടമായ സ്ക്രീനിംഗുകൾ സംഘടിപ്പിക്കുക. സാഹിത്യം, ചരിത്രം തുടങ്ങിയ അക്കാദമിക് പാഠ്യപദ്ധതിയുമായി സിനിമകളെ ബന്ധിപ്പിച്ച് ഇന്റർഡിസിപ്ലിനറി പഠനം പ്രോത്സാഹിപ്പിക്കുക.

**പരിശീലനവും മത്സരങ്ങളും:**

ഫിലിം മേക്കിംഗ് ടെക്നിക്കുകൾ, ആവിഷ്കാരം, കഥാഖ്യാനം എന്നിവയെക്കുറിച്ച് വർക്ക്ഷോപ്പുകളും സെമിനാറുകളും സംഘടിപ്പിക്കുക.

**വ്യവസായ പങ്കാളിത്തം:**

ചലച്ചിത്ര മേഖലയിലെ പ്രൊഫഷണലുകളെ ക്ഷണിച്ച് അതിഥി പ്രഭാഷണങ്ങൾ സംഘടിപ്പിക്കുക. ഇത് വിദ്യാർത്ഥികൾക്ക് സിനിമയുടെ പ്രായോഗിക വശങ്ങളെക്കുറിച്ച് കൂടുതൽ ഉൾക്കാഴ്ച നൽകാൻ സഹായകരമാകും.

**പങ്കാളിത്തവും സഹകരണവും:**

വിദ്യാർത്ഥികളെ അവരുടെ ചിന്തകളും വ്യാഖ്യാനങ്ങളും പങ്കിടാൻ പ്രോത്സാഹിപ്പിക്കുകയും ചർച്ചകൾ സുഗമമാക്കുകയും ചെയ്യുക. നാടകം, ആർട്സ് ക്ലബുകൾ എന്നിവയുമായി സഹകരിച്ച് സംയുക്ത പരിപാടികൾ സൃഷ്ടിക്കുക.

പൂർവ്വ വിദ്യാർത്ഥികളെ ഉൾപ്പെടുത്തിക്കൊണ്ട് ക്ലബ്ബിന്റെ സ്വാധീനം വിപുലീകരിക്കുക.

**ആകർഷകമായ പ്രചാരണങ്ങൾ :**

പോസ്റ്ററുകൾ, സോഷ്യൽ മീഡിയ കാമ്പെയ്നുകൾ എന്നിവയിലൂടെ ക്രിയാത്മകമായ പ്രൊമോഷനുകൾ നടത്തുക.

സ്ക്രീനിംഗുകളിലേക്കുള്ള പ്രത്യേക പ്രവേശനംപോലുള്ള അംഗത്വ ആനുകൂല്യങ്ങൾ നൽകുക.

**സർക്കാർ പിന്തുണ:**

വിവിധ അക്കാദമിക് തലങ്ങളിലുള്ള വിദ്യാർത്ഥികൾക്ക് ആവിഷ്കാര സ്വാതന്ത്ര്യം ഉറപ്പാക്കുന്നതിനായി, ഫിലിം ക്ലബ് പ്രസ്ഥാനത്തിന് ഉചിതമായ പ്രോത്സാഹനങ്ങളിലൂടെ സംസ്ഥാന ചലച്ചിത്ര അക്കാദമി പിന്തുണ നൽകേണ്ടതാണ്.

വിദ്യാർത്ഥികളുടെ സർഗ്ഗാത്മകത പ്രോത്സാഹിപ്പിക്കുന്നതിനായി സ്റ്റുഡന്റ് ഫിലിം പ്രോജക്റ്റുകളും ചലച്ചിത്ര മത്സരങ്ങളും മിനി ഫെസ്റ്റിവലുകളും നടത്തുക. ഇതിനായി പ്രത്യേക ഫണ്ട് വകയിരുത്തി ചലച്ചിത്ര അക്കാദമിയിലൂടെ വിതരണം ചെയ്യുക.

## 12.5 സ്കൂൾ പാഠ്യപദ്ധതിയിൽ ചലച്ചിത്രാസ്വാദനം

ചലച്ചിത്രാസ്വാദനം സ്കൂൾ പാഠ്യപദ്ധതിയിൽ സമന്വയിപ്പിക്കുന്നത് വിദ്യാർത്ഥികളിൽ ഈ കലാരൂപത്തെക്കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കാനും

വിമർശനാത്മക ചിന്താശേഷി വളർത്താനും സഹായിക്കും. സിനിമകളുമായി ഇടപെഴകാൻ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്ന ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നതിൽ ശ്രദ്ധ നൽകേണ്ടതുണ്ട്.

**പ്രധാന ഇടപെടലുകൾ**

**പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തൽ:**

നിലവിലുള്ള ഭാഷ, സാഹിത്യം, ദൃശ്യകലകൾ തുടങ്ങിയ പാഠ്യപദ്ധതികളിൽ ചലച്ചിത്ര പഠനം ഉൾപ്പെടുത്തുക. ഇതിൽ സിനിമയുടെ ചരിത്രം, ചലച്ചിത്ര വിഭാഗങ്ങൾ, അടിസ്ഥാന ചലച്ചിത്ര സിദ്ധാന്തം, ഫിലോസഫി എന്നിവയെക്കുറിച്ചുള്ള മൊഡ്യൂളുകൾ ഉൾപ്പെടുത്തുക.

**വിമർശനാത്മക വിശകലനം:**

ഛായാഗ്രഹണം, സൗണ്ട് ഡിസൈൻ, എഡിറ്റിംഗ്, ആഖ്യാന ഘടന തുടങ്ങിയ ഘടകങ്ങൾ പരിഗണിച്ച് സിനിമകളെ എങ്ങനെ വിമർശനാത്മകമായി വിശകലനം ചെയ്യാമെന്ന് വിദ്യാർത്ഥികളെ പഠിപ്പിക്കുക.

സിനിമകളുടെ സാംസ്കാരികവും സാമൂഹികവുമായ ചരിത്ര സന്ദർഭങ്ങൾ ചർച്ച ചെയ്യാൻ പ്രോത്സാഹിപ്പിക്കുക.

**പ്രൊഡക്ഷൻ പരിചയം:**

വിദ്യാർത്ഥികൾക്ക് സ്വന്തമായി ഷോർട്ട് ഫിലിമുകൾ നിർമ്മിക്കാൻ അവസരം നൽകുന്ന ഫിലിം പ്രൊഡക്ഷൻ വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുക.

**ക്രോസ്-കരിക്കുലർ പ്രോജക്റ്റുകൾ:**

വ്യത്യസ്ത വീക്ഷണകോണുകളിൽ നിന്ന് സിനിമകളെ വിശകലനം ചെയ്യുന്നത് ഉൾപ്പെടുന്ന ക്രോസ്-കരിക്കുലർ പ്രോജക്റ്റുകൾ (ഉദാ: ചരിത്ര സിനിമകൾ വിശകലനം ചെയ്യുക) മറ്റ് വിഷയങ്ങളുമായി സഹകരിച്ച് പ്രോത്സാഹിപ്പിക്കുക.

**ഡിജിറ്റൽ സാങ്കേതികവിദ്യയുടെ ഉപയോഗം:**

ഫിലിം മേക്കിംഗുമായോ ചലച്ചിത്ര ചരിത്രവുമായോ ബന്ധപ്പെട്ട സംവേദനാത്മക അനുഭവങ്ങൾക്കായി ഡിജിറ്റൽ ഉപകരണങ്ങളും പ്ലാറ്റ് ഫോമുകളും ഉപയോഗിക്കുക. വെർച്വൽ റിയാലിറ്റി (VR), ഓഗ്മെന്റഡ് റിയാലിറ്റി (AR) AVGC-XR എന്നിവയുടെ അനുഭവങ്ങൾ ആഴത്തിലുള്ള പഠനാന്തരീക്ഷത്തിനായി സംയോജിപ്പിക്കുക.

**വ്യവസായ പങ്കാളിത്തം:**

വിദ്യാർത്ഥികളുമായി അവരുടെ അനുഭവങ്ങളും ഉൾക്കാഴ്ചകളും പങ്കുവെക്കുന്നതിനായി ചലച്ചിത്ര സംവിധായകർ, വ്യവസായ പ്രൊഫഷണലുകൾ, സിനിമാ നിരൂപകർ എന്നിവരെ ക്ഷണിക്കുക.

**മൂല്യനിർണയം:**

ചലച്ചിത്ര നിരൂപണങ്ങളും വിമർശനങ്ങളും മൂല്യനിർണയത്തിന്റെ ഭാഗമായി ഉൾപ്പെടുത്തുക.

**ഉള്ളടക്ക വൈവിധ്യം:**

വ്യത്യസ്ത സംസ്കാരങ്ങളെയും കാലഘട്ടങ്ങളെയും പ്രതിനിധീകരിക്കുന്നതും സാമൂഹിക പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നതുമായ സിനിമകൾ ഹൈലൈറ്റ് ചെയ്യുന്നതിലൂടെ വൈവിധ്യമാർന്ന സിനിമകൾ ഉറപ്പാക്കുക.

**അധ്യാപക പരിശീലനം:**

ചലച്ചിത്രവുമായി ബന്ധപ്പെട്ട മൊഡ്യൂളുകൾ പഠിപ്പിക്കുന്നതിനായി അംഗീകൃത ഗവൺമെന്റ് ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് ബിരുദധാരികളെ ചുമതലപ്പെടുത്തേണ്ടതാണ്. ഇതിലൂടെ സർഗ്ഗാത്മകതയും വിമർശനാത്മക ചിന്താശേഷിയും പരിപോഷിപ്പിച്ചുകൊണ്ട് സിനിമാറ്റിക്

കലകളെക്കുറിച്ച് ആഴത്തിലുള്ള ധാരണ വളർത്താൻ സാധിക്കും. കൂടാതെ അന്താരാഷ്ട്ര തലത്തിലുള്ള സർഗാത്മക ഫിലിം മേക്കേഴ്സുമായി ആശയവിനിമയത്തിനും അവസരമൊരുക്കണം.

# 13.0 അവാർഡുകൾ

ചലച്ചിത്ര മേഖലയിലെ കലാകാരന്മാരുടെയും സാങ്കേതിക വിദഗ്ധരുടെയും മികവിനെ അംഗീകരിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും അവാർഡുകൾക്ക് സുപ്രധാന പങ്കുണ്ട്. സംസ്ഥാന അവാർഡ് സംവിധാനം ശക്തിപ്പെടുത്തുന്നതിലൂടെയും, ദേശീയ അന്തർദേശീയ തലങ്ങളിൽ അംഗീകാരം നേടുന്ന പ്രതിഭകൾക്ക് സാമ്പത്തിക പിന്തുണ നൽകുന്നതിലൂടെയും സിനിമാ മേഖലയിലെ ഗുണനിലവാരം ഉയർത്താൻ ഈ നയം ലക്ഷ്യമിടുന്നു.

## 13.1 സംസ്ഥാന അവാർഡുകൾ

ചലച്ചിത്രനിർമ്മാണത്തിന്റെ വിവിധ മേഖലകൾക്ക് അവാർഡുകൾ നൽകുന്നതിനുള്ള സുസ്ഥിരവും പ്രശംസനീയവുമായ ഒരു സംവിധാനം സംസ് ഥാനത്തിനുണ്ട്. എല്ലാ വർഷവും സർക്കാർ നിയമിക്കുന്ന പ്രമുഖ ചലച്ചിത്ര നിർമ്മാതാക്കൾ, നിരൂപകർ, എഴുത്തുകാർ തുടങ്ങിയവരുടെ ജൂറിയാണ് സംസ് ഥാന അവാർഡുകൾ നിശ്ചയിക്കുന്നത്.

## 13.2 ഗ്ലോബൽ / നാഷണൽ / സ്റ്റേറ്റ് അവാർഡുമായി ബന്ധപ്പെട്ട സാമ്പത്തിക പ്രോത്സാഹനങ്ങൾ

ആഗോളതലത്തിലും ദേശീയതലത്തിലും അംഗീകാരങ്ങൾ നേടുന്ന സംസ്ഥാനത്ത് നിന്നുള്ള കലാകാരന്മാരുടെയും സാങ്കേതിക വിദഗ്ധരുടെയും എണ്ണം വർധിച്ചുവരുകയാണ്. അത്തരം അവാർഡ് ജേതാക്കൾക്ക് സാമ്പത്തിക പ്രോത്സാഹനങ്ങൾ നൽകാവുന്നതാണ്. ഇക്കാര്യത്തിൽ സർക്കാർ തലത്തിൽ ഒരു പദ്ധതി പ്രഖ്യാപിക്കാവുന്നതാണ്.

# 14.0 ഫിലിം അധിഷ്ഠിത പ്രവർത്തനങ്ങൾക്കായുള്ള വെബ് പ്ലാറ്റ്ഫോം (B2B)

സിനിമാ വ്യവസായത്തിന്റെ മുഴുവൻ വ്യാപാരവശങ്ങളും ഉൾക്കൊള്ളുന്ന ഒരു ഏകീകൃത ഓൺലൈൻ പ്ലാറ്റ്ഫോം സർക്കാരിന് സ്ഥാപിക്കാവുന്നതാണ്. ഇത് അടിസ്ഥാനപരമായി സിനിമ മേഖലയ്ക്കുള്ള ഒരു വിശാലമായ ബിസിനസ്-ടു-ബിസിനസ് (B2B) പ്ലാറ്റ്ഫോമായിരിക്കും.

**പ്ലാറ്റ്ഫോമിന്റെ പ്രധാന പ്രവർത്തനങ്ങൾ:**

**ചരക്ക് കൈമാറ്റം:**

ക്രിയേറ്റീവ് ഔട്ട്പുട്ടുകളുടെ (Creative Outputs) വ്യാപാരം.

**സൗകര്യങ്ങൾ:**

ഷൂട്ടിംഗ് ലൊക്കേഷനുകൾ വാടകയ്ക്ക് നൽകൽ, ഫിലിം ഉപകരണങ്ങളുടെ വിൽപ്പന/വാടക എന്നിവ.

**സേവനദാതാക്കൾ:**

വ്യവസായത്തിൽ ഫ്രീലാൻസ് അടിസ്ഥാനത്തിൽ സേവനങ്ങൾ നൽകുന്നവരെ ലിസ്റ്റ് ചെയ്യൽ.

**തൊഴിൽ രജിസ്ട്രേഷൻ:**

സിനിമാ കലാകാരർക്കും സാങ്കേതിക വിദഗ്ധർക്കും വേണ്ടിയുള്ള എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പ്ലാറ്റ്ഫോം.

ഈ പ്ലാറ്റ്ഫോമിന്റെ നടത്തിപ്പ് ചുമതല കെ.എസ്.എഫ്.ഡി.സിക്ക് (കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ) നൽകാവുന്നതാണ്.

# 15.0 വിപണി വികസനം

നിലവിൽ, ലോകമെമ്പാടും പ്രവാസി മലയാളികൾ ധാരാളമുണ്ടെങ്കിലും, മലയാള ഉള്ളടക്കത്തിന്റെ ഉപഭോഗം പ്രധാനമായും ഇന്ത്യയിലെ ഇതര

സംസ്ഥാനങ്ങളിലും വിദേശരാജ്യങ്ങളിലുമുള്ള മലയാളികൾക്കിടയിലുമായി ഒതുങ്ങി നിൽക്കുന്നു. അതുപോലെ, കേരളത്തിലെ സിനിമാ തിയേറ്ററുകളിൽ ഇംഗ്ലീഷ് ഒഴികെയുള്ള വിദേശ ഭാഷാ സിനിമകളുടെ പ്രദർശനം കാര്യമായി നിലവിലില്ല. ഈ പരിമിതികളെ മറികടന്ന് മലയാള സിനിമയ്ക്ക് മറ്റ് രാജ്യങ്ങളിൽ വിപണി വികസിപ്പിക്കാൻ പരസ്പര സഹകരണം അനിവാര്യമാണ്.

**പ്രധാന ഇടപെടലുകൾ:**

**പ്രോത്സാഹനവും വിനിമയവും:** മറ്റ് രാജ്യങ്ങളിൽ മലയാള സിനിമയെ പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാനം മുൻകൈയെടുക്കേണ്ടതാണ്. വിദേശത്തെ ട്രേഡ് അസോസിയേഷനുകളും മിഷനുകളും മുഖേന കേരളത്തിൽ വിദേശസിനിമകളുടെ പ്രദർശനം പ്രോത്സാഹിപ്പിക്കുകയും ചെയ്യാം.

**അന്താരാഷ്ട്ര പങ്കാളിത്തം:** അന്താരാഷ്ട്ര ചലച്ചിത്രമേളകളിലും വിപണികളിലും സംസ്ഥാനത്തിന് മതിയായ പ്രാതിനിധ്യം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക.

**കോ-പ്രൊഡക്ഷൻ പ്രോത്സാഹനം:** വിപണി വികസിപ്പിക്കുന്നതിനും സാങ്കേതിക സഹകരണത്തിനും വേണ്ടി വിദേശ നിർമ്മാതാക്കളുമായി പരസ്പര പ്രയോജനകരമായ രീതിയിൽ സംയുക്ത നിർമ്മാണങ്ങൾ (Co-Production) പ്രോത്സാഹിപ്പിക്കാവുന്നതാണ്.

**ഏകോപന ഏജൻസി:** ഈ ശ്രമങ്ങളെല്ലാം ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും വേണ്ടി സർക്കാരിന് ഒരു നോഡൽ ഏജൻസിയായി ചലച്ചിത്ര അക്കാദമി പ്രവർത്തിക്കുന്നതാണ്.

# 16.0 ചലച്ചിത്ര നിർമ്മാണ അടിസ്ഥാന സൗകര്യ വികസനം

മലയാള സിനിമയുടെ സാങ്കേതിക നിലവാരം ആഗോളതലത്തിലേക്ക് ഉയർത്തുന്നതിനും, സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അടിസ്ഥാനസൗകര്യവികസനം അനിവാര്യമാണ്. നിലവിലുള്ള സ്റ്റുഡിയോകൾ നവീകരിക്കുന്നതിനും, പ്രാദേശികമായി പുതിയ ഫിലിം സിറ്റികളും പോസ്റ്റ് പ്രൊഡക്ഷൻ സ്റ്റുഡിയോകളും സ്ഥാപിക്കുന്നതിനും ഈ നയം ഊന്നൽ നൽകുന്നു. ആധുനിക സാങ്കേതികവിദ്യകളുടെ സാധ്യതകൾ ഉപയോഗപ്പെടുത്താൻ ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

## 16.1 ഫിലിം സിറ്റി

ചലച്ചിത്ര വ്യവസായത്തെ ചെന്നൈയിൽ നിന്ന് കേരളത്തിലേക്ക് മാറ്റുക എന്ന ലക്ഷ്യത്തോടെ 1980-ൽ സംസ്ഥാന സർക്കാർ തിരുവനന്തപുരത്ത് ചിത്രാഞ്ജലി സ്റ്റുഡിയോ സ്ഥാപിച്ചു. നിലവിൽ, സ്റ്റുഡിയോയിൽ അത്യാധുനിക നിലവാരം ഉറപ്പാക്കുന്നതിനായി ഏകദേശം 150 കോടി രൂപ ചെലവിൽ സാങ്കേതിക നവീകരണത്തിനും വിപുലീകരണത്തിനുമുള്ള പദ്ധതികൾ നടപ്പിലാക്കി വരികയാണ്.

പൊതുമേഖലയിൽ സംസ്ഥാനത്തുടനീളം സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന്റെ ഭാഗമായി, ഫിലിം സിറ്റികളുടെ നിർമ്മാണത്തിന് പ്രാദേശികാടിസ്ഥാനത്തിൽ സർക്കാർ പ്രോത്സാഹനം നൽകേണ്ടതാണ്.

പ്രാദേശികമായി ഫിലിം സിറ്റികൾ നിർമ്മിക്കുന്നതിന് വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ് (Viability Gap Funding) നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാരിന് രൂപീകരിക്കാവുന്നതാണ്.

ലാൻഡ് പൂളിംഗ് പദ്ധതിയിലൂടെ ഫിലിം സിറ്റി വികസിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ സർക്കാരിന് നടത്താം.

KSFDC-യുടെ കീഴിൽ ചിത്രാഞ്ജലി സ്റ്റുഡിയോയെ അന്താരാഷ്ട്രതലത്തിൽ തന്നെ ഏറ്റവും ചെലവ് കുറഞ്ഞതും എന്നാൽ ഏറ്റവും ഗുണമേന്മയുള്ളതുമായ ഒരു ഫിലിം മേക്കിങ് സെന്ററാക്കി മാറ്റുക എന്നുള്ളതാണ് ലക്ഷ്യം. ഇതിലേക്കായി താഴെപ്പറയുന്ന കാര്യങ്ങൾ പ്രസക്തമാണ്.

1. കണക്ടിവിറ്റി സൗകര്യം മെച്ചപ്പെട്ടതാണ്. മികച്ച റോഡുകൾ, പോർട്ട്, എയർപോർട്ട്, റെയിൽവേ സ്റ്റേഷനുകൾ എന്നിവയുടെ സാമിപ്യം അനുകൂലമാണ്. കൂടാതെ ചിത്രാഞ്ജലിയിൽ ഒരു ഹെലിപാഡ് നിർമ്മിക്കുക എന്ന ലക്ഷ്യവുമുണ്ട്.
2. ചിത്രാഞ്ജലി സ്റ്റുഡിയോ പൂർണ്ണമാകുമ്പോൾ ഏഷ്യയിലെ തന്നെ ഏറ്റവും ശ്രദ്ധേയമായ ഫിലിം പ്രൊഡക്ഷൻ സെന്ററായി മാറും.
3. സാർക്ക് രാജ്യങ്ങളുൾപ്പെടെ ലോകത്തിന്റെ നാനാഭാഗത്ത് നിന്നും ഏറ്റവും Cost effective ആയ സിനിമാനിർമ്മാണ കേന്ദ്രമായി ചിത്രാഞ്ജലിയെ മാറ്റാൻ കഴിയും.
4. വിദേശനാണ്യ വിനിമയം നടക്കുമെന്നതിനാൽ ദേശീയവും പ്രാദേശികവുമായ തൊഴിൽ മേഖലകൾക്ക് ഉണർവേകാൻ കഴിയും.
5. ഇതിലൂടെ ഗണ്യമായ തോതിൽ വിവിധ ടാക്സുകൾ രാജ്യത്തിനും സംസ്ഥാനത്തിനും വന്നുചേരും.
6. ഇതിലൂടെ പ്രത്യക്ഷവും പരോക്ഷവുമായ തൊഴിൽ സാധ്യതകൾ വർദ്ധിക്കും

## 16.2 ഫിലിം സ്റ്റുഡിയോകൾ

സംസ്ഥാനത്തുടനീളം കൂടുതൽ പോസ്റ്റ് പ്രൊഡക്ഷൻ സ്റ്റുഡിയോകൾ ആവശ്യമാണ്, പ്രത്യേകിച്ചും ചലച്ചിത്ര നിർമ്മാണത്തിൽ വെർച്വൽ / എക്സ്റ്റെൻഡഡ് റിയാലിറ്റി (VR/XR) യുടെ ഉപയോഗം വർദ്ധിച്ചുവരുന്ന പശ്ചാത്തലത്തിൽ.

ഈ മേഖലയിൽ ലഭ്യമായ വൈദഗ്ധ്യമുള്ള മാനവിക ശേഷിയുടെ മികച്ച വിനിയോഗത്തിന് ജില്ലാതലത്തിൽ ഇത്തരം സ്റ്റുഡിയോകൾ അനിവാര്യമാണ്.

# 17.0 ചലച്ചിത്ര പ്രദർശന അടിസ്ഥാന സൗകര്യ വികസനം

പ്രേക്ഷകർക്ക് മെച്ചപ്പെട്ട സിനിമാ അനുഭവം നൽകുന്നതിലും, സിനിമയുടെ വരുമാനം ഉറപ്പാക്കുന്നതിലും പ്രദർശനശാലകൾക്ക് (തിയേറ്ററുകൾ) സുപ്രധാന പങ്കുണ്ട്. സംസ്ഥാനത്തെ സ്ക്രീൻ സാന്ദ്രത വർദ്ധിപ്പിക്കുക, അടഞ്ഞുകിടക്കുന്ന തിയേറ്ററുകൾ പുനരുജ്ജീവിപ്പിക്കുക, നിലവിലുള്ള തിയേറ്ററുകൾ നവീകരിക്കുക എന്നിവ ലക്ഷ്യങ്ങളാണ്. തിയേറ്ററുകളുടെ സാമ്പത്തിക ഘടന പരിഗണിച്ച് അവയ്ക്ക് വർഗ്ഗീകരണ സംവിധാനം ഏർപ്പെടുത്തുന്നതിലൂടെ സുസ്ഥിരമായ വളർച്ച ഉറപ്പാക്കാനും ഈ നയം ശ്രമിക്കുന്നു. സഞ്ചരിക്കുന്നതും പ്രീ ഫാബ് സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള തീയേറ്ററുകളേയും ഗണ്യമായ തോതിൽ പ്രോത്സാഹിപ്പിക്കും

## 17.1 മൾട്ടിപ്ലക്സുകൾ

മൾട്ടിപ്ലക്സുകൾ സംസ്ഥാനത്ത് അടുത്തിടെയുണ്ടായ ഒരു പ്രതിഭാസമാണ്. ഷോപ്പിംഗ്, ഭക്ഷണം എന്നിവ ഉൾപ്പെടെയുള്ള മറ്റ് വരുമാന മാർഗ്ഗങ്ങൾ ഉള്ളതിനാൽ, അവയുടെ സാമ്പത്തിക മാതൃക പ്രദർശനത്തെ മാത്രം ആശ്രയിക്കുന്ന സിംഗിൾ സ്ക്രീൻ തിയേറ്ററുകളേക്കാൾ വ്യത്യസ്തമായി പരിഗണിക്കേണ്ടതുണ്ട്.

സിനിമയുടെ പ്രദർശനത്തിൽ നിന്ന് വരുമാനത്തിന്റെ പ്രധാന പങ്ക് കണ്ടെത്തുന്ന തിയേറ്ററുകൾക്ക് മൾട്ടിപ്ലക്സുകളേക്കാൾ മുൻഗണന നൽകേണ്ടതുണ്ട്.

## 17.2 അടച്ചിട്ട തിയേറ്ററുകളുടെ പുനരുജ്ജീവനം

സംസ്ഥാനത്ത് ഉണ്ടായിരുന്ന ഏകദേശം 1500 തിയേറ്ററുകളിൽ 650 എണ്ണം മാത്രമാണ് ഇപ്പോൾ സജീവമായി പ്രവർത്തിക്കുന്നത്.

കേരളത്തിലെ സ്ക്രീൻ സാന്ദ്രത (Screen Density) ഒരു ലക്ഷം പേർക്ക് ഏകദേശം ഒരു സ്ക്രീൻ മാത്രമാണ്. ഇത് 50,000 പേർക്ക് ഒരു സ്ക്രീൻ ലക്ഷ്യമിടുന്ന മറ്റ് സംസ്ഥാനങ്ങളേക്കാൾ കുറവാണ്.

അടഞ്ഞുകിടക്കുന്ന തിയേറ്ററുകളുടെ പുനരുജ്ജീവനത്തിനായി ധനകാര്യ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ സർക്കാർ ഒരു പദ്ധതി ആവിഷ്കരിക്കേണ്ടതാണ്. ഇക്കാര്യത്തിലും PPP മാതൃകയും പരിശോധിക്കാവുന്നതാണ്.

അടച്ചിട്ട സിനിമാശാലകൾ പുനർനിർമ്മിക്കുമ്പോൾ, നിലവിലുള്ള സോണിംഗ് ചട്ടങ്ങൾ പരിഗണിക്കാതെ, ബിൽറ്റ്-അപ്പ് ഏരിയയുടെ 30% വരെ വാണിജ്യപരമായ ഉപയോഗത്തിനായി അനുവദിക്കാവുന്നതാണ്. ഇക്കാര്യത്തിൽ ചട്ടങ്ങളിൽ ഉചിതമായ ഇളവുകൾ നൽകേണ്ടതാണ്. ഇക്കാര്യത്തിലും PPP മാതൃക പരിശോധിക്കാവുന്നതാണ്.

## 17.3 നിലവിലുള്ള തിയേറ്ററുകളുടെ നവീകരണം

നിലവിൽ പ്രവർത്തിക്കുന്ന പല തിയേറ്ററുകളും ജീർണാവസ്ഥയിലുള്ളതും കാലഹരണപ്പെട്ട സാങ്കേതികവിദ്യ ഉപയോഗിക്കുന്നതുമാണ്. പ്രൊജക്ഷൻ സ്ക്രീൻ, സീറ്റുകൾ, അക്കോസ്റ്റിക്സ്, സൗണ്ട് സിസ്റ്റം എന്നിവയുമായി ബന്ധപ്പെട്ട് വലിയ നവീകരണം ആവശ്യമാണ്. ഈ കാലഹരണപ്പെട്ട സാങ്കേതികവിദ്യയാണ് തിയേറ്ററുകളിലെ തിരക്ക് കുറയാനുള്ള ഒരു പ്രധാന കാരണം.

ധനകാര്യ സ്ഥാപനങ്ങളുമായി സഹകരിച്ച് ഈ തിയേറ്ററുകൾ നവീകരിക്കുന്നതിന് സർക്കാർ ഒരു പദ്ധതി ആവിഷ്കരിക്കേണ്ടതാണ്.

## 17.4 തിയേറ്ററുകളുടെ വർഗ്ഗീകരണം

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന തിയേറ്ററുകൾക്ക് അവയുടെ വലുപ്പം, സൗകര്യങ്ങൾ, സാങ്കേതിക മികവ്, സേവനത്തിന്റെ ഗുണനിലവാരം എന്നിവയെ ആശ്രയിച്ച് വ്യത്യസ്ത പ്രവർത്തന നിലവാരമാണുള്ളത്.

പൊതുഖജനാവിലേക്കുള്ള അവരുടെ സംഭാവനകൾ നിർണ്ണയിക്കുന്നതിനും നിലവാരം ഉറപ്പുവരുത്തുന്നതിനുമായി സർക്കാർ ഒരു വർഗ്ഗീകരണ സംവിധാനം (Classification System) കൊണ്ടുവരേണ്ടതാണ്.

ഭിന്നശേഷിക്കാർക്കുള്ള പ്രവേശനക്ഷമത, ഊർജ്ജ സംരക്ഷണ പദ്ധതികൾ, ഗ്രീൻ പ്രോട്ടോക്കോൾ എന്നിവയും തിയേറ്ററുകളെ തരംതിരിക്കുന്നതിനുള്ള ഘടകങ്ങളായി പരിഗണിക്കാം.

ഈ റേറ്റിംഗ് സംവിധാനം തിയേറ്ററുടമകൾക്ക് മികച്ച ഗ്രേഡിംഗിനും അതുവഴി വരുമാനം വർദ്ധിപ്പിക്കുന്നതിനും നിരന്തരമായ നവീകരണം നടത്തുന്നതിനും ഒരു പ്രചോദന ഘടകമായി പ്രവർത്തിക്കും.

# 18.0 നിർമ്മാണ-പ്രദർശന സുരക്ഷ

## 18.1 ക്രൗഡ് മാനേജ്മെന്റും നിർമ്മാണ സുരക്ഷയും

ചലച്ചിത്ര നിർമ്മാണവേളകളിലും പരിപാടികളിലും സുരക്ഷാ ഭീഷണികൾ ഉണ്ടാകുന്നത് പ്രധാനമായും താരങ്ങളുടെ സെലിബ്രിറ്റി പദവിയുമായി ബന്ധപ്പെട്ട ക്രൗഡ് മാനേജ്മെന്റ് പ്രശ്നങ്ങളാണ്. ഈ സാഹചര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി ക്രൗഡ് മാനേജ്മെന്റിന് സിവിൽ ഡിഫൻസ് പിന്തുണ ആവശ്യമാണ്. ആയത് സർക്കാർ തലത്തിൽ ലഭ്യമാക്കാവുന്നതാണ്. ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ, നിലവിലുള്ള രീതികളും മാനദണ്ഡങ്ങളും അനുസരിച്ച് പോലീസിനെ വിന്യസിക്കാവുന്നതുമാണ്.

## 18.2 പ്രദർശന വേളയിലെ സുരക്ഷ

സിനിമയുടെ പ്രദർശനത്തിന്റെ കാര്യത്തിൽ, രാഷ്ട്രീയമോ സാമുദായികമോ ആയ കാരണങ്ങളാൽ സമൂഹത്തിലെ ഒരു വിഭാഗത്തിൽ നിന്ന് പ്രതിഷേധം ഉണ്ടായാലും നിയമപരമായി അംഗീകരിച്ച ഉള്ളടക്കം പ്രദർശിപ്പിക്കാനുള്ള എക്സിബിറ്ററുടെ (പ്രദർശകന്റെ) അവകാശം സംരക്ഷിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

# 19.0 ചലച്ചിത്ര പൈതൃക സംരക്ഷണവും ആർക്കൈവുകളും

പതിറ്റാണ്ടുകൾനീണ്ട സമ്പന്നമായ പാരമ്പര്യമുള്ള മലയാള സിനിമ, കേരളത്തിന്റെ സാംസ്കാരിക ഘടനയുടെ അവിഭാജ്യ ഘടകമാണ്. ഈ സിനിമകൾ സംസ്ഥാനത്തിന്റെ സാമൂഹിക, ചരിത്രപരമായ പരിണാമങ്ങളിലേക്ക് വെളിച്ചം വീശുന്നു. ഈ വിലപ്പെട്ട പൈതൃകം ഭാവിതലമുറകൾക്കായി സംരക്ഷിക്കുന്നതിന് മലയാള സിനിമയുടെ ആർക്കൈവിംഗും അനുബന്ധ സ്ഥാപനങ്ങളും ശക്തിപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. ചലച്ചിത്ര ശേഖരങ്ങൾ സംരക്ഷിക്കുന്നതിനും ഗവേഷണത്തിന് സൗകര്യമൊരുക്കുന്നതിനും സെല്ലുലോയ്ഡ് പ്രിന്റുകൾ ഡിജിറ്റൈസ് ചെയ്യുന്നതിനും വേണ്ടിയുള്ള നിർദ്ദേശങ്ങളാണ് പ്രധാനമായും ഉൾപ്പെടുത്തിയിരിക്കുന്നത്.

## 19.1 മലയാള സിനിമയുടെ ആർക്കൈവിംഗ്

മലയാള സിനിമയുടെ സമ്പന്നമായ പൈതൃകം സംരക്ഷിക്കുന്നതിനായി സർക്കാർ ഒരു മലയാളം സിനിമാ ആർക്കൈവ് സ്ഥാപിക്കേണ്ടതാണ്. ഈ ആർക്കൈവ് ഗവേഷകർക്കും വിദ്യാർത്ഥികൾക്കും പണ്ഡിതന്മാർക്കും വിലമതിക്കാനാവാത്ത ഒരു വിഭവം പ്രദാനം ചെയ്യും. പ്രാദേശിക സിനിമയുടെ വികസനം, ആഖ്യാന രീതികൾ, സൗന്ദര്യശാസ്ത്രം, സാമൂഹിക-രാഷ്ട്രീയ പശ്ചാത്തലങ്ങൾ തുടങ്ങിയ വിവിധ വശങ്ങളെക്കുറിച്ച് ആഴത്തിൽ പഠിക്കാൻ ഇത് സഹായിക്കും. ഇതിലേക്കായി കേന്ദ്ര ആവിഷ്കൃത ധനസഹായവും സംസ്ഥാന പദ്ധതികളും, PPP മാതൃകയും പരിശോധിക്കും

## 19.2 മലയാളം സിനിമാ മ്യൂസിയം

മലയാള സിനിമയുടെ പൈതൃകം സംരക്ഷിക്കുന്നതിനും, അതിന്റെ പരിണാമവും സ്വാധീനവും പഠിക്കാൻ സന്ദർശകർക്ക് ആഴത്തിലുള്ള അനുഭവം നൽകുന്നതിനുമായി ഒരു മലയാളം സിനിമാ മ്യൂസിയം ചിത്രാഞ്ജലിയിൽ സ്ഥാപിക്കേണ്ടതാണ്. ഇതിന്റെ നടത്തിപ്പ് ചുമതല ചലച്ചിത്ര അക്കാദമിക്ക് ആയിരിക്കും. സിനിമയുമായി ബന്ധപ്പെട്ട പുരാവസ്തുക്കൾ, സ്മരണികകൾ,

രേഖകൾ എന്നിവയുടെ കലവറയായി മ്യൂസിയം പ്രവർത്തിക്കും. തിരക്കഥകൾ, വസ്ത്രങ്ങൾ, പ്രോപ്സ്, ഫോട്ടോഗ്രാഫുകൾ, പോസ്റ്ററുകൾ, ഓഡിയോവിഷ്വൽ ഉള്ളടക്കങ്ങൾ എന്നിവ മ്യൂസിയത്തിൽ ഉൾപ്പെടുത്താം.

## 19.3 മലയാള സിനിമയുടെ സെല്ലുലോയ്ഡ് പ്രിന്റുകൾ പുനഃസ്ഥാപിക്കൽ (Restoration)

സെല്ലുലോയിഡിൽ ചിത്രീകരിച്ച മുൻകാല മലയാള സിനിമകളുടെ പ്രിന്റുകൾ നശിച്ചുപോകാനുള്ള സാധ്യത കണക്കിലെടുത്ത്, അവ ഡിജിറ്റൽ ഫോർമാറ്റിൽ പുനഃസ്ഥാപിക്കേണ്ടത് അനിവാര്യമാണ്. സർക്കാർ കൈവശമുള്ള എല്ലാ സെല്ലുലോയിഡ് ഫിലിമുകളും (ക്ലാസിക്കുകൾ, ദേശീയ-അന്തർദേശീയ അവാർഡുകൾ നേടിയവ ഉൾപ്പെടെ) പുനഃസ്ഥാപിക്കേണ്ടതാണ്. മറ്റ് ഉടമകൾക്ക് (Title holders) അവരുടെ കൈവശമുള്ള സിനിമകൾ പുനഃസ്ഥാപിക്കാൻ ആവശ്യമായ പിന്തുണ സർക്കാർ നൽകേണ്ടതാണ്.

## 19.4 സിനിമാ ലൈബ്രറി (ഓഡിയോ-വീഡിയോ)

സംസ്ഥാനത്ത് ഒരു ഓഡിയോ-വീഡിയോ ലൈബ്രറി സ്ഥാപിക്കുന്നത് കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ ചുമതലയാണ്. ചലച്ചിത്ര അക്കാദമിയുടെ ഭാഗമായ നിലവിൽ സിഫ്രയിൽ പ്രവർത്തിക്കുന്ന സംവിധാനത്തിന്റെ വിപുലീകരണമാണ് ലക്ഷ്യം. ഈ ലൈബ്രറി വലിയ ചലച്ചിത്ര ശേഖരത്തിലേക്ക് എളുപ്പത്തിൽ പ്രവേശനം നൽകിക്കൊണ്ട് ഗവേഷണവും വിദ്യാഭ്യാസവും സുഗമമാക്കും. ലോകമെമ്പാടുമുള്ള വൈവിധ്യമാർന്ന സിനിമകൾ പ്രദർശിപ്പിക്കുന്നതിനുള്ള വേദിയായി ലൈബ്രറി പ്രവർത്തിക്കും. ഇത് സാംസ്കാരിക വിനിമയം പ്രോത്സാഹിപ്പിക്കുന്നതിനും പ്രാദേശിക കാഴ്ചപ്പാടുകൾ വിശാലമാക്കുന്നതിനും സംഭാവന ചെയ്യും. ഫിലിം ഇൻസ്റ്റിറ്റ്യൂട്ടുകളുടെയും ട്രേഡ് അസോസിയേഷനുകളുടെയും സഹകരണത്തോടെ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയാണ് ലൈബ്രറി സ്ഥാപിക്കുന്നത്. അന്താരാഷ്ട്ര നിലവാരത്തിൽ സ്ഥാപിക്കേണ്ടുന്ന ലൈബ്രറിയുടെ സ്ഥാപനത്തിനായി അന്താരാഷ്ട്ര-കേന്ദ്ര-സംസ്ഥാന ഏജൻസികളുടെ സഹായം തേടാവുന്നതാണ് പഠന ഗവേഷണങ്ങൾക്കായുള്ള കേന്ദ്രമായി ഈ ലൈബ്രറിയെ മാറ്റിത്തീർക്കുന്നതാണ്.

# 20.0 പ്രത്യേക വിഭാഗങ്ങളുടെ പ്രോത്സാഹനം

സംസ്ഥാനത്തെ ചലച്ചിത്ര മേഖലയിൽ സ്ത്രീകൾ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ എന്നിവരുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനും, കുട്ടികളിൽ ചലച്ചിത്രാസ്വാദനം പ്രോത്സാഹിപ്പിക്കുന്നതിനും ഈ നയം ഊന്നൽ നൽകുന്നു. നിലവിലുള്ള പ്രത്യേക പ്രോത്സാഹന പദ്ധതികളുടെ കാര്യക്ഷമത വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ഫലപ്രദമായ രീതിയിൽ ഈ വിഭാഗങ്ങളെ പിന്തുണയ്ക്കേണ്ടതുണ്ട്.

## 20.1 വനിതാ ഫിലിംമേക്കർമാരുടെ പ്രോത്സാഹനം

സംസ്ഥാനത്തെ വനിതാ ഫിലിംമേക്കർമാരെ പ്രോത്സാഹിപ്പിക്കുന്നതിനായി നിലവിൽ കെ.എസ്.എഫ്.ഡി.സി. നടത്തുന്ന പദ്ധതി (ഒരു സിനിമയ്ക്ക് 1.5 കോടി രൂപ വീതം നൽകുന്നത്) തുടരുന്നതിനോടൊപ്പം പോളിസിയിൽ പരാമർശിച്ച പൊതു സബ്സിഡി സ്കീമിന്റെ മൊത്തം വിഹിതത്തിന്റെ 20% തിരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ പാലിക്കുന്ന വനിതാ ചലച്ചിത്ര നിർമ്മാണങ്ങൾക്കായും നീക്കിവെക്കാവുന്നതാണ്.

## 20.2 പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ പ്രോത്സാഹനം

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്നുള്ള ചലച്ചിത്ര സംവിധായകരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നിലവിലെ പദ്ധതി തുടരുന്നതിനോടൊപ്പം ഈ നയത്തിൽ പരാമർശിച്ച പൊതു സബ്സിഡി സ്കീമിന്റെ മൊത്തം വിഹിതത്തിന്റെ 20% തിരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ പാലിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ സിനിമാ നിർമ്മാണങ്ങൾക്കായി നീക്കിവെക്കാവുന്നതാണ്.

## 20.3 കുട്ടികളുടെ സിനിമ

സർഗ്ഗാത്മകതയുടെ രൂപീകരണ കാലയളവിൽ മികച്ച സിനിമാറ്റിക് അനുഭവം നൽകുന്നതിനും സാംസ്കാരിക നിലവാരം ഉയർത്തുന്നതിനും

കുട്ടികളുടെ സിനിമയ്ക്ക് പ്രത്യേക ശ്രദ്ധ നൽകേണ്ടതുണ്ട്. ഈ പോളിസിയിൽ പരാമർശിച്ച പൊതു സബ്സിഡി പദ്ധതിയുടെ മൊത്തം അടങ്കലിന്റെ 10% സർക്കാർ പ്രഖ്യാപിക്കുന്ന സെലക്ഷൻ മാനദണ്ഡങ്ങൾ പാലിക്കുന്ന കുട്ടികളുടെ സിനിമയ്ക്കായി നീക്കിവെക്കാവുന്നതാണ്.

### 20.4 ട്രാൻസ്ജെൻഡർ -ഭിന്നശേഷി വിഭാഗങ്ങൾ

സവിശേഷ പരിഗണന നൽകേണ്ടുന്ന ട്രാൻസ്ജെൻഡർ-ഭിന്നശേഷി വിഭാഗങ്ങൾക്ക് 10% നീക്കിവെക്കാവുന്നതാണ്. ഈ മേഖലയിൽ കൂടുതൽ ശ്രദ്ധയോടെ ചലച്ചിത്ര അക്കാഡമി സമീപിക്കേണ്ടതും ക്രിയാത്മകമായ രീതിയിൽ നൂതനാശയങ്ങൾ പ്രാവർത്തികമാക്കേണ്ടതുമാണ്.

## 21.0 പൈറസി, നിയമപരമായ പ്രദർശനം, നിയമാനുസൃത വിമർശനം

### 21.1 പൈറസിയും നിയമവിരുദ്ധ പ്രദർശനവും

സിനിമാ വ്യവസായത്തിന്റെ ആരോഗ്യകരമായ വളർച്ചയ്ക്ക് പൈറസി ഒരു വലിയ ഭീഷണിയാണ്, കാരണം ഓരോ സിനിമാ ഉൽപ്പന്നവും ഉയർന്ന മൂല്യമുള്ള ബൗദ്ധിക സ്വത്താണ്. സിനിമയുടെ സുരക്ഷിതമായ വിനിമയത്തിനും സംഭരണത്തിനും സർക്കാർ പ്രതിജ്ഞാബദ്ധമാകണം.

**നടപടികൾ:**

**ആന്റി പൈറസി സെൽ ശക്തിപ്പെടുത്തൽ:**

സംസ്ഥാന പോലീസിലെ ആന്റി പൈറസി സെല്ലിനെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി നടപടി സ്വീകരിക്കേണ്ടതാണ്. ആവശ്യമെങ്കിൽ നിലവിലുള്ള നിയമത്തിൽ ഉചിതമായ ഭേദഗതി കൊണ്ടുവരേണ്ടതാണ്.

**ഡാറ്റാ കോറിഡോർ:**

ഈ നയത്തിൽ നിർദ്ദേശിച്ചിട്ടുള്ള സമർപ്പിത ഡാറ്റാ കോറിഡോർ ഓൺലൈൻ വഴിയുള്ള ഉള്ളടക്ക ചോർച്ച തടയാൻ സഹായകമാകും.

**നിയമം നടപ്പിലാക്കൽ:**

സംസ്ഥാനത്ത് ഉടൻ നടപ്പിലാക്കുന്ന ബൗദ്ധിക സ്വത്തവകാശ നിയമങ്ങളിൽ നിയമവിരുദ്ധമായ പ്രദർശനവും ഉൾക്കൊള്ളിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാം

**ഓൺലൈൻ സഹകരണം:**

റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസുകളിൽ, പൊതു ഡൊമെയ്നുകളിൽ നിന്ന് പൈറേറ്റഡ് ഉള്ളടക്കം നീക്കം ചെയ്യുന്നതിനായി ഇന്റർനെറ്റ് സേവനദാതാക്കളുമായി (ISPs) നിയമാനുസൃതമായി സർക്കാർ ഇടപെടലുകൾ ശക്തമാക്കണം.

## 21.2 ചലച്ചിത്ര നിരൂപണവും അനീതിപരമായ വിമർശനവും

സംസ്ഥാനത്ത് ചലച്ചിത്ര നിർമ്മാതാക്കൾ അടുത്തിടെ ഉയർത്തിയ പ്രധാന ആരോപണമാണ് അന്യായമായ വിമർശനവും (റിവ്യൂ ബോംബിംഗ്) സാമ്പത്തിക ലാഭം ലക്ഷ്യം വെച്ചു കൊണ്ടുള്ള റിവ്യൂകളും (Paid Reviews). മോശം റിവ്യൂകൾ ഒഴിവാക്കാൻ പണം ആവശ്യപ്പെടുന്നതും അനാരോഗ്യപരമായ പ്രവണതയായും വിശ്വാസവഞ്ചനയായും കണക്കാക്കുന്നു.

**നിയമപരമായ നിലപാട്:**

1. പണം കൈപ്പറ്റിയുള്ള അവലോകനങ്ങൾ ഉപഭോക്താക്കളുടെ വിവരങ്ങൾ അറിയാനുള്ള സുതാര്യമായ അവകാശം ലംഘിക്കുന്നു.
2. മോശം അവലോകനം ഒഴിവാക്കാൻ പണം ആവശ്യപ്പെടുന്നത് നിയമവിരുദ്ധമായ പണം തട്ടിയെടുക്കൽ (Extortion) ആണ്.

ഈ രണ്ട് കാര്യങ്ങളും ഉപഭോക്തൃ സംരക്ഷണ നിയമത്തിലും പീനൽ കോഡിലും ഉൾപ്പെടുന്ന വിഷയങ്ങളാണ്.

**സർക്കാർ ഇടപെടൽ:**

നിയമവാഴ്ച ഉയർത്തിപ്പിടിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇതുമായി ബന്ധപ്പെട്ട ഏത് പരാതിക്കും പരിഹാരം കാണുന്നതിന്, കുറ്റവാളിയെ ഉചിതമായ ഫോറത്തിന് മുമ്പാകെ ഹാജരാക്കാൻ സൗകര്യമൊരുക്കേണ്ടതാണ്.

**ആധികാരിക വിവര സംവിധാനം:**

പൊതുജനങ്ങൾക്ക് ആധികാരികവും യഥാർത്ഥവുമായ വിവരങ്ങൾ നൽകുന്നതിനായി, സിനിമാ മേഖലയുമായി ചേർന്ന് സംസ്ഥാനത്തിന് ഒരു പോർട്ടൽ സംവിധാനം രൂപീകരിക്കാവുന്നതാണ്. ഇതിലൂടെ ഉയർന്ന നിലവാരം ഉറപ്പാക്കുകയും ചെയ്യാം.

## 22.0 വെബ് സീരീസുകൾ (Web Series)

വിഷ്വൽ എന്റർടെയ്ൻമെന്റ് രംഗത്തെ പുതിയ പ്രവണതയാണ് വെബ് സീരീസുകൾ. ഇവയുടെ ഉള്ളടക്ക നിർമ്മാണം സിനിമയ്ക്ക് സമാനമാണ്; എന്നാൽ പൂർണ്ണമായ ഉള്ളടക്കത്തെ എപ്പിസോഡുകളായി വിഭജിക്കുന്നു എന്ന വ്യത്യാസമുണ്ട്. വെബ് സീരീസുകൾ പ്രധാനമായും ഓൺലൈൻ ഉപഭോഗത്തിനായി രൂപകൽപ്പന ചെയ്തിട്ടുള്ളവയാണ്.

**നിയമപരമായ നിലപാട്:**

പ്രദർശനത്തിനായി ഉപയോഗിക്കുന്നത് വ്യത്യസ്തമായ മാധ്യമമാണെങ്കിലും, വെബ് സീരീസുകൾ വാണിജ്യ സിനിമയുടെ പല സവിശേഷതകളും നിലനിർത്തുന്നുണ്ട്. അതിനാൽ, സിനിമയ്ക്ക് നിലവിലുള്ള സുരക്ഷാ പ്രോട്ടോക്കോളുകളും മറ്റ് നിയമപരമായ പിന്തുണാ സംവിധാനങ്ങളും വെബ് സീരീസുകൾക്കും ബാധകമായിരിക്കണം.

# 23.0 ടെലിവിഷൻ സീരിയൽ മേഖലയും തൊഴിൽ സുരക്ഷയും

ടെലിവിഷൻ സീരിയൽ നിർമ്മാണം സിനിമാ നിർമ്മാണത്തിന് സമാനമായ ഒരു സങ്കീർണ്ണ തൊഴിൽ പ്രക്രിയയാണ്. ആയിരക്കണക്കിന് തൊഴിലാളികൾ, പ്രത്യേകിച്ച് സ്ത്രീകൾ, പ്രവർത്തിക്കുന്ന ഈ മേഖലയിൽ തൊഴിൽ സുരക്ഷയും (Job Security) സ്ത്രീ സുരക്ഷയും ഉറപ്പുവരുത്തേണ്ടത് അടിയന്തിര ആവശ്യമാണ്. ടി.വി സീരിയലുകളുടെ എപ്പിസോഡ് എണ്ണം റേറ്റിംഗിനെ ആശ്രയിച്ചിരിക്കുന്നതിനാൽ, കഥാ വികസനം പ്രദർശനത്തിനനുസരിച്ച് മാറുന്നു. ഈ മേഖലയിലെ പ്രത്യേകതകൾ പരിഗണിച്ച്, തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ സർക്കാർ, നിർമ്മാതാക്കൾ, തൊഴിലാളി സംഘടനകൾ എന്നിവർ സംയുക്തമായി പ്രവർത്തിക്കേണ്ടതാണ്.

## 23.1 ടിവി സീരിയൽ നിർമ്മാണത്തിന്റെ സവിശേഷതകളും വെല്ലുവിളികളും

**അമിതമായ തൊഴിൽ സമ്മർദ്ദം:**

സിനിമകളിൽ നിന്ന് വ്യത്യസ്തമായി, ടിവി സീരിയലുകളുടെ നിർമ്മാണം ദൈനംദിന അടിസ്ഥാനത്തിലാണ് നടക്കുന്നത്. ഇത് തൊഴിലാളികൾക്ക് തുടർച്ചയായ ജോലി നൽകുന്നുണ്ടെങ്കിലും, 12 മുതൽ 16 മണിക്കൂർ വരെ നീളുന്ന കഠിനമായ തൊഴിൽ സമ്മർദ്ദം സൃഷ്ടിക്കുന്നു.

**സുരക്ഷാ പ്രശ്നങ്ങൾ:**

ബഡ്ജറ്റ് പരിമിതികൾ കാരണം, പലപ്പോഴും സുരക്ഷാ സൗകര്യങ്ങൾക്കും മാനദണ്ഡങ്ങൾക്കുമുള്ള വിഹിതം വെട്ടിക്കുറയ്ക്കുന്നു.

**തൊഴിൽപരമായ വെല്ലുവിളികൾ:**

തൊഴിലാളികൾക്ക് ശാരീരികവും മാനസികവുമായ വെല്ലുവിളികൾ, ജോലിയിലെ അനിശ്ചിതത്വം, ഇന്റേണൽ കമ്മിറ്റികളുടെ (IC) അഭാവം എന്നിങ്ങനെയുള്ള പ്രശ്നങ്ങൾ നേരിടേണ്ടിവരുന്നു.

**നിയമപരമായ വ്യത്യാസം:**

ടിവി സീരിയലുകളുടെ ഓണർഷിപ്പ് (Ownership) സിനിമയുടേതിൽ നിന്ന് വ്യത്യസ്തമായതിനാൽ കരാർ, തർക്കപരിഹാരം തുടങ്ങിയ കാര്യങ്ങളിൽ ഇടപെടാൻ പരിമിതികളുണ്ട്. ആയതിനാൽ സമഗ്രമായ നിയമപരിശോധന ഇക്കാര്യത്തിൽ ആവശ്യമാണ്.

## 23.2 അടിയന്തിരവും ദീർഘകാലവുമായ നടപടികൾ

ഈ മേഖലയിലെ തൊഴിലാളികളുടെ സുരക്ഷയും അവകാശങ്ങളും ഉറപ്പുവരുത്തുന്നതിന് താഴെ പറയുന്ന നടപടികൾ അടിയന്തിരമായി നടപ്പിലാക്കേണ്ടതാണ്:

**അടിയന്തിര നടപടികൾ:**

**സുരക്ഷാ മാനദണ്ഡങ്ങൾ:**

എല്ലാ പ്രൊഡക്ഷൻ കമ്പനികളും സുരക്ഷാ മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

**IC (ഇന്റേണൽ കമ്മിറ്റി) രൂപീകരണം:**

ലൈംഗികാതിക്രമ പരാതികൾ പരിഗണിക്കുന്നതിനായി ഇന്റേണൽ കമ്മിറ്റികൾ (ആഭ്യന്തര പരാതി പരിഹാര സമിതികൾ) നിർബന്ധമായി രൂപീകരിക്കേണ്ടതാണ്.

**സുരക്ഷാ വിദ്യാഭ്യാസം:**

തൊഴിലാളികൾക്ക് സുരക്ഷാ വിദ്യാഭ്യാസം നൽകേണ്ടതാണ്.

**ദീർഘകാല നടപടികൾ:**

**നിയമ നിർമ്മാണം:**

സീരിയൽ വ്യവസായത്തിന് മൊത്തത്തിലുള്ള സുരക്ഷാ നിയമ നിർമ്മാണം നടത്തേണ്ടതാണ്. കൂടാതെ ഷൂട്ടിംഗ് സെറ്റുകളിൽ പോലീസ് നിരീക്ഷണം

ശക്തിപ്പെടുത്തേണ്ടതാണ്. ആയത് ലോക്കൽ പോലീസ് സ്റ്റേഷൻ വഴി നടപ്പിലാക്കേണ്ടതുമാണ്.

**ഇൻഷുറൻസ്:**

തൊഴിലാളികൾക്ക് ഇൻഷുറൻസ് കവറേജ് നിർബന്ധമാക്കേണ്ടതാണ്.

**അവകാശ ബോധം:**

തൊഴിലാളി സംഘടനകൾ വഴി അവരുടെ അവകാശങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തേണ്ടതാണ്.

**പൊതുവായ പ്രോട്ടോക്കോളുകൾ:**

നിർമ്മാണ പ്രക്രിയയിൽ വ്യത്യാസങ്ങൾ ഉണ്ടെങ്കിലും, എല്ലാ ആനുകൂല്യങ്ങളും സുരക്ഷാ പ്രോട്ടോക്കോളുകളും മറ്റ് നിയമ പിന്തുണാ സംവിധാനങ്ങളും ടിവി സീരിയലുകൾക്കും ബാധകമാക്കണം.

കരാർ, തർക്കപരിഹാരം എന്നിവയിൽ ഈ മേഖലയുടെ സവിശേഷതകൾ പരിഗണിച്ച് പ്രത്യേക മാർഗ്ഗം ആവശ്യമാണ്.

## 24.0 ചലച്ചിത്ര വ്യവസായത്തിന് സമർപ്പിത ഡാറ്റാ കോറിഡോർ

സിനിമ, ടിവി ഷോകൾ തുടങ്ങിയ കലാരൂപങ്ങളിൽ ഇന്റർനെറ്റിന്റെ സ്വാധീനം ശക്തമാണ്. ഡിജിറ്റൽ ഷൂട്ടിംഗ് രീതികൾ നിർമ്മാണ പ്രക്രിയയെ വേഗത്തിലാക്കുകയും, OTT പ്ലാറ്റ്ഫോമുകൾ പ്രാദേശിക ചലച്ചിത്ര വ്യവസായങ്ങൾക്ക് ആഗോളതലത്തിൽ വലിയ സ്വീകാര്യത നേടിക്കൊടുക്കുകയും ചെയ്തു. ഈ സാധ്യതകൾക്കൊപ്പം, വാണിജ്യപരമായ റിലീസിനിടെ ഉണ്ടാകുന്ന പൈറസി, ഉള്ളടക്ക ചോർച്ച എന്നിവ വലിയ വെല്ലുവിളിയാണ്. കലാസൃഷ്ടികളുടെ സ്വകാര്യതയും സംരക്ഷണവും ഉറപ്പാക്കാൻ സുരക്ഷിതവും വേഗതയേറിയതുമായ ഡാറ്റാ കൈമാറ്റം അനിവാര്യമാണ്.

## 24.1 ഡാറ്റാ കോറിഡോർ സ്ഥാപിക്കൽ

സിനിമയുടെ വിവിധ ഘട്ടങ്ങളായ എഡിറ്റിംഗ്, സൗണ്ട് ഡിസൈൻ, ഡി.ഐ., മിക്സിംഗ്, ഡബ്ബിംഗ് എന്നിവയ്ക്ക് ഉയർന്ന നിലവാരമുള്ള ഡാറ്റാ കൈമാറ്റം അത്യാവശ്യമാണ്.

ഈ ആവശ്യം പരിഗണിച്ച്, ലഭ്യമായ കെ-ഫോൺ (KFON) നെറ്റ് വർക്ക് ഉപയോഗിച്ച് ചലച്ചിത്ര വ്യവസായത്തിനായി സർക്കാരിന് ഒരു സമർപ്പിത ഡാറ്റാ ഇടനാഴി (Dedicated Data Corridor) സൃഷ്ടിക്കാവുന്നതാണ്. ഈ ഡാറ്റാ കോറിഡോർ സുരക്ഷിതവും പൈറസി രഹിതവുമായ രീതിയിൽ ഡാറ്റാ കൈമാറ്റം സാധ്യമാക്കും.

## 24.2 നോഡൽ പോയിന്റുകൾ

കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷന്റെ (KSFDC) ലഭ്യമായ സൗകര്യങ്ങൾ ഈ ഡാറ്റാ ഇടനാഴിയിലേക്കുള്ള പ്രവേശനത്തിന്റെ നോഡൽ പോയിന്റുകൾ ആയി പ്രവർത്തിക്കാവുന്നതാണ്. ഈ നോഡൽ പോയിന്റുകളിൽ നിന്നുള്ള സൗകര്യം ഉപയോഗിച്ച്, സിനിമയുടെ വിവിധ പങ്കാളികൾക്ക് ഡാറ്റ സുരക്ഷിതമായി കൈമാറ്റം ചെയ്യാൻ സാധിക്കും.

# 25.0 ഗവേഷണവും വികസനവും (R&D)

മാധ്യമ-വിനോദ വ്യവസായം ആഗോളതലത്തിൽ ശക്തമായ വളർച്ചാ നിരക്ക് രേഖപ്പെടുത്തുകയും, സിനിമാ വ്യവസായം മൂല്യവർദ്ധിത സേവനങ്ങളിലൂടെ വലിയതോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നുണ്ട്. കേരളത്തിൽ സിനിമാ വ്യവസായം പ്രതിവർഷം 1000 കോടിയിലധികം രൂപ പ്രത്യക്ഷ നികുതിയായി ഖജനാവിലേക്ക് സംഭാവന ചെയ്യുകയും ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ മൂല്യം 2000 കോടിയിലേറെ രൂപ വരികയും ചെയ്യുന്നു. എന്നിരുന്നാലും, ഈ വ്യവസായത്തിലെ ചലനങ്ങൾ സംസ്ഥാനത്ത് കൃത്യമായി നിരീക്ഷിക്കുകയോ വിശകലനം ചെയ്യുകയോ ചെയ്യുന്നില്ല. ശരിയായ ഡാറ്റയുടെയും വിശകലനത്തിന്റെയും അഭാവം കാരണം,

സിനിമാ വ്യവസായ വികസനത്തിൽ ഇടപെടാൻ പൊതു ഏജൻസികൾക്ക് ബുദ്ധിമുട്ട് നേരിടുന്നു. നിക്ഷേപകർക്കും യുക്തിസഹമായ തീരുമാനങ്ങൾ എടുക്കാൻ ഇത്തരം വിശകലനങ്ങൾ ആവശ്യമാണ്.

### 25.1 ചലച്ചിത്ര പഠനവും ഡാറ്റാ വിശകലനവും

സിനിമാ വ്യവസായത്തെക്കുറിച്ചുള്ള ഗവേഷണവും വികസനവും (R&D) സംസ്ഥാനം പ്രോത്സാഹിപ്പിക്കുകയും, ഈ മേഖലയിൽ പ്രസക്തമായ പഠനങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്യേണ്ടതാണ്.

## 25.2 ഫിലിം ടെക്നോളജിയിലെ ഗവേഷണം

ചലച്ചിത്ര സാങ്കേതികവിദ്യയിലെ (Film Technology) ഗവേഷണവും വികസനവും ആവശ്യമായ ഒരു പ്രധാന മേഖലയാണ്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, പാലക്കാട് (IIT Palakkad), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോഴിക്കോട് (NIT Calicut), കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി, തിരുവനന്തപുരം, Kerala State Film Development Corporation, K.R.Narayanan National Institute of Visual Science and Arts, ഉഴവൂർ, ചലച്ചിത്ര അക്കാദമി തുടങ്ങിയ സ്ഥാപനങ്ങളുമായി സഹകരിച്ച് ഗവേഷണങ്ങൾ നടത്താൻ ശ്രമിക്കാവുന്നതാണ്. ചലച്ചിത്ര നിർമ്മാണത്തിലും പ്രദർശനത്തിലും അത്യാധുനിക സാങ്കേതികവിദ്യകൾ എങ്ങനെ പ്രയോജനപ്പെടുത്താം എന്നതിലാണ് ഈ ഗവേഷണങ്ങൾ പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുക. അതോടൊപ്പം അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ട്രെൻഡുകളും സാധ്യതകളും കൂടി വിലയിരുത്തേണ്ടതുമാണ്.

## 26.0 നിയമവ്യവസ്ഥകളുടെ അവലോകനം, കരാർ, തൊഴിലാളി ക്ഷേമം

ചലച്ചിത്ര നിർമ്മാണം, വിതരണം, പ്രദർശനം, അടിസ്ഥാനസൗകര്യ നിർമ്മാണം എന്നിവയെ നിയന്ത്രിക്കുന്ന നിലവിലെ നിയമവ്യവസ്ഥകളിൽ പലതും പതിറ്റാണ്ടുകൾ പഴക്കമുള്ളതും ഇന്നത്തെ സാങ്കേതിക പുരോഗതിക്ക് അനുയോജ്യമല്ലാത്തവയുമാണ്. കാലഹരണപ്പെട്ട ഈ നിയമങ്ങൾ

വ്യവസായത്തിന്റെ സുഗമമായ പ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കുന്നു. അതിനാൽ, നിയമവ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനും, ചലച്ചിത്ര തൊഴിലാളികളുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇക്കാര്യത്തിൽ ഉചിതമായ നിയമനിർമാണം പരിശോധിക്കുന്നതാണ്.

## 26.1 നിയമവ്യവസ്ഥകളുടെ അവലോകനം

**കമ്മിറ്റി രൂപീകരണം:**

സിനിമയുടെ നിർമ്മാണം, പ്രദർശനം, അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണം എന്നിവയ്ക്ക് ബാധകമായ നിയമവ്യവസ്ഥകൾ അവലോകനം ചെയ്യാൻ സർക്കാരിന് ഒരു കമ്മിറ്റി രൂപീകരിക്കാവുന്നതാണ്.

**പരിഷ്കരണ ശുപാർശ:**

നിലവിലെ നിയമവ്യവസ്ഥകളെ ഇന്നത്തെ സാങ്കേതികവിദ്യയ്ക്കും പ്രവർത്തന ആവശ്യങ്ങൾക്കും അനുയോജ്യമാക്കുന്നതിനുള്ള ആവശ്യമായ പരിഷ്കാരങ്ങൾ ഈ കമ്മിറ്റിക്ക് സർക്കാരിന് ശുപാർശ ചെയ്യാവുന്നതാണ്.

## 26.2 കരാർ വ്യവസ്ഥകളും തർക്കപരിഹാര സംവിധാനവും

**വ്യക്തമായ കരാറുകൾ:**

ചലച്ചിത്ര നിർമ്മാണത്തിൽ വ്യക്തമായ കരാറുകൾ ഉറപ്പാക്കേണ്ടതാണ്. കരാർ കാലാവധി, സേവന വേതന വ്യവസ്ഥകൾ, എക്സിറ്റ് ക്ലോസ് തുടങ്ങിയ അടിസ്ഥാന വ്യവസ്ഥകൾ ഇതിൽ ഉൾപ്പെടുത്താം.

**ട്രൈബ്യൂണലും തർക്കപരിഹാരവും:**

തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിനായി തർക്കപരിഹാര സംവിധാനങ്ങൾ സ്ഥാപിക്കേണ്ടതാണ്. കൂടാതെ, ചലച്ചിത്ര വ്യവസായവുമായി ബന്ധപ്പെട്ട ഒരു ട്രൈബ്യൂണലും സ്ഥാപിക്കാം. ഇത് തർക്കപരിഹാരം വേഗത്തിലാക്കാൻ സഹായിക്കും.

## 26.3 തൊഴിലാളി ക്ഷേമവും സുരക്ഷാ മാനദണ്ഡങ്ങളും

**ഐഡന്റിറ്റി കാർഡ്:**

ചലച്ചിത്ര പ്രവർത്തകർക്ക് സർക്കാർ ഐഡന്റിറ്റി കാർഡ് ലഭ്യമാക്കാനുള്ള നടപടികൾ ആരംഭിക്കാവുന്നതാണ്. KSFDC മുഖേന ഇത് നടപ്പിലാക്കാവുന്നതാണ്.

**വനിതാ പ്രവർത്തകരുടെ സുരക്ഷ:**

വനിതാ ചലച്ചിത്ര പ്രവർത്തകരുടെ സുരക്ഷിതമായ യാത്രയും താമസ സൗകര്യവും ഉറപ്പാക്കേണ്ടത് നിർമ്മാതാവിന്റെ ഉത്തരവാദിത്തമായി ഉൾപ്പെടുത്തേണ്ടതാണ്.

**ഭക്ഷണവും പ്രഥമ ശുശ്രൂഷയും:**

ലൊക്കേഷനുകളിൽ ശുചിത്വമുള്ളയിടങ്ങളിൽ പാചകം ചെയ്ത ആരോഗ്യകരമായ ഭക്ഷണവും പ്രഥമ ശുശ്രൂഷ സംവിധാനവും ഉറപ്പാക്കേണ്ട ചുമതല നിർമ്മാതാവിൽ നിക്ഷിപ്തമാണ്. ഭക്ഷ്യ സുരക്ഷാ വകുപ്പും ജില്ലാ മെഡിക്കൽ ഓഫീസും ഇക്കാര്യത്തിൽ പരിശോധനകൾ നടത്തേണ്ടതാണ്.

**കുട്ടികളുടെ സംരക്ഷണം:**

ചലച്ചിത്രങ്ങളിൽ പ്രവർത്തിക്കുന്ന കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി ചൈൽഡ് പ്രൊട്ടക്ഷൻ ഗൈഡ്‌ലൈൻസ് കൃത്യമായി പാലിക്കുന്നുണ്ടെന്ന് നിർമ്മാതാവ് ഉറപ്പാക്കേണ്ടതാണ്.

# 27.0 ഇ-ടിക്കറ്റിംഗ് സംവിധാനവും സുതാര്യതയും

ചലച്ചിത്ര മേഖലയെ ഒരു വ്യവസായമായി പ്രഖ്യാപിക്കുന്നതിനും മുന്നോട്ട് കൊണ്ടുപോകുന്നതിന് തടസ്സം സൃഷ്ടിക്കുന്ന പ്രധാന ഘടകം വിശ്വസനീയമായ ട്രേഡ് ഡാറ്റയുടെ അഭാവമാണ്. സംസ്ഥാനത്തെ സിനിമാ മേഖലയിൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കുന്നതിനായി, കേന്ദ്രീകൃതമായ ഒരു ഇ-ടിക്കറ്റിംഗ് സംവിധാനം നടപ്പിലാക്കാവുന്നതാണ്. നിലവിലെ പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാക്കാതെയാണ് ഈ സംരംഭം നടപ്പിലാക്കേണ്ടത്.

## 27.1 ഇ-ടിക്കറ്റിംഗ് സംവിധാനം

**കേന്ദ്രീകൃത നിയന്ത്രണം:**

സംസ്ഥാനത്തെ എല്ലാ തിയേറ്ററുകളിലും ടിക്കറ്റ് വിൽപ്പന ഐ.ആർ.സി.ടി.സി. മാതൃകയിൽ സർക്കാർ നിയന്ത്രണത്തിലുള്ള ഡിജിറ്റൽ സംവിധാനത്തിലൂടെയാകാവുന്നതാണ്.

**പ്രാഥമിക ലക്ഷ്യം:**

സുതാര്യമായ സാമ്പത്തിക ഇടപാടുകൾ നൽകുക എന്നതാണ് ഈ സംരംഭത്തിന്റെ പ്രധാന ലക്ഷ്യം.

**വിവര ലഭ്യത:**

ജി.എസ്.ടി., വിനോദ നികുതി, സെസ്, സേവന നിരക്കുകൾ എന്നിവയെക്കുറിച്ചുള്ള കൃത്യമായ റിപ്പോർട്ടുകൾ ഈ സിസ്റ്റം നൽകും.

**സാങ്കേതിക ഘടന:**

വെബ്സൈറ്റിനും മൊബൈൽ ആപ്ലിക്കേഷനുകൾക്കുമായി രൂപകൽപ്പന ചെയ്തിട്ടുള്ള ഈ സംവിധാനം, ഒരു കേന്ദ്രീകൃത സെർവർ ചട്ടക്കൂടിലാണ്

പ്രവർത്തിക്കുക. തിയേറ്ററുകൾക്കുള്ള ഇന്റഗ്രേഷൻ ഓപ്ഷൻ തടസ്സമില്ലാത്ത ബുക്കിംഗ് പ്രക്രിയ ഉറപ്പാക്കുന്നു.

## 27.2 ഡാറ്റാധിഷ്ഠിത സമീപനവും ഉപയോക്തൃ സൗകര്യവും

**വിശദമായ സ്ഥിതിവിവരക്കണക്കുകൾ:**

ഈ ഇ-ടിക്കറ്റിംഗ് സംവിധാനം പ്രേക്ഷകരുടെ സ്ഥിതിവിവരക്കണക്കുകൾ (Audience Analytics), നികുതി പിരിവുകൾ, ഷോ-വൈസ് വിശകലനങ്ങൾ എന്നിവയുൾപ്പെടെയുള്ള വിശദമായ ഡാറ്റാധിഷ്ഠിത വിവരങ്ങൾ നേടുന്നതിന് സഹായകമാകും.

**ബുക്കിംഗ് ആപ്ലിക്കേഷനുകൾ:**

നിലവിലുള്ള ONLINE ബുക്കിംഗ് ആപ്പുകളുടെ സേവനദാതാക്കൾക്കൊപ്പം, സർക്കാർ നിയന്ത്രിതമായ ഒരു ബുക്കിംഗ് ആപ്ലിക്കേഷനും ഇ-ടിക്കറ്റിംഗ് സംവിധാനവുമായി സംയോജിപ്പിക്കാവുന്നതാണ്.

**ഉപയോക്തൃ ആനുകൂല്യങ്ങൾ:**

ഈ സംവിധാനം വഴി പ്രേക്ഷകർക്ക് കുറഞ്ഞ ചെലവിൽ ടിക്കറ്റ് എടുക്കുവാനും, ഫുഡ് ഡെലിവറി, പാർക്കിംഗ് തുടങ്ങി തിയേറ്ററുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങളും പ്രയോജനപ്പെടുത്താനും സാധിക്കുന്നതാണ്.

# 28.0 ക്രിയേറ്റീവ് കോമൺസ് (Creative Commons)

ക്രിയേറ്റീവ് കോമൺസ് (CC) ലൈസൻസുകൾ, ഉള്ളടക്കം സൃഷ്ടിക്കുന്നവർക്ക് അവരുടെ സൃഷ്ടികളുടെ ചില അവകാശങ്ങൾ നിലനിർത്തിക്കൊണ്ട് തന്നെ, അവ പൊതുജനങ്ങളുമായി പങ്കുവെക്കുന്നതിന് സൗകര്യപ്രദമായ (Flexible) ഒരു മാർഗ്ഗം നൽകുന്നു. ചലച്ചിത്ര മേഖലയിൽ, തങ്ങളുടെ സിനിമകൾ മറ്റുള്ളവർക്ക് എങ്ങനെ ഉപയോഗിക്കാമെന്നും

പങ്കുവെക്കാമെന്നും റീമിക്സ് ചെയ്യാമെന്നും നിർവചിക്കാൻ ചലച്ചിത്ര പ്രവർത്തകരെ ഈ ലൈസൻസുകൾ സഹായിക്കും.

## 28.1 ക്രിയേറ്റീവ് കോമൺസ് പ്രോത്സാഹനം

**സഹകരണം വളർത്തൽ:**

സിനിമകൾക്ക് CC ലൈസൻസുകൾ പ്രയോഗിക്കുന്നത് ചലച്ചിത്ര നിർമ്മാണ സമൂഹത്തിനുള്ളിൽ സഹകരണം, സർഗ്ഗാത്മകത, ഉള്ളടക്കം പങ്കിടൽ എന്നിവ വളർത്താൻ കഴിയും.

**ബോധവൽക്കരണം:**

സാമൂഹിക വികസനത്തിന് സഹായകമായ ഉള്ളടക്കത്തിന്റെ ഫ്രീ ഫ്ലോ (Free Flow) ഉറപ്പാക്കുന്നതിനായി, ക്രിയേറ്റീവ് കോമൺസിനെക്കുറിച്ച് സർക്കാരിന് ചലച്ചിത്ര പ്രവർത്തകരെ ബോധവൽക്കരിക്കാവുന്നതാണ്.

## 28.2 സർക്കാർ പ്രോത്സാഹനം

**മുൻഗണന:**

വിവിധ സബ്സിഡി സ്കീമുകൾ പരിഗണിക്കുമ്പോൾ, ക്രിയേറ്റീവ് കോമൺസ് ലൈസൻസുള്ള ഉള്ളടക്കത്തിന് മുൻഗണന നൽകിക്കൊണ്ട് പ്രോത്സാഹിപ്പിക്കേണ്ടതാണ്.

**ലക്ഷ്യം:**

സൃഷ്ടാക്കൾക്ക് അവരുടെ ലക്ഷ്യങ്ങൾക്കും അവർ പ്രോത്സാഹിപ്പിക്കാൻ ആഗ്രഹിക്കുന്ന തരത്തിലുള്ള സഹകരണത്തിനും ഏറ്റവും അനുയോജ്യമായ ലൈസൻസ് തിരഞ്ഞെടുക്കുന്നതിന് ഇത് സഹായകമാകും.

# 29.0 ഡാറ്റാ നയം (Data Policy)

ചലച്ചിത്ര മേഖല ഡിജിറ്റൽ സാങ്കേതികവിദ്യയിലേക്ക് പൂർണ്ണമായി പരിവർത്തനം ചെയ്തതോടെ, സംസ്ഥാനത്ത് ദൈനംദിന അടിസ്ഥാനത്തിൽ വലിയ അളവിലുള്ള ഡാറ്റ സൃഷ്ടിക്കപ്പെടുന്നുണ്ട്. ഈ ഡാറ്റ നയരൂപീകരണത്തിനും ഗവേഷണത്തിനും ബിസിനസ്സ് സമൂഹത്തിനും ഉപകാരപ്രദമാകുന്ന രീതിയിൽ ശേഖരിക്കുകയും, ശുദ്ധീകരിക്കുകയും, സംയോജിപ്പിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. ഇക്കാര്യത്തിൽ ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ രൂപീകരിക്കേണ്ടതാണ്.

## 29.1 ഡാറ്റാ ശേഖരണവും അവലോകനവും

**ഡാറ്റാ ശേഖരം:**

ചലച്ചിത്ര മേഖലയുമായി ബന്ധപ്പെട്ട ഡാറ്റയുടെ ഒരു കേന്ദ്രീകൃത ശേഖരം കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷനിൽ (KSFDC) സർക്കാർ സ്ഥാപിക്കേണ്ടതാണ്.

**വാർഷിക അവലോകനം:**

ഈ ഡാറ്റയുടെ അടിസ്ഥാനത്തിൽ, വ്യവസായത്തിന്റെ സമഗ്രമായ വാർഷിക അവലോകനം (Annual Review) KSFDCക്ക് പ്രസിദ്ധീകരിക്കാവുന്നതാണ്.

# 30.0 തൊഴിൽപരമായ അപകടങ്ങളും സുരക്ഷാ മാനദണ്ഡങ്ങളും

ചലച്ചിത്ര ഷൂട്ടിംഗിനിടെ തൊഴിൽപരമായ നിരവധി അപകടങ്ങൾ ഉണ്ടാകാറുണ്ട്. ജോലിയുടെ സ്വഭാവം കാരണം ഉണ്ടാകുന്ന ഈ ശാരീരിക അപകടങ്ങൾ കൈകാര്യം ചെയ്യുന്നതിന് നിലവിൽ സിനിമാ വ്യവസായത്തിൽ വ്യക്തമായ സുരക്ഷാ പ്രോട്ടോക്കോളുകൾ ഇല്ലാത്തത് ഒരു പ്രധാന

വെല്ലുവിളിയാണ്. ഒരു മേഖലയെ വ്യവസായമായി പ്രഖ്യാപിക്കുമ്പോൾ, സുരക്ഷാ മാനദണ്ഡങ്ങൾ വ്യക്തമാക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

### 30.1 സുരക്ഷാ മാനദണ്ഡങ്ങൾ വികസിപ്പിക്കൽ

**കമ്മിറ്റി രൂപീകരണം:**

സിനിമാ മേഖലയ്ക്കുള്ള സുരക്ഷാ മാനദണ്ഡങ്ങൾ വികസിപ്പിക്കുന്നതിനായി സർക്കാരിന് ഒരു കമ്മിറ്റി രൂപീകരിക്കാവുന്നതാണ്. സിനിമാ മേഖലയിലെ പ്രതിനിധികളും വിഷയ വിദഗ്ധരും ഈ കമ്മിറ്റിയിൽ ഉൾപ്പെടും.

**കൂടിയാലോചന:**

ഈ വിഷയത്തിൽ നാഷണൽ സേഫ്റ്റി കൗൺസിൽ ഓഫ് ഇന്ത്യയുമായി (National Safety Council of India) കൂടിയാലോചനകൾ നടത്താവുന്നതാണ്.

### 30.2 അപകട ഇൻഷുറൻസ്

ചലച്ചിത്രത്തിലെ കാസ്റ്റ് ആൻഡ് ക്രൂവിന് (Cast & Crew) അപകട ഇൻഷുറൻസ് (Accident Insurance) നിർബന്ധമാക്കേണ്ടതാണ്.

## 31.0 ഗ്രീൻ പ്രോട്ടോക്കോൾ (ഹരിത മാനദണ്ഡങ്ങൾ)

ചലച്ചിത്ര നിർമ്മാണ പ്രക്രിയ പരിസ്ഥിതി സൗഹൃദപരമാക്കുന്നതിനായി, നിർമ്മാണത്തിന്റെ ഓരോ ഘട്ടത്തിലും ഗ്രീൻ പ്രോട്ടോക്കോൾ പ്രോത്സാഹിപ്പിക്കാൻ സർക്കാർതലത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്. ഇതിലേക്ക് ആവശ്യമായ ബോധവൽക്കരണ പരിപാടികൾ കേരള ശുചിത്വമിഷൻ മുഖേന സംഘടിപ്പിക്കാവുന്നതാണ്.

### 31.1 നടപ്പാക്കലും പ്രോത്സാഹനവും

**മാർഗ്ഗരേഖ:**

ഈ വിഷയത്തിൽ സർക്കാർ വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കേണ്ടതാണ്.

**മുൻഗണന:**

സർക്കാർ പ്രഖ്യാപിക്കുന്ന വിവിധ സാമ്പത്തിക ആനുകൂല്യങ്ങൾ ലഭിക്കുന്നതിന്, ഈ ഹരിത മാനദണ്ഡങ്ങൾ (Green Protocol) പാലിക്കുന്ന ചലച്ചിത്ര നിർമ്മാണങ്ങൾക്ക് മുൻഗണന നൽകാവുന്നതാണ്.

## 32.0 നയത്തിന്റെ ഭരണനിർവ്വഹണം (Governance of Policy)

### 32.1 നിർവ്വഹണത്തിന്റെ ഉത്തരവാദിത്തം

ഈ നയത്തിലെ ഏതെങ്കിലും ഘടകത്തിന്റെ ഉത്തരവാദിത്തം പ്രത്യേകം വ്യക്തമാക്കിയിട്ടില്ലെങ്കിൽ, ആ ഭാഗങ്ങളുടെയെല്ലാം നിയന്ത്രണവും നിർവ്വഹണ ചുമതലയും കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിലും (KSFDC) കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയിലും നിക്ഷിപ്തമായിരിക്കും.

### 32.2 തർക്കപരിഹാരവും നിയമപരമായ അധികാരപരിധിയും

ഈ നയത്തിൽ നിന്ന് നേരിട്ടോ അല്ലാതെയോ ഉണ്ടാകുന്ന ഏതൊരു തർക്കവും കേരളത്തിന്റെ അധികാരപരിധിയിൽ (Jurisdiction) മാത്രമായിരിക്കും.

### 32.3 അവ്യക്തത പരിഹരിക്കാനുള്ള അധികാരം

നയത്തിന്റെ ഏതെങ്കിലും ഭാഗങ്ങളിൽ അവ്യക്തത (Ambiguity) ഉണ്ടായാൽ, അതിന് വ്യക്തത വരുത്താനുള്ള അധികാരം സർക്കാരിലെ സാംസ്കാരിക കാര്യ വകുപ്പിന് ആയിരിക്കും.

## 33.0 നിഗമനം

***ഈ ചലച്ചിത്ര നയം പ്രധാനമായും ലക്ഷ്യമിടുന്നത്:***

**പ്രവർത്തനക്ഷമത:**

സിനിമാ വ്യവസായത്തിന്റെ പ്രവർത്തനങ്ങളിലെ തടസ്സങ്ങൾ നീക്കി കാര്യക്ഷമമാക്കുക.

**സമത്വം:**

വ്യവസായത്തിലെ പങ്കാളികൾക്കിടയിൽ സമത്വം ഉറപ്പാക്കുക.

**തൊഴിലിടം:**

സുരക്ഷിതവും ആരോഗ്യകരവുമായ ഒരു തൊഴിലിടം സൃഷ്ടിക്കുക.

ഈ നയം വഴി, സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിലേക്ക് (GDP) സംഭാവന ചെയ്യുന്ന, കലാപരവും സാങ്കേതികവുമായ ഉദ്യമങ്ങളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ഒരു പ്രധാന സാമ്പത്തിക പ്രവർത്തനമായി സിനിമാ വ്യവസായത്തെ അടയാളപ്പെടുത്താൻ ആവശ്യമായ സംവിധാനങ്ങൾ സൃഷ്ടിക്കപ്പെടും. ഈ സുപ്രധാന വ്യവസായത്തിന്റെ വളർച്ചയിൽ സുസ്ഥിരത ഉറപ്പാക്കാൻ ആവശ്യമായ സാമ്പത്തിക പ്രോത്സാഹനങ്ങളും സംസ്ഥാനം ഉറപ്പാക്കുന്നു. അതുവഴി സിനിമാ വ്യവസായത്തെ കേരളത്തിന്റെ സാംസ്കാരിക മണ്ഡലത്തിലെ സമഗ്രതയിൽ നിന്നുകൊണ്ട് "കൾച്ചറൽ ക്രിയേറ്റീവ് ഇൻഡസ്ട്രിയായി" രൂപപ്പെടുത്തേണ്ടതുമാണ്.

**സിനിമ എന്ന നോളജ് സൊസൈറ്റി:**

സിനിമാ മേഖല സവിശേഷമായ നോളജ് സൊസൈറ്റി ആണ്. ആയതുകൊണ്ടു തന്നെ ഈ മേഖലയെ നോളജ് എക്കണോമിയായും തുടർന്ന് വലിയ തൊഴിൽ സാധ്യതയുള്ള മേഖലയായും രൂപാന്തരപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ

K.Disc., KSFDC, ചലച്ചിത്ര അക്കാദമി എന്നീ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കേണ്ടതാണ്.

# 34.0 ഉപസംഹാരം

വിജ്ഞാന സമൂഹമായി (Knowledge Society) പരിണമിക്കുകയും വിജ്ഞാന സമ്പദ്വ്യവസ്ഥയിലേക്ക് (Knowledge Economy) പ്രയാണം ചെയ്യുകയും ചെയ്യുന്ന കേരളത്തിന്, സിനിമ കേവലം വിനോദം എന്നതിലുപരി മികവിന്റെ കേന്ദ്രമായും (Centre of Excellence), സുരക്ഷിതമായ തൊഴിലിടമായും, കൾച്ചറൽ ക്രീയേറ്റീവ് ഇൻഡസ്ട്രിയായും വളരേണ്ടതുണ്ട്.

അഗാധമായ വിചിന്തനത്തിന്റെയും ശാസ്ത്രീയമായ സമീപനത്തിന്റെയും ഫലമാണ് ഈ നയം. സമഗ്രത (Inclusivity), ജനാധിപത്യം (Democracy), പുരോഗമന മൂല്യങ്ങൾ (Progressive Principles) തൊഴിൽ, ലിംഗപദവി നീതി എന്നിവയിലധിഷ്ഠിതമായ കാഴ്ചപ്പാടാണ് ഇതിന്റെ കാതൽ. സിനിമാ രംഗത്തെ നിലവിലെ വെല്ലുവിളികളെ അഭിമുഖീകരിക്കാനും, സുതാര്യവും കാര്യക്ഷമവുമായ ഒരു ഭാവിക്ക് അടിത്തറ പാകാനും ഇത് സഹായിക്കും.

മലയാള സിനിമയുടെ സുവർണ്ണ ഭാവിക്കുവേണ്ടി കൃത്യമായ ദിശയിലുള്ള ഒരു സുപ്രധാന കാൽവെയ്പ്പാണ് ഈ നയം. സംസ്ഥാനത്തിന്റെ സാമൂഹിക-സാമ്പത്തിക-സാംസ്കാരിക മേഖലയ്ക്ക് ഊർജ്ജം പകരുന്ന ഈ സംരംഭം, സിനിമയെ കൂടുതൽ ഉന്നതിയിലേക്ക് നയിക്കുമെന്നതിൽ സംശയമില്ല.

# നിർദ്ദേശങ്ങളും ശുപാർശകളും

1. GST കൗൺസിലുമായും തദ്ദേശ സ്വയംഭരണ വകുപ്പുമായും ചർച്ച നടത്തി സിനിമാ ടിക്കറ്റുകൾക്ക് മേലുള്ള വിനോദ നികുതി പൂർണ്ണമായും നിർത്തലാക്കുന്നത് പരിശോധിക്കണം, അല്ലെങ്കിൽ GST വിഹിതം തദ്ദേശ സ്ഥാപനങ്ങൾക്ക് നേരിട്ട് നൽകി ഇരട്ട നികുതി ഒഴിവാക്കണമെന്ന നിർദ്ദേശവും പരിശോധിക്കേണ്ടതാണ്.

2. സിനിമയെ ഔദ്യോഗികമായി ഒരു വ്യവസായമായി അംഗീകരിച്ച്, കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭ്യമാക്കാൻ ഒരു പദ്ധതി ആവിഷ്കരിക്കണം. KSFDC-യെ നോഡൽ ഫിനാൻസിംഗ് ഏജൻസിയായി ശാക്തീകരിക്കണം.

3. സിനിമയുടെ ബഡ്ജറ്റ്, കേരളത്തിലെ ചിത്രീകരണ ദിവസങ്ങൾ, പ്രാദേശിക തൊഴിലാളികളുടെ പങ്കാളിത്തം, സാമൂഹിക-സാംസ്കാരിക പ്രസക്തി എന്നിവ അടിസ്ഥാനമാക്കി സബ്സിഡി/ ഇൻസെന്റീവ് ഘടന പരിഷ്കരിച്ച് തുക വർദ്ധിപ്പിക്കണം.

4. വനിതാ ചലച്ചിത്ര നിർമ്മാണങ്ങൾക്കായി പൊതു സബ്സിഡി വിഹിതത്തിന്റെ 20% നീക്കിവെക്കണം.

5. വിവിധ കമ്മിറ്റികളിൽ കുറഞ്ഞത് 30% സ്ത്രീ പ്രാതിനിധ്യം ഉറപ്പാക്കണം.
6. ഔദ്യോഗികസ്ഥാനത്തിന് ലിംഗഭേദമില്ലാത്ത പദങ്ങൾ ഉപയോഗിക്കണം.

7. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ സിനിമാ നിർമ്മാണങ്ങൾക്കായി പൊതു സബ്സിഡി വിഹിതത്തിന്റെ 20% നീക്കിവെക്കണം.

8. *കുട്ടികളുടെ സിനിമയ്ക്കായി പൊതു സബ്സിഡി വിഹിതത്തിന്റെ 10% നീക്കിവെക്കണം.*

9. *ട്രാൻസ്ജെൻഡേർസ്/ഭിന്നശേഷി വിഭാഗങ്ങൾക്ക് സിനിമാ നിർമ്മാണത്തിന് ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കുന്നതാണ്.*

10. *ലഹരിവസ്തുക്കളുടെ ഉപയോഗം സിനിമാ / സീരിയൽ നിർമ്മാണ ഘട്ടങ്ങളിൽ കർശനമായി നിയന്ത്രിക്കണം.*

11. *ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സഹായത്തോടെ, എല്ലാ തിയേറ്ററുകളെയും ബന്ധിപ്പിച്ച്, സുതാര്യവും തത്സമയ ഡാറ്റ ലഭ്യമാക്കുന്നതുമായ ഒരു കേന്ദ്രീകൃത ഇ-ടിക്കറ്റിംഗ് പ്ലാറ്റ്ഫോം അടിയന്തരമായി സ്ഥാപിക്കണം. (ഐ.ആർ.സി.ടി.സി. മാതൃകയിൽ സർക്കാർ നിയന്ത്രണമുള്ളതാകണം).*

12. *വ്യാജ ഓൺലൈൻ റിവ്യൂകൾ, പെയ്ഡ് ഡീഗ്രേഡിംഗ്, റേറ്റിംഗ് മാനിപ്പുലേഷൻ എന്നിവയ്ക്കെതിരെ നടപടിയെടുക്കാൻ സംസ്ഥാന തലത്തിൽ ഒരു നിരീക്ഷണ സംവിധാനം രൂപീകരിക്കണം.*

13. *സിനിമയെ വ്യവസായമായി അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ, തൊഴിൽ സാഹചര്യങ്ങൾ, സുരക്ഷ, വേതനം എന്നിവ നിയന്ത്രിക്കുന്ന സമഗ്രമായ, ലിംഗപദവി-നിഷ്പക്ഷമായ ഒരു നിയമം അടിയന്തരമായി പാസാക്കണം.*

14. *എല്ലാ സിനിമ പ്രൊഡക്ഷൻ യൂണിറ്റുകളിലും POSH നിയമപ്രകാരമുള്ള IC (ആഭ്യന്തര സമിതി) ഉറപ്പാക്കണം.*

15. IC-കളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും അപ്പീലുകൾ പരിഗണിക്കുന്നതിനും സംസ്ഥാന തലത്തിൽ ഒരു സ്വതന്ത്ര ട്രിബ്യൂണൽ സ്ഥാപിക്കണം.

16. സിനിമയിലെ എല്ലാ തൊഴിലാളികളെയും (സാങ്കേതിക പ്രവർത്തകർ, ജൂനിയർ ആർട്ടിസ്റ്റുകൾ, ഡ്രൈവർമാർ ഉൾപ്പെടെ) ഒരു കേന്ദ്രീകൃത ഓൺലൈൻ സംവിധാനത്തിൽ രജിസ്റ്റർ ചെയ്യണം.

17. ജോലി സമയം, ഓവർടൈം വേതനം, മിനിമം വേതനം, പ്രസവാവധി, വിശ്രമ വേളകൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ വ്യക്തമാക്കുന്ന ഒരു മാതൃകാ തൊഴിൽ കരാർ (Model Employment Contract) രൂപീകരിച്ച് എല്ലാ നിർമ്മാതാക്കൾക്കും നിർബന്ധമാക്കണം.

18. ചലച്ചിത്ര അവാർഡുവിതരണചടങ്ങുകൾ, സിനിമാതാര പ്രോഗ്രാമുകൾ, സ്റ്റേജ് ഷോകൾ, ഫിലിം പ്രൊമോഷൻ സ്ഥലങ്ങൾ എന്നിവ ഔദ്യോഗികമായി ചലച്ചിത്ര വ്യവസായ ജോലിസ്ഥലത്തിന് കീഴിലാണെന്ന് വ്യക്തമാക്കണം.

19. KSFDC മുഖേന, ഷൂട്ടിംഗ് അനുമതികൾ ഉൾപ്പെടെയുള്ള എല്ലാ സർക്കാർ സേവനങ്ങൾക്കുമായി പൂർണ്ണമായും ഡിജിറ്റൽ ആയ ഒരു ഏകജാലക സംവിധാനം സ്ഥാപിക്കണം. ഇതിനായി സംസ്ഥാനത്തെ ഫിലിം ഫെസിലിറ്റേഷൻ സെന്റർ ഉടൻ സജീവമാക്കണം (ലൊക്കേഷൻ വിവരങ്ങൾ, നിരക്കുകൾ, അനുമതികൾ ഒരൊറ്റ കേന്ദ്രത്തിൽ ലഭ്യമാക്കുക).

20. മലയാള സിനിമയിൽ നിക്ഷേപം നടത്തുന്നവർക്ക് വിശ്വസനീയമായ വിവരങ്ങൾ നൽകുന്നതിനായി KSFDC-യുടെ ചുമതലയിൽ ഒരു ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ സെൽ ആരംഭിക്കണം.

*21. സിനിമാ വ്യവസായത്തിന്റെ മൊത്തത്തിലുള്ള വികസനത്തിന് മേൽനോട്ടം വഹിക്കാൻ മുഖ്യമന്ത്രി ചെയർമാനായി ഒരു ഉന്നതതല കൗൺസിൽ സ്ഥാപിക്കണം.*

*22. സിനിമാ പ്രൊമോഷനും ടൂറിസം പ്രൊമോഷനും സംയോജിപ്പിക്കുന്നതിലൂടെ പരസ്പരം സാമ്പത്തിക വളർച്ചയും തൊഴിലവസരങ്ങളും സൃഷ്ടിക്കണം.*

*23. താരതമ്യേന അറിയപ്പെടാത്ത സ്ഥലങ്ങളിൽ ഷൂട്ട് ചെയ്യുന്ന ചലച്ചിത്രങ്ങൾക്ക് സബ്സിഡികളോ നികുതി ഇളവുകളോ നൽകണം.*

*24. ലൊക്കേഷൻ പെർമിറ്റ് പ്രക്രിയ സുഗമമാക്കുകയും ന്യായമായ നിരക്കിൽ അനുമതികൾ നൽകുകയും ചെയ്യണം.*

*25. ടൂറിസം കേന്ദ്രങ്ങൾ ചലച്ചിത്ര സൗഹൃദമെന്ന നിലയിൽ സജീവമായി വിപണനം ചെയ്യണം.*

*26. ടൂറിസം സാധ്യതയുള്ള സ്ഥലങ്ങളിൽ ഷൂട്ടിംഗിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ (ഗതാഗതം, താമസസൗകര്യം) ഒരുക്കണം.*

*27. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ മുഴുവൻ പ്രവർത്തനങ്ങളുടെയും മികവ് ഉറപ്പാക്കാൻ സ്ഥാപനത്തെ കൂടുതൽ ശക്തിപ്പെടുത്തണം.*

*28. ഫിലിം ഇൻസ്റ്റിറ്റ്യൂട്ടുകളിൽ ഔപചാരിക കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ് ഏർപ്പെടുത്തണം.*

*29. ട്രേഡ് അസോസിയേഷനുകളുമായി സഹകരിച്ച് തുടർച്ചയായി തുടർ-വിദ്യാഭ്യാസ പരിപാടികൾ (Continuing Education) ചലച്ചിത്ര അക്കാദമി നടത്തണം.*

*30. വളർന്നുവരുന്ന ചലച്ചിത്രപ്രവർത്തകർക്ക് മെന്റർഷിപ്പ് നൽകുന്നതിനായി മുതിർന്ന/പ്രശസ്ത ചലച്ചിത്ര നിർമ്മാതാക്കളെ പ്രോത്സാഹിപ്പിക്കുന്ന ഒരു മെന്റർഷിപ്പ് പ്രോഗ്രാം സ്ഥാപിക്കണം.*

*31. ചലച്ചിത്ര മേളകൾ, ഫിലിം സൊസൈറ്റികൾ, ക്ലബുകൾ, സ്കൂൾ ഓഡിറ്റോറിയങ്ങൾ എന്നിവിടങ്ങളിൽ പ്രേക്ഷക വർദ്ധനയ്ക്കായി നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം.*

*32. IFFK-യുടെ വൈവിധ്യമാർന്ന പ്രോഗ്രാമുകൾ ശക്തിപ്പെടുത്തണം (വിവിധ വിഭാഗങ്ങളെയും സംസ്കാരങ്ങളെയും പ്രതിനിധീകരിക്കുന്ന സിനിമകൾ ക്യൂറേറ്റ് ചെയ്യുക).*

*33. ലക്ഷ്യാധിഷ്ഠിത മാർക്കറ്റിംഗിലൂടെയും സാമൂഹിക പങ്കാളിത്തത്തിലൂടെയും ഫെസ്റ്റിവലിന്റെ വ്യാപ്തി വർദ്ധിപ്പിക്കണം.*

*34. എല്ലാ പ്രായക്കാർക്കും പശ്ചാത്തലത്തിലുള്ളവർക്കും പങ്കെടുക്കാൻ അവസരം നൽകുന്ന, എല്ലാവരെയും ഉൾക്കൊള്ളു ഫിലിം ഫെസ്റ്റിവലുകൾ സംഘടിപ്പിക്കണം.*

*35. വിദ്യാർത്ഥി ചലച്ചിത്ര മത്സരങ്ങൾ, ഡിസ്കൗണ്ട് ടിക്കറ്റുകൾ എന്നിവയിലൂടെ യുവജന പങ്കാളിത്തം പ്രോത്സാഹിപ്പിക്കണം.*

*36. പ്രേക്ഷകരെ കൂടുതൽ ഉൾക്കൊള്ളുന്ന വേദികൾ പ്രാദേശിക ഫിലിം ഫെസ്റ്റിവലിനായി തിരഞ്ഞെടുക്കണം.*

*37. ഓൺലൈൻ പങ്കാളിത്തത്തിനായി വെർച്വൽ പ്രദർശനങ്ങളോ തത്സമയ സ്ട്രീമിംഗോ ഉപയോഗിക്കണം.*

*38. കെ.എസ്.എഫ്.ഡി.സി. ആരംഭിച്ച കേരള ഫിലിം മാർക്കറ്റിന്റെ വികസന നടപടികൾ വരും കാലങ്ങളിൽ ശക്തിയാർജ്ജിക്കണം.*

*39. ഫിലിം സൊസൈറ്റികളുടെ പുനരുജ്ജീവനത്തിനും പുതിയവ ആരംഭിക്കുന്നതിനും പ്രോത്സാഹനം നൽകാനായി ഒരു പ്രത്യേക പദ്ധതി ആവിഷ്കരിക്കണം.*

*40. സ്കൂളുകളിലും കോളേജുകളിലുമുള്ള ഫിലിം ക്ലബ്ബുകൾക്ക് സർക്കാർ പിന്തുണ നൽകണം.*

*41. സ്കൂൾ പാഠ്യപദ്ധതിയിൽ നിലവിലുള്ള വിഷയങ്ങളുമായി ബന്ധിപ്പിച്ച് ചലച്ചിത്ര പഠനം ഉൾപ്പെടുത്തണം (ചരിത്രം, സിദ്ധാന്തം എന്നിവയുടെ മൊഡ്യൂളുകൾ ഉൾപ്പെടെ).*

*42. വിമർശനാത്മക വിശകലനം പഠിപ്പിക്കുന്നതിനും പ്രൊഡക്ഷൻ പരിചയം നൽകുന്നതിനും വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കണം.*

*43. ചലച്ചിത്രവുമായി ബന്ധപ്പെട്ട മൊഡ്യൂളുകൾ പഠിപ്പിക്കുന്നതിന് അംഗീകൃത ഗവൺമെന്റ് ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് ബിരുദധാരികളെ ചുമതലപ്പെടുത്തണം.*

*44. പ്രാദേശികാടിസ്ഥാനത്തിൽ ഫിലിംസിറ്റികളുടെ നിർമ്മാണത്തിന് സംസ്ഥാനം പ്രോത്സാഹനം നൽകണം.*

*45. ഫിലിം സിറ്റികൾ/സ്റ്റുഡിയോകൾ നിർമ്മിക്കുന്നതിന് വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ് (VGF) നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ രൂപീകരിക്കണം.*

46. *എല്ലാ സിനിമാ സ്ഥാപനങ്ങളും അവരുടെ നിയമവലികൾ, അംഗത്വ പട്ടിക എന്നിവ സർക്കാരിന് സമർപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ ആവിഷ്കരിക്കണം.*

47. *ലാൻഡ് പൂളിംഗ് പദ്ധതിയിലൂടെ ഫിലിം സിറ്റി വികസിപ്പിക്കാൻ ശ്രമങ്ങൾ നടത്തണം.*

48. *അടഞ്ഞുകിടക്കുന്ന തിയേറ്ററുകളുടെ പുനരുജ്ജീവനത്തിനായി ധനകാര്യ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ സർക്കാർ ഒരു പദ്ധതി ആവിഷ്കരിക്കണം.*

49. *അടച്ചിട്ട സിനിമാശാലകൾ പുനർനിർമ്മിക്കുമ്പോൾ, നിലവിലുള്ള സോണിംഗ് ചട്ടങ്ങൾ പരിഗണിക്കാതെ, ബിൽറ്റ്-അപ്പ് ഏരിയയുടെ 30% വരെ വാണിജ്യപരമായ ഉപയോഗത്തിനായി അനുവദിക്കണം.*

50. *നിലവിലുള്ള തിയേറ്ററുകൾ നവീകരിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളുമായി സഹകരിച്ച് സർക്കാർ ഒരു പദ്ധതി ആവിഷ്കരിക്കണം.*

51. *തിയേറ്ററുകളുടെ വലുപ്പം, സൗകര്യങ്ങൾ, ഗുണനിലവാരം എന്നിവയെ ആശ്രയിച്ച് സർക്കാർ ഒരു വർഗ്ഗീകരണ സംവിധാനം (Classification System) കൊണ്ടുവരണം.*

52. *ക്രൗഡ് മാനേജ്മെന്റിന് സിവിൽ ഡിഫൻസ് പിന്തുണ സർക്കാർ നൽകണം.*

53. *ക്രമസമാധാന പ്രശ്നങ്ങളിൽ പോലീസിനെ വിന്യസിക്കണം.*

54. നിയമപരമായി അംഗീകരിച്ച ഉള്ളടക്കം പ്രദർശിപ്പിക്കാനുള്ള എക്സിബിറ്ററുടെ അവകാശം സംരക്ഷിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

55. മലയാള സിനിമയുടെ പൈതൃകം സംരക്ഷിക്കുന്നതിനായി സർക്കാർ ഒരു മലയാളം സിനിമാ ആർക്കൈവ് സ്ഥാപിക്കണം.

56. മലയാള സിനിമയുടെ ചരിത്രം പ്രദർശിപ്പിക്കുന്നതിനായി ഒരു മലയാളം സിനിമാ മ്യൂസിയം സ്ഥാപിക്കണം.

57. സർക്കാർ കൈവശമുള്ള എല്ലാ സെല്ലുലോയിഡ് ഫിലിമുകളും ഡിജിറ്റൽ ഫോർമാറ്റിൽ പുനഃസ്ഥാപിക്കണം.

58. മറ്റ് ഉടമകൾക്ക് അവരുടെ സെല്ലുലോയിഡ് സിനിമകൾ പുനഃസ്ഥാപിക്കാൻ ആവശ്യമായ പിന്തുണ സർക്കാർ നൽകണം.

59. സംസ്ഥാനത്ത് ഒരു ഓഡിയോ-വീഡിയോ ലൈബ്രറി സ്ഥാപിക്കുന്നതിന് കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിക്ക് ചുമതല നൽകണം.

60. സംസ്ഥാന പോലീസിലെ ആന്റി പൈറസി സെല്ലിനെ കൂടുതൽ ശക്തിപ്പെടുത്തണം.

61. ഓൺലൈൻ വഴിയുള്ള ഉള്ളടക്ക ചോർച്ച തടയാനായി, ഈ നയത്തിൽ നിർദ്ദേശിച്ചിട്ടുള്ള സമർപ്പിത ഡാറ്റാ കോറിഡോർ സ്ഥാപിക്കണം.

62. സംസ്ഥാനത്ത് ഉടൻ നടപ്പിലാക്കുന്ന ബൗദ്ധിക സ്വത്തവകാശ നിയമങ്ങളിൽ നിയമവിരുദ്ധമായ പ്രദർശനങ്ങൾ തടയുന്ന വ്യവസ്ഥകൾ ഉൾക്കൊള്ളിക്കണം.

*63. പൊതു ഡൊമെയ്നുകളിൽ നിന്ന് പൈറേറ്റഡ് ഉള്ളടക്കം നീക്കം ചെയ്യുന്നതിനായി ഇന്റർനെറ്റ് സേവനദാതാക്കളുമായി (ISPs) സഹകരിക്കണം.*

*64. പൊതുജനങ്ങൾക്ക് ആധികാരികവും യഥാർത്ഥവുമായ വിവരങ്ങൾ നൽകുന്നതിനായി, സിനിമാ മേഖലയുമായി ചേർന്ന് ഒരു പോർട്ടൽ സംവിധാനം രൂപീകരിക്കണം.*

*65. സിനിമയ്ക്ക് നിലവിലുള്ള സുരക്ഷാ പ്രോട്ടോക്കോളുകളും മറ്റ് നിയമപരമായ പിന്തുണാ സംവിധാനങ്ങളും വെബ് സീരീസുകൾക്കും ബാധകമാക്കണം.*

*66. സിനിമാ മേഖലയ്ക്ക് ബാധകമാകുന്ന സുരക്ഷാ നിയമ വ്യവസ്ഥകൾ ടിവി സീരിയൽ വ്യവസായത്തിനും ബാധകമാക്കണം.*

*67. എല്ലാ പ്രൊഡക്ഷൻ കമ്പനികളും സുരക്ഷാ മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.*

*68. ലൈംഗികാതിക്രമ പരാതികൾ പരിഗണിക്കുന്നതിനായി ഇന്റേണൽ കമ്മിറ്റികൾ (IC) നിർബന്ധമായി രൂപീകരിക്കണം.*

*69. ടിവി സീരിയൽ തൊഴിലാളികൾക്ക് ഇൻഷുറൻസ് കവറേജ് നിർബന്ധമാക്കണം.*

*70. ചലച്ചിത്ര പ്രവർത്തകർക്ക് സർക്കാർ ഐഡന്റിറ്റി കാർഡ് ലഭ്യമാക്കാനുള്ള നടപടികൾ ആരംഭിക്കണം.*

71. *വനിതാ പ്രവർത്തകരുടെ സുരക്ഷിതമായ യാത്രയും താമസ സൗകര്യവും ഉറപ്പാക്കേണ്ടത് നിർമ്മാതാവിന്റെ ഉത്തരവാദിത്തമായി ഉൾപ്പെടുത്തണം.*

72. *ലൊക്കേഷനുകളിൽ ആരോഗ്യകരമായ ഭക്ഷണവും പ്രഥമ ശുശ്രൂഷ സംവിധാനവും നിർമ്മാതാവ് ഉറപ്പാക്കണം.*

73. *ചലച്ചിത്രങ്ങളിൽ പ്രവർത്തിക്കുന്ന കുട്ടികളുടെ സുരക്ഷയ്ക്കായി ചൈൽഡ് പ്രൊട്ടക്ഷൻ ഗൈഡ്‌ലൈൻസ് പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കണം.*

74. *സിനിമാ വ്യവസായത്തെക്കുറിച്ചുള്ള ഗവേഷണവും വികസനവും (R&D) സർക്കാർ പ്രോത്സാഹിപ്പിക്കുകയും പ്രസക്തമായ പഠനങ്ങൾ പ്രസിദ്ധീകരിക്കുകയും വേണം.*

75. *ഐ.ഐ.ടി. പാലക്കാട്, എൻ.ഐ.ടി. കോഴിക്കോട്, കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി തുടങ്ങിയ സ്ഥാപനങ്ങളുമായി സഹകരിച്ച് ഫിലിം ടെക്നോളജിയിൽ ഗവേഷണങ്ങൾ നടത്താവുന്നതാണ്*

76. *സിനിമയുടെ നിർമ്മാണം, പ്രദർശനം എന്നിവയ്ക്ക് ബാധകമായ നിയമവ്യവസ്ഥകൾ അവലോകനം ചെയ്യുന്നതിനും പരിഷ്കാരങ്ങൾ ശുപാർശ ചെയ്യുന്നതിനും സർക്കാർ ഒരു കമ്മിറ്റി രൂപീകരിക്കണം.*

77. *ചലച്ചിത്ര നിർമ്മാണത്തിൽ വ്യക്തമായ കരാറുകൾ ഉറപ്പാക്കണം.*

78. *തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിനായി തർക്കപരിഹാര സംവിധാനങ്ങൾ സ്ഥാപിക്കണം, കൂടാതെ ചലച്ചിത്ര വ്യവസായവുമായി ബന്ധപ്പെട്ട ഒരു ട്രൈബ്യൂണലും സ്ഥാപിക്കണം.*

79. ക്രിയേറ്റീവ് കോമൺസ് ലൈസൻസുകളെക്കുറിച്ച് ചലച്ചിത്ര പ്രവർത്തകരെ ബോധവൽക്കരിക്കണം.

80. നിർമ്മാണത്തിന്റെ ഓരോ ഘട്ടത്തിലും ഗ്രീൻ പ്രോട്ടോക്കോൾ പ്രോത്സാഹിപ്പിക്കാൻ സർക്കാർ വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കണം.

81. ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്ന ചലച്ചിത്ര നിർമ്മാണങ്ങൾക്ക് സർക്കാർ പ്രഖ്യാപിക്കുന്ന സാമ്പത്തിക ആനുകൂല്യങ്ങളിൽ മുൻഗണന നൽകണം.

82. ചലച്ചിത്ര വ്യവസായവുമായി ബന്ധപ്പെട്ട ഡാറ്റയുടെ ഒരു കേന്ദ്രീകൃത ശേഖരം KSFDC-യിൽ സ്ഥാപിക്കണം.

83. ഈ ഡാറ്റയുടെ അടിസ്ഥാനത്തിൽ വ്യവസായത്തിന്റെ വാർഷിക അവലോകനം (Annual Review) KSFDC പ്രസിദ്ധീകരിക്കണം.

84. സിനിമാ വ്യവസായത്തിനായുള്ള സുരക്ഷാ മാനദണ്ഡങ്ങൾ വികസിപ്പിക്കുന്നതിന് നാഷണൽ സേഫ്റ്റി കൗൺസിൽ ഓഫ് ഇന്ത്യയുമായി കൂടിയാലോചനകൾ നടത്തണം.

85. നയത്തിൽ ഉത്തരവാദിത്തം പ്രത്യേകം വ്യക്തമാക്കിയിട്ടില്ലെങ്കിൽ, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനും കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിക്കും ആയിരിക്കും നിയന്ത്രണ ചുമതല.

86. നയത്തിലെ അവ്യക്തതകൾക്ക് സർക്കാരിലെ സാംസ്കാരിക കാര്യ വകുപ്പിന് വ്യക്തത വരുത്താനുള്ള അധികാരമുണ്ടായിരിക്കും.

*87. അനേകകോടി രൂപയുടെ വ്യവസായം ഇന്ന് കൾച്ചറൽ ക്രിയേറ്റീവ് ഇൻഡസ്ട്രിയായി മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കേരള സംസ്ഥാന ഫിലിം ഡയറക്ടറേറ്റ് രൂപീകരിക്കാവുന്നതാണ്.*

*88. ഷൂട്ടിംഗ് സൈറ്റുകളിൽ ആവശ്യമെങ്കിൽ (ഫിലിം /സിരിയൽ ഒരു വനിതാ CPOയുടെയും ഒരു പുരുഷ CPOയുടെയും സാന്നിധ്യം ലോക്കൽ പോലീസ് സ്റ്റേഷനിലെ SHO-യുടെ നിരീക്ഷണത്തിൽ ഉറപ്പ് വരുത്തേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ SHO നൽകുന്ന റിപ്പോർട്ടിന് നിയമസാധുത നൽകേണ്ടതാണ്. ഇത് തൊഴിലിടങ്ങളിലെ നിയമലംഘനങ്ങൾക്ക് കടിഞ്ഞാണിടാൻ സഹായിക്കുന്നതാണ്.*

*89. ജൂനിയർ ആർട്ടിസ്റ്റുകൾക്ക് അവരുടെ വേതനം കൃത്യമായ രീതിയിൽ കിട്ടുന്നതിനുതകുന്ന രീതിയിൽ, ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് രജിസ്ട്രേഷൻ സംവിധാനം നിലവിൽ വരുത്തേണ്ടതും വേതനം കൃത്യമായി ലഭിക്കുന്നതിന് വേണ്ടി ലേബർ വകുപ്പുമായി ചേർന്ന് നടപടികൾ സ്വീകരിക്കേണ്ടതും ആണ്.*

*90. സാംസ്കാരിക പ്രവർത്തകർക്കുള്ള ക്ഷേമനിധി ബോർഡ് കാലോചിതമായ പുന:സംഘടിപ്പിക്കുന്നതോടൊപ്പം കൂടുതൽ മെച്ചപ്പെട്ട ആനുകൂല്യ വിതരണവും ലക്ഷ്യമിടുന്നു.*

*91. അന്യഭാഷ ചിത്രങ്ങൾക്ക് മതിയായ പ്രോത്സാഹനവും രജിസ്ട്രേഷനും ബന്ധപ്പെട്ട അനുമതികളും സുഗമമാക്കുന്നതിന് അതിവേഗം നടപടി സ്വീകരിക്കേണ്ടതാണ്.*

*92. സർക്കാർ ഉടമസ്ഥതയിലുള്ള തീയേറ്ററുകൾക്ക് മുൻകൂർ സാമ്പത്തിക നിബന്ധനകൾ ഇല്ലാതെ സിനിമകൾ വിതരണം ചെയ്യുക*

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 13-03-2026**

ഫയൽ നം. ബി3/28/2026/സാം.കാ.വ. ഇനം നം: 3925

വിഷയം : സാംസ്കാരികകാര്യ വകുപ്പ് - ചലച്ചിത്ര മേഖലയിലെ എല്ലാ വിഭാഗങ്ങളിലേയും വ്യക്തികളുമായി ചർച്ച ചെയ്തതിന്റെയും സിനിമാ കോൺക്ലേവിൽ പങ്കുവെച്ച ആശയങ്ങളും പൊതുജനങ്ങളിൽ നിന്നും സ്വരൂപിച്ച അഭിപ്രായങ്ങളും കണക്കിലെടുത്ത് തയ്യാറാക്കിയ കേരള സംസ്ഥാന ചലച്ചിത്ര നയത്തിന്റെ കരട് അംഗീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്.

# കേരള സർക്കാർ

## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | : ബി3/28/2026-സാം.കാ.വ. |
| 2. | വകുപ്പ് | : സാംസ്കാരികകാര്യ (ബി) വകുപ്പ് |
| 3. | വിഷയം | : ചലച്ചിത്ര മേഖലയിലെ എല്ലാ വിഭാഗങ്ങളിലേയും വ്യക്തികളുമായി ചർച്ച ചെയ്തതിന്റെയും സിനിമാ കോൺക്ലേവിൽ പങ്കുവെച്ച ആശയങ്ങളും പൊതുജനങ്ങളിൽ നിന്നും സ്വരൂപിച്ച അഭിപ്രായങ്ങളും കണക്കിലെടുത്ത് തയ്യാറാക്കിയ കേരള സംസ്ഥാന ചലച്ചിത്ര നയത്തിന്റെ കരട് അംഗീകരിക്കുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 07.03.2026 |
| 5. | i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : ഇല്ല. |
| | ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ-യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഇല്ല. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | : ഇല്ല. |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : ശ്രീമതി രജനി എം. |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ. രാജൻ നാംദേവ് ഖോബ്രഗഡെ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 11.03.2026 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ. എ. ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 12.03.2026 |

12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് : ശ്രീ. സജി ചെറിയാൻ

13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി : 12.03.2026

14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി : 12.03.2026

15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി :

16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് കത്തിന്റെ നമ്പറും തീയതിയും. :

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

600 ഓളം ചലച്ചിത്ര പ്രവർത്തകർ പങ്കെടുത്ത സിനിമാ കോൺക്ലേവിൽ പങ്കുവെച്ച അഭിപ്രായങ്ങളുടെയും പൊതുജനങ്ങളിൽ നിന്ന് ശേഖരിച്ച അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിൽ സമാഹരിച്ച് ലഭ്യമാക്കിയ സമീപന രേഖയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കേരള സംസ്ഥാന ചലച്ചിത്ര നയത്തിന്റെ കരട് മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിനെക്കുറിച്ചാണ് ഈ കുറിപ്പ്.

2. സംസ്ഥാന സർക്കാരിന്റെ ചലച്ചിത്ര നയം തയ്യാറാക്കുന്നതിനുള്ള ആശയങ്ങൾ രൂപീകരിക്കുന്നതിനായി യശ:ശരീരനായ ചലച്ചിത്രകാരൻ ഷാജി എൻ. കരുൺ അദ്ധ്യക്ഷനായി ഒരു സമിതി രൂപീകരിച്ചിരുന്നു. പ്രസ്തുത സമിതി സിനിമാ മേഖലയിലെ 75 ഓളം സംഘടനകളുമായി നിരവധി ഘട്ടങ്ങളിലായി ചർച്ചകൾ നടത്തുകയും സിനിമാ മേഖലയുമായി ബന്ധപ്പെട്ട എല്ലാ വിഭാഗങ്ങളിലുംപെടുന്ന 500-ഓളം വ്യക്തികളുമായി മുഖാമുഖം നടത്തുകയും ചെയ്തിരുന്നു. ഈ ആശയ വിനിമയങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞ അഭിപ്രായങ്ങൾ ചർച്ചാ കുറിപ്പുകളായി 2025 ആഗസ്റ്റ് 2, 3 തീയതികളിൽ തിരുവനന്തപുരത്ത് വച്ച് നടത്തിയ കേരള ഫിലിം പോളിസി കോൺക്ലേവിൽ അവതരിപ്പിക്കുകയുണ്ടായി. പ്രസ്തുത കോൺക്ലേവിന്റെ അടിസ്ഥാനത്തിൽ സർക്കാർ 2 മാസത്തിനകം തന്നെ സിനിമാ നയം രൂപീകരിക്കുന്നതാണെന്ന് ഹേമ കമ്മിറ്റി റിപ്പോർട്ടുമായി ബന്ധപ്പെട്ട കേസുകളിൽ സർക്കാർ ബഹു. ഹൈക്കോടതിയെ അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്.

3. 600-ഓളം ചലച്ചിത്ര പ്രവർത്തകർ പങ്കെടുത്ത ഫിലിം പോളിസി കോൺക്ലേവിൽ പങ്കുവെച്ച അഭിപ്രായങ്ങളും തുടർന്ന് ഇതു സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും സ്വരൂപിച്ച അഭിപ്രായങ്ങളും ക്രോഡീകരിച്ച് ലഭ്യമാക്കിയ സമീപന രേഖയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ നയരേഖ ചലച്ചിത്ര നയത്തിന്റെ കരട് നയരൂപീകരണ സമിതി സർക്കാരിൽ സമർപ്പിച്ചിരുന്നു. ആയത് വകുപ്പ് വിശദമായി പരിശോധിക്കുകയും സംസ്ഥാന സർക്കാരിന്റെ ചലച്ചിത്ര നയത്തിന്റെ കരട് തയ്യാറാക്കുകയും ചെയ്തു. പ്രസ്തുത കരട് നയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ബഹു. മുഖ്യമന്ത്രി

ഉത്തരവായിരുന്നു.

4. ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവ് പ്രകാരം കേരള സംസ്ഥാന ചലച്ചിത്ര നയത്തിന്റെ കരട് അംഗീകരിക്കുന്നതിന് മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്കുള്ള കരട് കുറിപ്പുകൾ (ഇംഗ്ലീഷ് & മലയാളം) സഹിതം ഫയൽ സമർപ്പിച്ചപ്പോൾ നിയമ വകുപ്പുമായും, വ്യവസായം, ഊർജ്ജം, ധനകാര്യം, നികുതി, തൊഴിൽ, ടൂറിസം, പൊതു വിദ്യാഭ്യാസം തുടങ്ങി ബന്ധപ്പെട്ട എല്ലാ വകുപ്പുകളുമായും കൂടിയാലോചിച്ച് അവരുടെ അഭിപ്രായം കൂടി ഉൾപ്പെടുത്തി മന്ത്രിസഭാകുറിപ്പ് പുതുക്കി സമർപ്പിക്കുന്നതിന് ചീഫ് സെക്രട്ടറി ഉത്തരവായിരുന്നു.

5. ഇതു സംബന്ധിച്ച് ബഹു. സാംസ്കാരിക വകുപ്പ് മന്ത്രിയുടെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"ചീഫ് സെക്രട്ടറി നിർദ്ദേശിച്ച പ്രകാരം എല്ലാ വകുപ്പുകളുമായി കൂടിയാലോചിച്ച് അവരുടെ അഭിപ്രായങ്ങൾ ഉൾപ്പെടുത്തി മന്ത്രിസഭാ കുറിപ്പുകൾ തയ്യാറാക്കി സമർപ്പിക്കുന്നത് വളരെയധികം കാലതാമസമുണ്ടാക്കുമെന്നതിനാൽ കേരള സംസ്ഥാന ചലച്ചിത്ര നയം സമയബന്ധിതമായി പുറപ്പെടുവിക്കുക എന്ന ഉദ്ദേശ്യം സാദ്ധ്യമല്ലാതാകുന്നതാണ്. നയത്തിലെ ഭൂരിഭാഗം വിഷയങ്ങളും സാംസ്കാരിക വകുപ്പ് മാത്രമായി നടപ്പാക്കേണ്ടതാണ്. വളരെ കുറച്ച് ഇനങ്ങൾ മാത്രമാണ് മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ടത്. അത്തരം ഇനങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങളും അഭിപ്രായങ്ങളും നയം മന്ത്രിസഭയിൽ ചർച്ച ചെയ്യുമ്പോൾ ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാർക്ക് അവതരിപ്പിക്കാവുന്നതാണ്.

നിരവധി ഘട്ടങ്ങളായുള്ള ചർച്ചകളും കൂടിയാലോചനകളും വിപുലമായി നടത്തിയ സിനിമാ കോൺക്ലേവും ജനങ്ങളിൽ നിന്നുള്ള അഭിപ്രായ ശേഖരണവും ഉൾപ്പെടെ ദീർഘമായ നടപടിക്രമങ്ങൾക്ക് ശേഷം തയ്യാറാക്കിയ സംസ്ഥാന ചലച്ചിത്ര നയവുമായി ബന്ധപ്പെട്ട മന്ത്രിസഭാ കുറിപ്പുകൾ എല്ലാ വകുപ്പുകളുമായും കൂടിയാലോചിച്ച് അവരുടെ അഭിപ്രായം കൂടി ഉൾപ്പെടുത്തിയശേഷം സമർപ്പിക്കണമെന്ന നിർദ്ദേശം മറികടന്ന്, മന്ത്രിസഭയുടെ അടിയന്തിര പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ഫയൽ ബഹു. മുഖ്യമന്ത്രിയ്ക്ക്

സമപ്പിച്ചപ്പോൾ ബഹു. മുഖ്യ മന്ത്രി ചുവടെ ചേർക്കും പ്രകാരം ഉത്തരവായി."

"10.02.2026-ന് ചേരുന്ന മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുക."

6. ഈ ഉത്തരവിൽ പ്രകാരം പുതുക്കിയ കരട് കുറിപ്പുകൾ സമർപ്പിച്ചപ്പോൾ "നിയമവകുപ്പുമായും, വ്യവസായം, ഊർജ്ജം, ധനകാര്യം, നികുതി, തൊഴിൽ, ടൂറിസം, പൊതു വിദ്യാഭ്യാസം തുടങ്ങി ബന്ധപ്പെട്ട എല്ലാ വകുപ്പുകളുമായും കൂടിയാലോചിച്ച് അവരുടെ അഭിപ്രായം കൂടി ഉൾപ്പെടുത്തി മന്ത്രസഭാകുറിപ്പ് പുതുക്കി സമർപ്പിക്കണമെന്ന നിർദ്ദേശത്തെ മറികടന്നുകൊണ്ട് എന്നുകൂടി തീരുമാനമെടുക്കേണ്ട വിഷയത്തിൽ ഉൾപ്പെടുത്തി സമർപ്പിക്കുക." എന്ന് ചീഫ് സെക്രട്ടറി ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

ചലച്ചിത്ര മേഖലയിലെ എല്ലാ വിഭാഗങ്ങളിലേയും വ്യക്തികളുമായി ചർച്ച ചെയ്തതിന്റെയും സിനിമാ കോൺക്ലേവിൽ പങ്കുവെച്ച ആശയങ്ങളും പൊതുജനങ്ങളിൽ നിന്നും സ്വരൂപിച്ച അഭിപ്രായങ്ങളും കണക്കിലെടുത്ത് തയ്യാറാക്കിയ കേരള സംസ്ഥാന ചലച്ചിത്ര നയത്തിന്റെ കരട്, നിയമ വകുപ്പുമായും, വ്യവസായം, ഊർജ്ജം, ധനകാര്യം, നികുതി, തൊഴിൽ, ടൂറിസം, പൊതുവിദ്യാഭ്യാസം തുടങ്ങി ബന്ധപ്പെട്ട എല്ലാ വകുപ്പുകളുമായും കൂടിയാലോചിച്ച് അവരുടെ അഭിപ്രായം കൂടി ഉൾപ്പെടുത്തി മന്ത്രിസഭാകുറിപ്പ് പുതുക്കി സമർപ്പിക്കണമെന്ന നിർദ്ദേശത്തെ മറികടന്നുകൊണ്ട് അംഗീകരിക്കാമോ?

# GOVERNMENT OF KERALA

## (SHRI. PINARAYI VIJAYAN MINISTRY)
## NOTE FOR THE COUNCIL OF MINISTERS

| | | |
|---|---|---|
| 1. File No | : | B3/28/2026/CLAD |
| 2. Department | : | Cultural Affairs (B) Department |
| 3. Subject | : | The Approval of the draft of the Kerala State Film Policy prepared after discussions with individuals from all categories of the film field, taking into account the ideas shared at the Cinema Conclave and the opinions gathered from the Public – Regarding. |
| 4. Date of Chief Minister's Order for placing before the Council | : | 07.03.2026 |
| 5. Does the case involve financial commitments/implications and if so, has the Finance Department been consulted and their remarks incorporated in the Note for the Council? | : | No |
| 6. Are any other departments concerned with the case and if so, have they been consulte and their remarks incorporated in the Note for the Council | : | No |
| 7. Name of Joint Secretary who submitted the Draft Note | : | Smt. Rajani M. |
| 8. Name of Additional Chief Secretary who approved the Draft Note | : | Dr. Rajan Namdev Khobragade |
| 9. Date of approval of the Draft Note for the Council by the Additional Chief Secretary | : | 11.03.2026 |
| 10. Name of Chief Secretary who approved the Draft Note | : | Dr. A. Jayathilak |
| 11. Date of approval of the Draft Note for the Council by the Chief Secretary | : | 12.03.2026 |
| 12. Name of Minister who approved the Draft Note | : | Sri. Saji Cherian |
| 13. Date of approval of the Draft Note for the Council by the Minister | : | 12.03.2026 |
| 14. Date of submission of fair copies | : | 12.03.2026 |
| 15. Date of decision by the Council of Ministers | : | |
| 16. Number and date of the G.O/letter communicating the decision | : | |

<u>**Note for the Council of Ministers**</u>

This note deals with the approval of the draft of the Kerala State Film Policy, prepared on the basis of the approach document compiled and made available based on the opinions shared at the Cinema Conclave attended by about 600 representatives from the film field and the opinions collected from the public.

2. A committee was formed under the chairmanship of veteran filmmaker Shaji N. Karun to formulate ideas for the formulation of the Kerala State Film Policy. The committee held discussions with about 75 film industry organizations in several rounds and met with about 500 individuals from the film industry. The opinions derived from these discussions were presented as discussion notes at the Kerala Film Policy Conclave held on 2025 August 2, 3 at Thiruvananthapuram. The Government had also submitted before the Hon'ble High Court, in the cases related to the Hema Committee Report, that a Film Policy would be formulated within two months based on the said Conclave.

3. The draft of the Kerala State Film Policy, prepared on the basis of the approach document compiled and made available at the Film Policy Conclave attended by about 600 representatives from the film industry and the comments collected from the public in this regard, was submitted to the Government by the Policy Formulation Committee. When the draft policy was submitted, the Hon'ble Chief Minister ordered to place the matter before the Cabinet.

4. As per the order of the Hon'ble Chief Minister, the draft of the Kerala State Film Policy along with the draft notes (English & Malayalam) were submitted for the consideration of the Cabinet meeting for approval. The Chief Secretary directed that the Cabinet Note be revised and resubmitted after consulting with all the concerned departments, including Law, Industry, Power,

Finance, Taxes, Labour, Tourism, and General Education and incorporating their opinions.

5. In this regard the Hon'ble Minister, Culture remarked as follows;

"ചീഫ് സെക്രട്ടറി നിർദ്ദേശിച്ച പ്രകാരം എല്ലാ വകുപ്പുകളുമായി കൂടിയാലോചിച്ച് അവരുടെ അഭിപ്രായങ്ങൾ ഉൾപ്പെടുത്തി മന്ത്രിസഭാ കുറിപ്പുകൾ തയ്യാറാക്കി സമർപ്പിക്കുന്നത് വളരെയധികം കാലതാമസമുണ്ടാക്കുമെന്നതിനാൽ കേരള സംസ്ഥാന ചലച്ചിത്ര നയം സമയബന്ധിതമായി പുറപ്പെടുവിക്കുക എന്ന ഉദ്ദേശ്യം സാദ്ധ്യമല്ലാതാകുന്നതാണ്. നയത്തിലെ ഭൂരിഭാഗം വിഷയങ്ങളും സാംസ്കാരിക വകുപ്പ് മാത്രമായി നടപ്പാക്കേണ്ടതാണ്. വളരെ കുറച്ച് ഇനങ്ങൾ മാത്രമാണ് മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ടത്. അത്തരം ഇനങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങളും അഭിപ്രായങ്ങളും നയം മന്ത്രിസഭയിൽ ചർച്ച ചെയ്യുമ്പോൾ ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാർക്ക് അവതരിപ്പിക്കാവുന്നതാണ്.

നിരവധി ഘട്ടങ്ങളായുള്ള ചർച്ചകളും കൂടിയാലോചനകളും വിപുലമായി നടത്തിയ സിനിമാ കോൺക്ലേവും ജനങ്ങളിൽ നിന്നുള്ള അഭിപ്രായ ശേഖരണവും ഉൾപ്പെടെ ദീർഘമായ നടപടിക്രമങ്ങൾക്ക് ശേഷം തയ്യാറാക്കിയ സംസ്ഥാന ചലച്ചിത്ര നയവുമായി ബന്ധപ്പെട്ട മന്ത്രിസഭാ കുറിപ്പുകൾ എല്ലാ വകുപ്പുകളുമായും കൂടിയാലോചിച്ച് അവരുടെ അഭിപ്രായം കൂടി ഉൾപ്പെടുത്തിയശേഷം സമർപ്പിക്കണമെന്ന നിർദ്ദേശം മറികടന്ന്, മന്ത്രിസഭയുടെ അടിയന്തിര പരിഗണനയ്ക്ക് വയ്ക്കാവുന്നതാണ്. ബഹു. മുഖ്യമന്ത്രി കണ്ടാലും."

6. When the file submitted for orders, the Hon'ble Chief Minister ordered as follows:

"10.02.2026-ന് ചേരുന്ന മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുക."

When the file submitted with revised draft, Chief Secretary ordered as follows;

" നിയമ വകുപ്പുമായും, വ്യവസായം, ഊർജ്ജം, ധനകാര്യം, നികുതി, തൊഴിൽ, ടൂറിസം, പൊതു വിദ്യാഭ്യാസം തുടങ്ങി ബന്ധപ്പെട്ട എല്ലാ വകുപ്പുകളുമായും കൂടിയാലോചിച്ച് അവരുടെ അഭിപ്രായം കൂടി ഉൾപ്പെടുത്തി മന്ത്രിസഭാകുറിപ്പ് പുതുക്കി സമർപ്പിക്കണമെന്ന നിർദ്ദേശത്തെ മറികടന്നുകൊണ്ട് എന്നുകൂടി തീരുമാനമെടുക്കേണ്ട വിഷയത്തിൽ ഉൾപ്പെടുത്തി സമർപ്പിക്കുക."

## Points for decision

Whether the draft Kerala State Film Policy, which was prepared after discussions with representatives from all categories of the film field, the ideas shared at the Cinema Conclave, and the opinions collected from the Public, may be approved, bypassing the direction to resubmit it to the Cabinet after consulting all the concerned departments including the Law, Industry, Power, Finance, Taxes, Labour, Tourism, General Education Departments and incorporating their views?